തിരുവിതാംകൂർ

# ഭൂമിശാസ്ത്രം.

രണ്ടാംഭാഗം (നാലാം ക്ലാസ്സിലേയ്ക്കു്.)

(1111-ൽ പുതുക്കി പരിശോധിച്ചു് പരിഷ്കരിച്ച പതിപ്പു്.)

സി. ആർ. കൃഷ്ണപിള്ള ബി. എ., എൽ. റ്റി.

ഭൂമിശാസ്ത്രപുസ്തകങ്ങൾ. പുസ്തകം നം.

തിരുവിതാംകൂർ

# ഭൂമിശാസ്ത്രം.

## രണ്ടാം ഭാഗം.

---

സി. ആർ. കൃഷ്ണപിള്ള ബി. എ., എൽ. ററി.

---

പടങ്ങളോടുകൂടി

(1111-ൽ പുതുക്കി പരിശോധിച്ചു പരിഷ്കരിച്ച പതിപ്പ്.)

---

എസ്സ്. ആർ. ബുക്കഡിപ്പോ,
തിരുവനന്തപുരം.

---

വില ചക്രം ൧.

ഗ്രന്ഥകർത്താവിൻെറ മുദ്രയില്ലാത്ത പുസ്തകം വ്യാജനിർമ്മിതമാകുന്നു.


1111-ൽ പുതുക്കിയ

൩-ാം പതിപ്പ്—കാപ്പി ൩൦൦൦.

വി. വി. പ്രെസ്സ്—കൊല്ലം.

1112.

# തിരുവിതാംകൂർസംസ്ഥാനം


കോയമ്പത്തൂർ
കൊച്ചിസംസ്ഥാനം
ചാലക്കുടിയാറ്
മധുരജില്ല
തിരുനൽവേലി
കോട്ടയം
ചങ്ങനാശ്ശേരി
മീനച്ചൽ
പത്തനംതിട്ട
വേമ്പനാട്ടുകായൽ
ആലപ്പുഴ
അമ്പലപ്പുഴ
കാർത്തികപ്പള്ളി
കായംകുളംകായൽ
കരുനാഗപ്പള്ളി
അഷ്ടമുടിക്കായൽ
തങ്കശ്ശേരി
കഠിനംകുളംകായൽ
വേളിക്കായൽ
കോവളം
മണക്കുടിക്കായൽ
താലൂക്കഅതിര്
നദി
കായലും തോടും
റോഡ്

# തിരുവിതാംകൂർ

# ഭൂമിശാസ്ത്രം.

## രണ്ടാം ഭാഗം.

---

## അദ്ധ്യായം ൧.

---

### സാധാരണസ്ഥിതി.

ഈ സംസ്ഥാനം ഇൻഡ്യയുടെ സ്വൎഗ്ഗസ്ഥാനമാണെന്ന് ദേശസഞ്ചാരിയായ ഒരു മഹാൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. പല രാജ്യങ്ങളിലും ചുററിസ്സഞ്ചരിച്ച്, അവിടങ്ങളിലെ സ്ഥിതികളെ നല്ലവണ്ണം പൎയ്യാലോചന ചെയ്തിട്ടുള്ള ഒരാളാണ് ഇദ്ദേഹം. കിടപ്പും, ശീതോഷ്ണാവസ്ഥയും, വിളവുകളും ജനങ്ങളുടെ സ്ഥിതിയും മററും ഓൎത്താൽ ഇൻഡ്യയെ കേവലം ഒരു രാജ്യമെന്നു പറഞ്ഞാൽ പോരാ; ഒരു പ്രത്യേക ഭൂഖണ്ഡമെന്ന പേരിനു ഇതിന് അൎഹതയുള്ളതാണ്. ഇങ്ങനെയിരിക്കുന്ന ഇൻഡ്യയുടെ സ്വൎഗ്ഗസ്ഥാനമാണ്, തിരുവിതാംകൂർ എന്നു പറയണമെങ്കിൽ എത്രമാത്രം പ്രകൃതിമാഹാത്മ്യം തിരുവിതാംകൂറിന് ഉണ്ടായിരിക്കണം. ഈ സംസ്ഥാനം സമുദ്രത്തിൻേറയും മലയുടേയും ഇടയ്ക്കു കിടക്കുന്നു. അതിനാൽ ഇവിടെ കുന്ന്, കുഴി, മൈതാനം മുതലായ പലവിധ പ്രദേശങ്ങൾ ഉണ്ട്. ആകെ സ്വഭാവം നോക്കിയാൽ ഈ സംസ്ഥാനത്തെ മുഴുവൻ രണ്ടുഭാഗങ്ങളായി ഗണിക്കാം.


൧. മിക്കവാറും പരന്ന പടിഞ്ഞാറൻ തീരദേശം.

൨. കുന്നും കുഴിയും ഇടകലൎന്ന കിഴക്കൻ മലനാട്.

കടൽക്കരയിൽ നിന്നും ഉള്ളിലോട്ട് ഏകദേശം പത്തു മൈൽ വീതിയിൽ ഒരു അതിരു പിടിച്ചാൽ ഈ രണ്ടുഭാഗങ്ങളേയും മിക്കവാറും വേറുതിരിക്കാവുന്നതാണ്. മലനാട്ടിന്നു തീരദേശത്തേക്കാൾ മൂന്നിരട്ടി വലിപ്പമുണ്ട്. തീരദേശത്തിൻെറ കിഴക്കേഭാഗവും മലനാട്ടിൻെറ പടിഞ്ഞാറേഭാഗവും കൂട്ടിച്ചേൎത്ത് ഇടനാട് എന്ന് ഒരു പ്രത്യേകഭാഗവും സങ്കല്പിക്കാവുന്നതാണ്.

ഇവയ്ക്കുള്ളിൽ ചിതറിക്കിടക്കുന്ന ആറ്, തോട്ട്, കായൽ മുതലായ ജലാശയങ്ങൾ വിശേഷമായ അലങ്കാരങ്ങൾ, ആണ്. ഭൂതലത്തിലെ വിളവുകളും ഒട്ടും അപ്രസിദ്ധങ്ങളല്ല. പടിഞ്ഞാറേ തീരം മുതൽ കിഴക്കോട്ട് തെങ്ങ്, കമുക്, പ്ലാവ്, മാവ് മുതലായ വൃക്ഷങ്ങളും നല്ലമുളക്, ഏലം, ഇഞ്ചി, തേയില മുതലായ ചെടികളും ഇവിടെ ധാരാളമായി ഉണ്ടാകുന്നു. ഇവിടത്തെ ജനങ്ങളുടെ ആകൃതി, പ്രകൃതി, ഗുണങ്ങൾ മുതലായവയും പ്രത്യേകരീതിയിലുള്ളവയാണ്. ചുരുങ്ങിയ വിധത്തിലുള്ള അന്നപാനാദികളും, വസ്ത്രധാരണം മുതലായ അലങ്കാരങ്ങളും, വിവാഹം മുതലായ സമുദായാചാരങ്ങളും, അയൽവാസികളുടെ സമ്പ്രദായങ്ങളിൽനിന്ന് എത്രയോ വ്യത്യസ്തങ്ങളായിരിക്കുന്നു. ഇങ്ങനെ പലവിധത്തിലും വിശേഷവിധിയോടുകൂടിയ ഒരു ചെറിയ രാജ്യമാകുന്നു ഇത്. എവിടെ നോക്കിയാലും സദാ പച്ചനിറത്തോടുകൂടിയ കാഴ്ചകൾ കാണാം. മനുഷ്യരുടെ ഉപജീവനത്തിനും സുഖാനുഭവത്തിനും ഉതകുന്നവയായ അനേകം സാധനങ്ങൾ ഇവിടെ വളരുന്നുണ്ട്. ആകൃതിയിൽ ചെറുതെങ്കിലും ഇതു വളരെ പുരാതനമായിട്ടുള്ള സംസ്ഥാനമാണ്. പണ്ടുപണ്ടേ ഏർപ്പെടുത്തപ്പെട്ടിട്ടുള്ളവയും എല്ലാംകൊണ്ടും നന്നെന്നു പൊതുജനസമ്മതമുള്ളവയുമായ അനേക ചട്ടവട്ടങ്ങൾ ഇപ്പോഴും നടപ്പിലിരിക്കുന്നു. എന്നാൽ പഴയ ചട്ടവട്ടങ്ങളെ എല്ലാം സ്വീകരിച്ചിരിക്കുന്നു എന്നു പറവാൻ പാടില്ല. കാലദേശാനുകൂലമായ വിധത്തിൽ രാജ്യത്തിനും ജനങ്ങൾക്കും ശ്രേയസ്കരങ്ങളായ പല നവീനപരിഷ്കാരങ്ങളും പ്രചാരത്തിൽ വരുന്നുണ്ട്. ഈ സംഗതികൾ വളരെ ശതവർഷങ്ങളായി തുടരെത്തുടരെ മഹാരാജാക്കന്മാരാൽ ഭരിക്കപ്പെട്ടുവരുന്ന തിരുവിതാംകൂറിനെ സന്ദർശിക്കുന്ന പാരദേശികനായ ഏതൊരാളിന്റെ മനസ്സിനെയാണ് വിസ്മയിപ്പിക്കാതിരിക്കുന്നത്.

ഈ സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ പേർ തിരുവിതാംകൂർ എന്നാകുന്നു. തിരുവിതാംകോട് എന്നും പറയും. ഇത് ശ്രീവാഴുംകോട്. (ഐശ്വര്യത്തിന്റെ ഇരിപ്പിടം) എന്നതിന്റെ തത്ഭവമാകുന്നു. ഇവ കൂടാതെ വഞ്ചിഭൂമി, വഞ്ചിദേശം, വേണാട്, തൃപ്പാപ്പൂർ രാമരാജ്യം, ധർമ്മഭൂമി എന്ന മററു പേരുകളും ഉണ്ട്. ഇംഗ്ലീഷുകാർ പറഞ്ഞു വരുന്ന ട്രാവൻകൂർ എന്നത് "തിരുവിതാംകൂറിന്റെ" ഒരു രൂപഭേദമത്രേ. പരശുരാമക്ഷേത്രം, കേരളം, മലബാർ, മലങ്കര എന്നിവ ഈ സംസ്ഥാനവും കൂടി ഉൾപ്പെട്ട മലയാളരാജ്യത്തിന്റെ പൊതുപ്പേരുകൾ ആകുന്നു.


തിരുവിതാംകൂർ
സംസ്ഥാനം
സ്കേയിൽ ൧ ഇഞ്ച് = ൨൩ മൈൽ.
സമുദ്രതീരം
മലനാട്
ഇടനാട്
കൊടുമുടി

## കിടപ്പും അതിരുകളും.

ഇതു് ഹിന്ദുക്കളുടെ ഇരിപ്പിടമായ ഭാരതഖണ്ഡത്തിന്റെ (ഇൻഡ്യാരാജ്യത്തിന്റെ) തെക്കേ അററത്തു സഹ്യപർവതത്തിന്റെ പടിഞ്ഞാറുവശത്തു തെക്കുവടക്കായി കിടക്കുന്നു. ഇതിന്റെ കിഴക്കേ അതിൎത്തി സഹ്യപർവതവും പടിഞ്ഞാറേതു സമുദ്രവുമാണു്. മധുര തിരുനൽവേലി ഈ ജില്ലകൾ പർവതത്തിന്റെ കിഴക്കുഭാഗത്തു കിടക്കുന്നു. വടക്കുവശവും മുക്കാലും മലകളാണു്. മലകൾക്കപ്പുറം വടക്കു കോയമ്പത്തൂർജില്ലയും കൊച്ചീസംസ്ഥാനവുമാണു്. പടിഞ്ഞാറേവശം തെക്കോട്ടു പോകുംതോറും ക്രമേണ കിഴക്കോട്ടു ചരിഞ്ഞു ചരിഞ്ഞു തെക്കുകിഴക്കേ അററം സമുദ്രത്തിലേയ്ക്കു് ഉന്തിനില്ക്കുന്ന ഒരു കോടിയായി അവസാനിച്ചിരിക്കുന്നു. ഇതാണു് പ്രസിദ്ധപ്പെട്ട 'കന്യാകുമാരി' കോടി. ചുരുക്കിപ്പറഞ്ഞാൽ സംസ്ഥാനത്തിന്റെ വടക്കും കിഴക്കും മലകളും തെക്കും പടിഞ്ഞാറും സമുദ്രവും ആണു്. വടക്കുപടിഞ്ഞാറേക്കോണിൽ തിരുവിതാംകൂറിന്റെ ഒരു ചെറിയഭാഗം കൊച്ചീസംസ്ഥാനത്തിന്റെ ഉള്ളിൽ കടന്നുകിടക്കുന്നു. ആ കോണിൽതന്നെ ചിലേടത്തു കൊച്ചിയുടെ അംശങ്ങൾ തിരുവിതാംകൂറിന്റെ ഉള്ളിലും കിടപ്പുണ്ടു്. കിഴക്കുവശത്തു് ഏകദേശം മദ്ധ്യത്തിലായി മലകൾക്കപ്പുറത്തു തിരുവിതാംകൂറിന്റെ ഒരു ഭാഗം (ചെങ്കോട്ട) തിരുനൽവേലിയിൽ ഉന്തിനില്ക്കുന്നു.

## വിസ്തീൎണ്ണത.

തെക്കേഅററംമുതൽ വടക്കേഅററംവരെയുള്ള നീളം ൧൭൪-മൈൽ ആകുന്നു. കൂടുതൽ വീതി ൭൫-മൈൽ ആണു്. വടക്കുനിന്നു തെക്കോട്ടു വരുന്തോറും വീതി ക്രമേണ കുറഞ്ഞുവരുന്നു. ശരാശരി വീതി ഏകദേശം ൪൦-മൈൽ ആണു്. പടിഞ്ഞാറുവശത്തു വടക്കേ അററംമുതൽ സമുദ്രതീരത്തുകൂടി തെക്കേഅററത്തുവന്നു് അവിടുന്നു കിഴക്കൻമലകളുടെ മേൽഭാഗത്തുകൂടി വടക്കേഅററത്തെത്തി പടിഞ്ഞാറോട്ടു പോയി അതിൎത്തിവഴി സഞ്ചരിച്ചു തിരിച്ചു സ്ഥലത്തു ചെന്നെത്തുന്നതിനു് ൭൦൦-മൈൽ ദൂരമുണ്ടു്. ഈ ൭൦൦-മൈൽ ദൂരത്തെ തിരുവിതാംകൂറിന്റെ ചുററളവെന്നു പറയുന്നു. ഈ ചുററളവിനകത്തുൾപ്പെട്ട സംസ്ഥാനത്തിന്റെ ക്ഷേത്രഫലം ഇപ്പോഴത്തെ സർവേപ്രകാരം ൭,൬൨൫ ചതുരശ്രമൈലാണു്. ഇതിൽ ൧,൯൦൭ (ആകെയുള്ളതിന്റെ ഏകദേശം നാലിൽ ഒരു ഭാഗം) പടിഞ്ഞാറൻതീരദേശത്തിന്റെയും ൫,൭൧൮ (നാലിൽ മൂന്നുഭാഗം) കിഴക്കൻ മലനാട്ടിന്റേതുമാ

കുന്നു. ഇതിന് അയൽരാജ്യമായ കൊച്ചിയെക്കാൾ ൫ ഇരട്ടി വലിപ്പമുണ്ട്. മൈസൂർ തിരുവിതാംകൂറിനേക്കാൾ നാലിരട്ടി വലിപ്പം കൂടിയതാണ്. വിസ്തീർണ്ണം നോക്കിയാൽ ഇൻഡ്യയിലുള്ള നാട്ടുരാജ്യങ്ങളിൽ ൧൯-ാമത്തെ സ്ഥാനമാണ് ഈ സംസ്ഥാനത്തിനുള്ളത്. കുടിപാർപ്പു നോക്കിയാൽ മൂന്നാമത്തെ സ്ഥാനമുണ്ട്.

## വിഭാഗങ്ങൾ.

ഈ സംസ്ഥാനത്തെ ൩൦ താലൂക്കുകളായി വിഭജിച്ചിരിക്കുന്നു. താലൂക്കുകൾ ഇവയാണ്.—

| | | | |
|---|---|---|---|
| ൧. | തോവാള | ൧൬. | മാവേലിക്കര |
| ൨. | അഗസ്തീശ്വരം | ൧൭. | പത്തനംതിട്ട |
| ൩. | കൽക്കുളം | ൧൮. | തിരുവല്ല |
| ൪. | വിളവങ്കോട്ട് | ൧൯. | അമ്പലപ്പുഴ |
| ൫. | നെയ്യാററുങ്കര | ൨൦. | ചേർത്തല |
| ൬. | തിരുവനന്തപുരം | ൨൧. | വൈക്കം |
| ൭. | നെടുമങ്ങാട്ട് | ൨൨. | കോട്ടയം |
| ൮. | ചിറയിൻകീഴ് | ൨൩. | ചങ്ങനാശ്ശേരി |
| ൯. | കൊട്ടാരക്കര | ൨൪. | മീനച്ചൽ |
| ൧൦. | പത്തനാപുരം | ൨൫. | തൊടുപുഴ |
| ൧൧. | ചെങ്കോട്ട | ൨൬. | മൂവാററുപുഴ |
| ൧൨. | കൊല്ലം | ൨൭. | കുന്നത്തുനാട്ട് |
| ൧൩. | കുന്നത്തൂർ | ൨൮. | പറവൂർ |
| ൧൪. | കരുനാഗപ്പള്ളി | ൨൯. | ദേവികുളം |
| ൧൫. | കാർത്തികപ്പള്ളി | ൩൦. | പീരുമേട്ട്. |

പത്തനംതിട്ട ഒരു പുതിയ താലൂക്കാണ്. കുറച്ചു മുമ്പുവരെ ഇരണിയൽ, ചെങ്ങന്നൂർ, ഏററുമാനൂർ, ആലങ്ങാട്ട് എന്നു നാലു താലൂക്കുകൾ കൂടി ഉണ്ടായിരുന്നു. ഇടയ്ക്കു പരിഷ്കരിച്ചപ്പോൾ ഇവയെ പിരിച്ചു സമീപതാലൂക്കുകളോടു ചേർക്കയുണ്ടായി.

---

# അദ്ധ്യായം ൨.

---

## പ്രകൃതിരൂപം.

## പർവ്വതങ്ങൾ.

മലയ്ക്കും സമുദ്രത്തിനും മദ്ധ്യേ സ്ഥിതിചെയ്യുന്ന ഭൂമിയാകകൊണ്ട് ഈ സംസ്ഥാനം പൊക്കംകൂടിയ കിഴക്കേ അതിരുമുതൽ

പടിഞ്ഞാറോട്ട ക്രമേണ ചരിഞ്ഞുകിടക്കുന്നു. കിഴക്കുഭാഗം മിക്കവാറും മലകളാൽ നിറയപ്പെട്ടിരിക്കുന്നു. ഇവ ദക്ഷിണ ഇൻഡ്യയുടെ പടിഞ്ഞാറേ അതിരിൽ കിടക്കുന്ന പശ്ചിമപർവ്വതനിരകളുടെ തുടർച്ചയാണ്. ഈ സംസ്ഥാനത്തിൽ ഈ നിരകളുടെ പേർ സഹ്യൻ എന്നാകുന്നു. ഇതിൻെറ ആകെ നീളം തെക്കുവടക്ക് ഏകദേശം ൨൨൦-മൈലാകുന്നു. വീതി വടക്കോട്ട കൂടിയും തെക്കോട്ട പോകുന്തോറും കുറഞ്ഞും ഇരിക്കുന്നു.

സഹ്യാദ്രി—ഒരേ നിരയല്ല. ഇതിൽ അടുത്തടുത്തായിട്ട മിക്കവാറും തെക്കുവടക്കായിത്തന്നെ സ്ഥിതിചെയ്യുന്ന അനേക നിരകൾ ഉൾപ്പെടുന്നു. വടക്കുകിഴക്കേ ഭാഗങ്ങളിൽനിന്നു പടിഞ്ഞാറോട്ട ചില ചിനപ്പുകളും ഉണ്ട്. ഈ പർവ്വതനിരകളുടെ ഇടയ്ക്ക് അഗാധമായ താഴ്വരകൾ കിടക്കുന്നു. ചരിവുകളും താഴ്വരകളും വൻവൃക്ഷങ്ങളേയും ചെടികളേയും കൊണ്ട നിറഞ്ഞിരിക്കുന്നു. ഉപരിഭാഗത്തു പുൽത്തകിടികളും പാറക്കെട്ടുകളുമാണുള്ളത്. പൊക്കം കൂടിയ പർവ്വതനിരകളുടേയും അവയുടെ ഇടയ്ക്കു കിടക്കുന്ന താണ താഴ്വരകളുടേയും കാഴ്ച വളരെ മനോഹരമായിട്ടുള്ളതാണ്. കൊല്ലത്തു നിന്നും ആവിവണ്ടിവഴി കിഴക്കോട്ട് ഒരു യാത്രചെയ്താൽ ഇതു് അനുഭവസിദ്ധമാകും. ഈ പർവ്വതനിരകളുടെ പടിഞ്ഞാറേവശം (സംസ്ഥാനത്തിൻെറ ഉള്ളിലുള്ളതു്) ക്രമേണ ചരിഞ്ഞും വൃക്ഷാദികളെക്കൊണ്ടു നിബിഡമായുമിരിക്കുന്നു. നേരേ മറിച്ചു കിഴക്കേവശം തൂക്കായും സസ്യഹീനമായ പാറക്കൂട്ടങ്ങളോടുകൂടിയുമാണ് കാണപ്പെടുന്നതു്. മലകളെ കടന്നു, തിരുനൽവേലി, മധുര ഈ ജില്ലകളിലേക്കു പോകുകവളരെ ദുർഘടമായിട്ടുള്ളതാണ്. എങ്കിലും ഗതാഗതമാർഗ്ഗമായി ചിലഇടുക്കുവഴികളെ മുമ്പിനാലേതന്നെ ഉപയോഗിച്ചു വന്നിരുന്നു. ഇവയിൽ ഇപ്പോൾ ധാരാളം ഉപയോഗിക്കുന്നതു തെക്കെ അററത്തുള്ള ആരുവാമൊഴി പാതയും സഹ്യൻെറ ഏകദേശം മദ്ധ്യത്തുള്ള ആര്യങ്കാവ് പാതയുമാണ്. ആര്യങ്കാവിൽ കൂടിയാണ് കൊല്ലം, തിരുനൽവേലി ആവിവണ്ടി പോകുന്നതു്. വടക്കുഭാഗത്തു ഗൂഡലൂർ എന്നും ബോഡി എന്നും രണ്ടു് ഇടുക്കുകൾ ഗതാഗതത്തിനു ഉതകുന്നവയായി ഉണ്ടു്. ഗൂഡലൂർപാതയിൽ കൂടിയാണ് വടക്കൻ തിരുവിതാംകൂറിനെ മധുരയുമായി യോജിപ്പിക്കുന്ന കോട്ടയം—കുമിളി റോഡു് പോകുന്നതു്. ആര്യനാട്ടും അച്ചൻകോവിലും പണ്ടു് കച്ചവടത്തിനു പ്രചാരത്തെ കൊടുത്തിരുന്ന രണ്ടിടുക്കുകളാണ്. ഇപ്പോൾ ഉപയോഗിക്കുന്നില്ല.

സഹ്യൻെറ നിരകൾ വടക്കുമുതൽ തെക്കുവരെ മിക്കവാറും

ഒരേ പൊക്കത്തിലാണു കിടക്കുന്നതെങ്കിലും അവിടവിടെ സാധാരണ നിരപ്പിൽനിന്നും പൊക്കംകൂടിയ അനേകം കൊടുമുടികൾ ഉണ്ടു്. നിരകളുടെ പൊക്കം സമുദ്രനിരപ്പിൽനിന്നും ശരാശരി ൮,൦൦൦ അടിയാണു്. പൊക്കംകൂടിയ പ്രധാന കൊടുമുടികൾ തെക്കേ അററംമുതൽ ക്രമപ്രകാരം വടക്കോട്ടു് ഇങ്ങനെയാണു്:—

| | പർവ്വതങ്ങൾ. | അവ സ്ഥിതിചെയ്യുന്ന താലൂക്കുകൾ. |
|---|---|---|
| ൧. | മഹേന്ദ്രഗിരി ... | ... ... തോവാള. |
| ൨. | അശമ്പുമല ... | |
| ൩. | മൊട്ടച്ചിമല ... | ... ... കൽക്കുളം. |
| ൪. | ക്ലാമല ... | |
| ൫. | മുകളിയടിമല ... | |
| ൬. | അഗസ്ത്യകൂടം ... | നെടുമങ്ങാടു്, നെയ്യാററുങ്കര. |
| ൭. | പൊൻമുടി ... | ... നെടുമങ്ങാടു് |
| ൮. | കല്ലുനാട്ടുമല ... | |
| ൯. | കുളത്തൂപ്പുഴമല ... | ... പത്തനാപുരം. |
| ൧൦. | നെടുമ്പാറമല ... | |
| ൧൧. | മുള്ളുമല ... | |
| ൧൨. | പാവനാശമല ... | ... ... ചെങ്കോട്ട. |
| ൧൩. | അച്ചൻകോവിൽമല | ... പത്തനംതിട്ട. |
| ൧൪. | ശബരിമല ... | |
| ൧൫. | പീരുമേട്ടു് ... | ... ... പീരുമേട്ടു് |
| ൧൬. | അമൃതമല ... | |
| ൧൭. | ഏലമല ... | പത്തനംതിട്ട, പീരുമേട്ടു്, ദേവികുളം. |
| ൧൮. | ചൂളമല ... | ... ... ദേവികുളം. |
| ൧൯. | ആനമല ... | |
| ൨൦. | തിരുത്തണ്ടുമല. ... | ... മൂവാററുപുഴ. |

ആനമല.—ഈ പർവ്വതങ്ങളിൽ ഏററവും പൊക്കം കൂടിയതു് ആനമലയാകുന്നു. ഇതു വടക്കു കിഴക്കേ കോണിനടുത്തു ബ്രിട്ടീഷിൻഡ്യയും തിരുവിതാംകൂറുമായി സംബന്ധിക്കുന്നിടത്തു കിടക്കുന്നു. ഇതിന്റെ ആകൃതി ഒരു കുതിരലാടംപോലെയാണു്. തുറന്നവശം വടക്കു കിഴക്കോട്ടാകുന്നു. ഇതിന്റെ പ്രധാന കൊടുമുടി ആനമുടിയാണു്. ഇതിനു ൮,൮൪൦ അടി പൊക്കമുണ്ടു്. ഇതിനു ചുററും കൂട്ടമായി കിടക്കുന്ന മററു കൊടുമുടികളിൽ പ്രധാനം ഇരവിമല, കാട്ടുമല, ചെമ്പാര, ദേവിമല ഇവയാണു്. ഈ മലകളും ഇടയ്ക്കുള്ള ഉന്നതതടവും ഉൾപ്പെട്ട സ്ഥലത്തെയാണു്

"ഹൈറേഞ്ചസ്" എന്നു വിളിക്കുന്നതു്. ഇതു തേയില ത്തോട്ടങ്ങൾക്കു പ്രസിദ്ധപ്പെട്ടിരിക്കുന്നു. ലക്ഷത്തിൽ ചി ലപാനം ഏക്കർ സ്ഥലത്തു് തേയില കൃഷിയുണ്ടു്. പേരുകേ ട്ട "കണ്ണൻദേവൻ" തോട്ടങ്ങൾ ഇവിടെയാണു്. ഹൈ റേഞ്ചസ്സിൻെറ വടക്കുകിഴക്കേ ചരിവാണു് അഞ്ചുനാടു്. ഇവിടത്തെ ശീതോഷ്ണാവസ്ഥ ഉരുളക്കിഴങ്ങു മുതലായ പ്ര ത്യേക കൃഷികൾക്കു് ഉതകുന്നവയാണു്.

അഗസ്ത്യകൂടം—ആനമുടി കഴിഞ്ഞാൽ പൊക്കം കൂടിയതു് ഇതാണു്. ആറായിരത്തിൽപരം അടി പൊക്കമുണ്ടു്. കിട പ്പു നെയ്യാററുങ്കരത്താലൂക്കും നെടുമങ്ങാട്ടും കൂടിച്ചേന്ന കിഴ ക്കേ അററത്താണു്. ഇവിടെ കുറച്ചു മുമ്പു് ഒരു നക്ഷത്ര ബംഗ്ലാവുണ്ടായിരുന്നു. സംസ്ഥാനത്തിൽ ആദ്യം സ്ഥാപി ച്ച നക്ഷത്രബംഗ്ലാവു് ഇതാണു്. ഇവിടത്തെ ആശ്രമവാ സിയായിരുന്ന അഗസ്ത്യമഹഷിയിൽനിന്നാണു് അഗസ്ത്യ കൂടം എന്ന പേരു സിദ്ധിച്ചിട്ടുള്ളതു്. ഇപ്പോഴും ഇതു് ഋഷികളുടെ ആശ്രമസ്ഥലമാണെന്നു ഗണിക്കപ്പെട്ടുവരുന്നു. ഇതിൽനിന്നും നെയ്യാറും, കരമനയാറും ഉത്ഭവിക്കുന്നു.

മഹേന്ദ്രഗിരി—ഇതു തെക്കേ അററത്തെ പൊക്കംകൂടിയ കൊട്ടമു ടിയാകുന്നു. ഏകദേശം അയ്യായിരം അടി ഉയരമുണ്ടു്. ഇതിൽനിന്നും താമ്രവർണ്ണിയാറു് ഉത്ഭവിച്ചു് ഈ സംസ്ഥാ നത്തിൽകൂടി ഒഴുകുന്നു. "ഹനുമാൻനദി" എന്നു പേരുള്ള മറെറാരാറു് ഇതിൽനിന്നും പുറപ്പെട്ടു തെക്കുകിഴക്കായി ഒഴു കി തിരുനൽവേലിയിലേക്കു പോകുന്നു. സമീപത്തുള്ള അശമ്പുമല കാപ്പിത്തോട്ടങ്ങൾക്കു പ്രസിദ്ധപ്പെട്ടതായിരുന്നു. ഇപ്പോൾ തേയിലക്കൃഷി നടത്തിവരുന്നു. മഹേന്ദ്രഗിരി യിൽ നിന്നാണു് ഹനുമാൻ ലങ്കയിലേക്കു കുതിച്ചതെന്നു് ഒരു ഐതിഹ്യമുണ്ടു്.

മൊട്ടച്ചിമല—ഇതു മഹേന്ദ്രഗിരിയുടെ വടക്കുപടിഞ്ഞാറാണു്. ൪,൫00 അടി പൊക്കമുണ്ടു്. ഇതിനു സമീപത്താണു് പ്ര സിദ്ധപ്പെട്ട "മുത്തുകുഴിവയൽ" ഉന്നതതടം. ഭൂമി വളരെ ഫ ലപ്രദമാകകൊണ്ടാണു് ഈ പേരു കൊടുത്തിട്ടുള്ളതു്. ഇവി ടെ സക്കാർവക ഒരു ബംഗ്ലാവുണ്ടു്.

പീരുമേടു്— ഇതു വടക്കുകിഴക്കേ ഭാഗത്തുള്ള പ്രധാന സുഖവാ സസ്ഥലമാണു്. വേനല്ക്കാലത്തു വളരെ യൂറോപ്യന്മാർ ഇ വിടെ എത്തി താമസിക്കുന്നുണ്ടു്. ഈ ഉന്നതതടത്തിനു ശരാ ശരി മൂവായിരം അടി പൊക്കമുണ്ടു്. ഇതിനു ചുററും തേയി

ലത്തോട്ടങ്ങളും റബ്ബർതോട്ടങ്ങളും നാൾക്കുനാൾ അഭിവൃദ്ധിയായി വരുന്നു. "പീരുമേട്" എന്ന പേരിനു കാരണം ഇവിടെ പിയർമഹമ്മദ് എന്ന ഒരു തുലുക്കസന്യാസി ഉണ്ടായിരുന്നു എന്നതാണ്. ഇദ്ദേഹത്തിന്റെ ശവകുടീരം ഇവിടത്തെ കുട്ടിക്കാനത്തു കാട്ടിൽ കാണ്മാനുണ്ട്. മഹാരാജാവു തിരുമനസ്സുകൊണ്ട് എഴുന്നള്ളിപ്പാർക്കുന്നതിനു കുട്ടിക്കാനത്തു ഒരു കൊട്ടാരം പണിയിച്ചിരിക്കുന്നു. മുപ്പൂമുടിയും വഞ്ചിരാമൻപടിയും ഇതിന്റെ കൊടുമുടികൾ ആകുന്നു.

പൊൻമുടി—അഗസ്ത്യകൂടത്തിനു വടക്കുപടിഞ്ഞാറായി കിടക്കുന്ന ഒരു ഉന്നതതടമാണ്. സുഖവാസത്തിനായി യൂറോപ്യന്മാർ കൂടക്കൂടെ ചെല്ലുന്നുണ്ട്. ചുററും തേയിലത്തോട്ടങ്ങൾ സ്ഥാപിച്ചുവരുന്നു. ഇവിടെയും ഒരു കൊട്ടാരം പണിയിച്ചിട്ടുണ്ട്.

ഏലമല—ഇതു ഹൈറേഞ്ചിനു തെക്കുതുടങ്ങി ഏകദേശം ചെങ്കോട്ടവരെ നീണ്ടുകിടക്കുന്നു. പീരുമേട്ടവരെയാണ് പ്രാധാന്യം കൂടുതൽ ഉള്ളതു്. ഇവിടത്തെ "ഏലം" കൃഷിയിൽനിന്നു വലുതായ ലാഭം ഗവമ്മെൻറിനു കിട്ടിവരുന്നു. പണ്ടു നായർപട്ടാളക്കാരാണ് 'കമാൻ' പോയി ഇവിടെ സൂക്ഷിച്ചുവന്നിരുന്നതു്. ഇപ്പോൾ ആ ജോലി നടത്തുന്നതു പോലീസുകാരാണ്.

ശബരിമലയും കുളത്തൂപ്പുഴയും—പ്രധാനമായ ഓരോ ശാസ്താവിന്റെ ക്ഷേത്രത്തിനു പ്രസിദ്ധപ്പെട്ടിരിക്കുന്നു. ഈശ്വരഭജനത്തിനായി ആണ്ടുതോറും മകരവിളക്കിനു ശബരിമലയ്ക്കു് അസംഖ്യം ജനങ്ങൾ പോകുന്നു. ഈ ഭക്തന്മാരെ അയ്യപ്പന്മാർ എന്നു ശാസ്താവിന്റെ നാമധേയംകൊണ്ടു വിളിച്ചുവരുന്നു. ഇവിടത്തെ മുതലെടുപ്പു് കുറച്ചു മുമ്പുവരെ പന്തളം രാജാക്കന്മാർക്കായിരുന്നു. ഇപ്പോൾ സക്കാരാണ് മുതലെടുക്കുന്നതു്.

മേല്പറഞ്ഞ പവ്തങ്ങൾകൂടാതെ അത്രയും പൊക്കമുള്ളവയല്ലെങ്കിലും പ്രസിദ്ധി ധാരാളമുള്ളവയായി രണ്ടുമൂന്നു മലകൾകൂടിയുണ്ട്. അവ അഗസ്തീശ്വരം താലൂക്കിലുൾപ്പെട്ട കന്യാകുമാരിക്കും ശുചീന്ദ്രത്തിനും മദ്ധ്യേ കിടക്കുന്നതും പച്ചമരുന്നുകൾക്കു പ്രസിദ്ധിയുള്ളതും പുണ്യസ്ഥലവുമായ മരുത്വാമല (മരുന്നുവാഴുംമല) രാമരാവണയുദ്ധത്തിൽ മൂർച്ഛിച്ചു കിടന്ന ശ്രീരാമഭക്തന്മാരെ രക്ഷിക്കുന്നതിനായിട്ട് ഔഷധങ്ങൾ നിറഞ്ഞ ഒരു കുന്നു പറിച്ചിളക്കിക്കൊണ്ടു ലങ്കയിലേയ്ക്കു പോകുംവഴി ഹനുമാന്റെ കൈയിൽ

നിന്നും അടൎന്നുവിണതാണ് 'മരുത്വാമല' എന്ന് ഐതിഹ്യം ഉണ്ട്. പത്മനാഭപുരത്തിനു സമീപമാണ് പുണ്യസ്ഥലമായ വേളിമല; ഇതിന്റെ താഴ്വരയിലാണ് പ്രസിദ്ധപ്പെട്ട സുബ്രഹ്മണ്യക്ഷേത്രം സ്ഥിതിചെയ്യുന്ന കുമാരകോവിൽ. അല്പം വടക്കുമാറി മലമുകളിൽ കല്യാണമണ്ഡപം ഉണ്ട്. നെയ്യാററുംകരയ്ക്കും തിരുവനന്തപുരത്തിനും മദ്ധ്യേയുള്ളതും കാഴ്ചയ്ക്കു മനോഹരവുമായ മൂക്കുന്നിമല ഇവയാകുന്നു. മൂക്കുന്നിമല ഒരു അഗ്നിപൎവ്വതമായിരുന്നു എന്നുള്ളതിനു ചില ലക്ഷ്യങ്ങൾ ഉള്ളതായി പറയപ്പെടുന്നു. ഇതിന്റെ അഗ്രത്തിൽ ഒരു സൎക്കാർ ബംഗ്ലാവുണ്ട്.

തിരുവിതാംകൂറിൽ അധികം മലയുള്ള താലൂക്കുകൾ കല്ക്കുളം നെടുമങ്ങാട്ട്, പത്തനാപുരം, പത്തനംതിട്ട, പീരുമേട്ട്, മീനച്ചൽ, തൊടുപുഴ, ദേവികുളം ഇവയാകുന്നു.

പടിഞ്ഞാറേതീരത്തു വടക്കേഅററത്തുള്ള പറവൂർമുതൽ തെക്കു തിരുവനന്തപുരം വരെയുള്ള താലൂക്കുകളിൽ മലകൾ ഇല്ലെന്നുതന്നെ പറയാം.

---

## അദ്ധ്യായം ൩.

---

## നദികൾ.

ഈ സംസ്ഥാനം സമുദ്രത്തിനും മലകൾക്കും മദ്ധ്യേ നീളത്തിൽ കിടക്കുന്ന ഒരു ഇടുങ്ങിയ രാജ്യമാകകൊണ്ടും സമുദ്രത്തിൽനിന്നും കിഴക്കോട്ടു വീശുന്ന ജലകണങ്ങളോടുകൂടിയ കാററിനെ അപ്പുറംപോകാതെ തടുത്ത് ഇപ്പുറത്തു നിറുത്തത്തക്കവണ്ണം പൊക്കം കിഴക്കൻമലകൾക്കുള്ളതുകൊണ്ടും ഇവിടെ വൎഷം ധാരാളമുണ്ടാകുന്നു. ഭൂമി പടിഞ്ഞാറോട്ടു ചരിഞ്ഞിരിക്കുന്നതുകൊണ്ടു മലകളിൽ വീഴുന്ന വെള്ളം പടിഞ്ഞാറോട്ടൊഴുകി സമുദ്രത്തിൽ ചെന്നു പതിക്കുന്നു. മലകളിൽനിന്നു വെള്ളം ഒഴുകുന്നത് ആറുകളിൽകൂടിയാണ്. അതിനാൽ ആറുകൾ ഇവിടെ ധാരാളമുണ്ട്. ഇവയുടെ ഗതി മിക്കവാറും കിഴക്കുനിന്നും പടിഞ്ഞാറോട്ടാണ്. ഉത്ഭവംമുതൽ കാട്ടുപ്രദേശങ്ങളിൽകൂടിയുള്ള നദികളുടെ ഒഴുക്കു വളരെ ശക്തിയോടുകൂടിയതാണ്. തടങ്ങളും കരകളും മിക്കവാറും പാറയായിരിക്കും. സമതലത്തിൽ എത്തിയതിൽ പിന്നീടു ഗതി മന്ദമായിട്ടുംചൊവ്വില്ലാതെവളഞ്ഞുതിരിഞ്ഞുമാണ്. പതനസ്ഥലം അടുക്കുംതോറും കരയും തടവും ചെളിയായിത്തീരുന്നു. നദികൾ എല്ലാം


പാപനാശമല
നടയറ
പൊന്മുടി
അഗസ്ത്യകൂടം
വേളി

വർഷകാലത്തു കരകവിഞ്ഞു ഊക്കോട്ടുകൂടി ഒഴുകുമെങ്കിലും വേനല്ക്കാലത്തു മിക്കതിലും വെള്ളം വളരെ ചുരുക്കമായിരിക്കും. വെള്ളപ്പൊക്കകാലത്തു ആഴം ശരാശരി ൨൦ അടിയും വേനലിൽ വററിക്കിടക്കുമ്പോൾ ശരാശരി മൂന്നടിയുമായിരിക്കും. ഏകദേശം രണ്ടടിവെള്ളമുണ്ടായിരുന്നാൽ വള്ളങ്ങൾക്കു സഞ്ചരിക്കാവുന്നതാണ്. മിക്ക നദികളും സമുദ്രത്തിനോടോ, കായലിനോടോ സംബന്ധിക്കപ്പെട്ടു കിടക്കുന്നു. അതുകൊണ്ടു ഇവയിൽ ഏററം ഇറക്കം മുതലായ മാററങ്ങൾ ഉണ്ടാകുന്നുണ്ടു്. ഏററം ഉണ്ടാകുമ്പോൾ നദീമുഖങ്ങളിൽ ഉദ്ദേശം മൂന്നടിവെള്ളം പൊങ്ങുന്നു. അപ്പോൾ ഒഴുക്കു മുഖത്തുനിന്നും മേല്പോട്ടായിരിക്കുന്നതിനാൽ തക്കംനോക്കി കിഴക്കോട്ടു വള്ളം വയ്ക്കാറുണ്ടു്. ഇവയിലെ ശുദ്ധജലവും ഇരുകരകളിലും തിങ്ങിനില്ക്കുന്ന ബഹുവിധ സസ്യവർഗ്ഗങ്ങളും അവയുടെ കാഴ്ചകളും മേൽഭാഗത്തു് അവിടവിടെയുള്ള അരുവികളും വിശിഷ്ടതരങ്ങളും മനോഹരങ്ങളുമാണ്.

തിരുവിതാംകൂറിൻെറ പടിഞ്ഞാറെഭാഗത്തെ വിളവുള്ളതാക്കിത്തീക്കുന്നതു മിക്കവാറും മലകളിൽനിന്നു് ഈ നദികളിൽകൂടി വരുന്ന വളമാകുന്നു. മലകളിൽനിന്നു തടി വെട്ടിയിറക്കുന്നതിനും പടിഞ്ഞാറും കിഴക്കും ദിക്കുകൾതമ്മിൽ ഗതാഗതത്തിനും, കച്ചവടം മുതലായതു നടത്തുന്നതിനും, നദികൾ വളരെ സൌകര്യത്തെ കൊടുക്കുന്നു. പ്രധാനനദികൾ താഴെ പറയപ്പെടുന്നവയാണ്.

൧. പെരിയാറു്:—ഇതാണ് ഈ സംസ്ഥാനത്തിലെ ഏററവും വലിയ നദി. ഇതു സഹ്യൻെറ ഒരു ചെറിയ ഉന്നതതടമായ ശബരിമലയുടെ കിഴക്കുഭാഗത്തു് അതിത്തിക്കരികിലോട്ടു മാറിക്കിടക്കുന്ന ശിവഗിരിയിൽനിന്നു പുറപ്പെടുന്നു. ഏകദേശം ൧൦-മൈൽ ദൂരം നേരുവടക്കായി ഒഴുകീട്ടു മുല്ലയാറുമായി ഒരുമിച്ചു ചേരുന്നു. ഇതുകൊണ്ടാണ് ഇതിനെ മുല്ലപ്പെരിയാർ എന്നു വിളിക്കാറുള്ളതു്. ഗതി പീരുമേട്ടുതാലൂക്കിൽ ആദ്യം പടിഞ്ഞാറോട്ടായിട്ടും പിന്നീട്ടു ദേവികുളത്തിൻെറ പടിഞ്ഞാറേ അതിരിൽകൂടി മുതിരപ്പുഴയാററിൻെറ സംഗമംവരെ വടക്കോട്ടായിട്ടുമാണ്. ആ സംഗമസ്ഥലമാണ് 'ഇടുക്കി' എന്നു പറയുന്നതു്. അവിടുന്നു ക്രമേണ ചരിഞ്ഞു ചരിഞ്ഞു തൊടുപുഴ, മൂവാററുപുഴ, കുന്നത്തുനാട്ടു ഈ താലൂക്കുകളിൽകൂടി വടക്കുപടിഞ്ഞാറായി ഒഴുകി ആലുവായ്ക്കു മുകളിൽവച്ചു രണ്ടായി പിരിയുന്നു. ഇവയിൽ വലത്തെ ശാഖ വടക്കുപടിഞ്ഞാറായി ചെന്നിട്ടു്, ഇളന്തിക്കരവച്ചു ചാലക്കുടിയാറുമായി ചേൎന്നൊഴുകി കൊടുങ്ങല്ലൂർകായലിൽ

കൂടി സമുദ്രത്തിൽ പതിക്കുന്നു. ഇടത്തെ ശാഖ തെക്കോട്ടൊഴുകി വീണ്ടും രണ്ടായി പിരിഞ്ഞു ഒന്നു പടിഞ്ഞാറോട്ടു തിരിഞ്ഞു വരാപ്പുഴകടന്നും, മററതു നേരെ തെക്കോട്ടുചെന്നു ഇടപ്പള്ളിവഴിയും കൊച്ചീസംസ്ഥാനത്തു പ്രവേശിച്ച് വേമ്പനാടിൻെറ വടക്കൻ പിരിവുകളിൽ വീഴുന്നു.

പെരിയാററിനു ൧൪൨-മൈൽ നീളമുണ്ട്. മലകളുടെ ഇടയിൽക്കൂടി വളരെ ദൂരം ഒഴുകുന്നതുകൊണ്ട് അനേകം പോഷകനദികൾ ഇതിൽ വന്നുകൂടുന്നു. ഇവയിൽവച്ചു വലുതു വടക്കുമാറി വലത്തേക്കരയിൽ വന്നുചേരുന്ന ഇടമലയാറാണ്. മററു പോഷകനദികളിൽ പ്രധാനമായിട്ടുള്ളവ:—വലത്തേക്കരയിൽ കട്ടപ്പനയാറു, പെരിഞ്ചാൻകുട്ടി, മുതിരപ്പുഴ ഇവയും, ഇടത്തേക്കരയിൽ ചേത്താണി അല്ലെങ്കിൽ ചിററാറും ആകുന്നു. മുതിരപ്പുഴയാററുതീരത്താണു പ്രസിദ്ധപ്പെട്ട പള്ളിവാസൽപദ്ധതി സ്ഥാപിച്ചിരിക്കുന്നതു്. ഇവിടുത്തെ വെള്ളച്ചാട്ടത്തെ ഉപയോഗിച്ചു വിദ്യുച്ഛക്തി സംഭരിച്ചു സംസ്ഥാനത്തിൽ വലിയ വേലകൾ നടത്താവുന്നതാണ്. പ്രധാന പോഷകനദിയായ ഇടമലയാററിലും അനേകം പോഷകനദികൾ വന്നുകൂടുന്നുണ്ട്. അവയിൽ വലിയവ ഇടത്തേക്കരയിൽ വന്നുകൂടുന്ന പൂയാംകുട്ടിയാറും കുട്ടമ്പുഴയാറുമാണ്. പൂയാംകുട്ടിയാറിൻെറ ഇടത്തേക്കരയിലുള്ള രണ്ടു പോഷകനദികളാണ് കുഞ്ചിയാറും കണ്ടൻപാറയാറും. തിരുവിതാംകൂറിലെ മററു നദികളെപ്പോലെ വള്ളങ്ങൾ പെരിയാററിൽ ധാരാളം സഞ്ചരിക്കുന്നില്ല. മുഖത്തുനിന്നും ൩൦-മൈൽവരെ വള്ളത്തിൽ പോകാവുന്നതാണ്.

പെരിയാററിനു കുറുകെ വണ്ടിപ്പെരിയാർ എന്ന സ്ഥലത്തു കോട്ടയം—കുമിളിറോഡിൽ ഒരു വിശേഷമാതിരി പാലം പണിയിച്ചിട്ടുണ്ട്. ഈ റോഡ് അതിർത്തി കടക്കുന്ന കുമിളിക്കു സമീപത്താണ് പെരിയാർ കായലിൽനിന്നു പാണ്ടിയിലേയ്ക്കു വെള്ളം കൊണ്ടുപോകുന്നതിനുള്ള തുരങ്കം തീർത്തിട്ടുള്ളതു്. തുരങ്കത്തിൽകൂടി പായുന്ന വെള്ളം വൈരവനാറുവഴിചെന്ന് വൈഗയാററിൽ വീഴുന്നു. പെരിയാററിനു കുറുകേ ആലുവായിൽ ഒരു റെയിൽപാലം ഉണ്ട്. ഹൈറേഞ്ച്സിലേയ്ക്കുള്ള റോഡിൽ നേര്യമംഗലത്തു ഒരു വലിയ പാലം തീർത്തുകഴിഞ്ഞു.

ഇടമലയാറുവഴി ഇടിയറമേട്ട് എന്ന വൻവൃക്ഷങ്ങളുള്ള മലയിലേയ്ക്കു പോകാവുന്നതാണ്.

ആലുവായിലെ വെള്ളത്തിൻെറ ശുദ്ധിനിമിത്തവും ഏതാനും ലോഹസാധനങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്നതുകൊണ്ടും

ഇതിനു വളരെ ഗുണമുണ്ടെന്നു വിചാരിക്കുന്നതിനാൽ വേനല്ക്കാലത്തു് ഇവിടെ കുളിച്ചു താമസിക്കുന്നതിനു് അനവധി ആളുകൾ എത്തുന്നുണ്ടു്. ആലുവായ്ക്കു മുകളിൽ ഏകദേശം ൩൦-മൈൽ ദൂരത്തോളം വള്ളങ്ങൾ കൊണ്ടുപോകാം.

ഈ ആറു വളഞ്ഞു വളഞ്ഞു ഒഴുകുന്നതുകൊണ്ടു് ഇതിൽ അനേകം ദ്വീപുകൾ ഉണ്ടായിരിക്കുന്നു.

പെരിയാററിനു് ഒരു വിശേഷപ്രസിദ്ധി ഉണ്ടായിട്ടുണ്ടു്. മുല്ലപ്പെരിയാററിനു് ഏകദേശം ൯-മൈൽ പടിഞ്ഞാറു് ഒരു വലിയ ഇടുക്കിൽ കൂടിയാണു് നദി ഒഴുകുന്നതു്. ഇവിടെ ഇരുവശങ്ങളിലുള്ള പൊക്കം കൂടിയ കുന്നുകളെ തമ്മിൽ യോജിപ്പിക്കുന്നതിനു് ആററിനു കുറുകെ ഒരു അണ കെട്ടിയിട്ടുണ്ടു്. ഇതാണു് പ്രസിദ്ധപ്പെട്ട "പെരിയാറണ" അണയ്ക്കു മുകളിൽ വെള്ളം കെട്ടിനിന്നു കായൽപോലെ വിസ്താരത്തിൽ പരന്നുകിടക്കുന്നു. ഇതു നിമിത്തം ഇവിടത്തെ വെള്ളത്തിൻെറ ഗതിയെ മാററി നൂതനമായി വെട്ടപ്പെട്ട ഒരു കാൽവഴി കിഴക്കോട്ടു പാണ്ടിയിലേക്കു വെള്ളം കൊണ്ടുപോകപ്പെടുന്നു. ഈ കാലു് അല്ലെങ്കിൽ പുത്തനാറു മധുര ജില്ലയിലെ വൈഗയാററിലാണു് ചെന്നുചേരുന്നതു്. അണയ്ക്കു ൧,൨൦൦ അടി നീളവും ൧൭൦-അടി പൊക്കവുമുണ്ടു്. പുത്തനാറു കിഴക്കോട്ടു കടക്കുന്നതു മല തുരന്നുണ്ടാക്കീട്ടുള്ള ഏകദേശം ഒരു മൈൽ നീളമുള്ള ഒരു തുരങ്കത്തിൽ കൂടിയാകുന്നു. മധുരജില്ലയിൽ മരുഭൂമികളായിക്കിടന്ന അനേകം സ്ഥലങ്ങൾ ഇതിനാൽ വിലയേറിയ കൃഷിസ്ഥലങ്ങളായി ഭവിച്ചിട്ടുണ്ടു്.

അണയ്ക്കു മുകളിൽ ൧൩ൽ ച. മൈൽ സ്ഥലം കുളമായിട്ടു വെള്ളം കെട്ടിനില്ക്കുന്നു. ഇതിലേക്കായി ൮,൦൦൦ ഏക്കർ സ്ഥലം ൪൦,൦൦൦ രൂപാ പാട്ടത്തിനു് ഇവിടുന്നു ബ്രിട്ടീഷ്ഗവർമ്മെൻറിനു കൊടുത്തിട്ടുണ്ടു്.

ഇപ്പോൾ ആലുവായ്ക്കു് അല്പം മുകളിൽനിന്നു പെരിയാററിലെ വെള്ളം കുഴൽവഴി കൊച്ചിയിലെ തലസ്ഥാനമായ എറണാകുളത്തു കൊണ്ടുപോകപ്പെടുന്നു.

പെരിയാററിനെ സംബന്ധിച്ചു് ഒന്നുരണ്ടു വിശേഷസംഗതികൾകൂടിയുണ്ടു്. മുതിരപ്പുഴയുമായുള്ള സംഗമത്തിനടുത്തു കൊക്കരണിപ്പാറയിൽകൂടി നൂറടിപൊക്കത്തിനു മേൽ അരുവിയായി വീഴുന്നതും അവിടന്നു കുറച്ചുകൂടി ചെന്നിട്ടു് ഒരു പാറയ്ക്കടിയിൽകൂടി ഒഴുകി കുറേദൂരം കാഴ്ചയിൽനിന്നു മറഞ്ഞതിൻെറശേഷം മറെറാരു ഭാഗത്തു തിരിയെ വെളിയിൽ പുറപ്പെടുന്നതും വളരെ വിശേഷമായ കാഴ്ചകളാണു്. നേര്യമംഗലം, മലയാററൂർ, ചേരാനല്ലൂർ,

കാലടി, വാഴക്കുളം, ആലുവാ ഇവയാണ് പെരിയാററിൻെറ തീരത്തുള്ള പട്ടണങ്ങൾ.

൨. മൂവാററുപുഴയാറ്:—തൊടുപുഴത്താലൂക്കിലുള്ള കിഴക്കൻമലകളിൽനിന്നു മൂന്നുനദികൾ പുറപ്പെട്ടു വടക്കുപടിഞ്ഞാറായി ഒഴുകി മൂവാററുപുഴവച്ച് ഒരുമിച്ചുകൂടുന്നു. ഇവയിൽ താലൂക്കിൻെറ തെക്കുകിഴക്കുള്ള അറക്കുളം മലയിൽനിന്നു പുറപ്പെട്ടു വടക്കുപടിഞ്ഞാറായി ഒഴുകുന്ന തൊടുപുഴയാററിനാണ് പ്രാധാന്യം കൂടുതൽ ഉള്ളത്. തൊടുപുഴ കൃഷ്ണസ്വാമിക്ഷേത്രം ഇതിൻെറ തീരത്താണ്. അവിടുന്നു തെക്കുപടിഞ്ഞാറായി ഒഴുകി വൈക്കത്തിനു കുറേ കിഴക്കു വെട്ടിക്കാട്ടുമുക്കിൽവച്ചു രണ്ടായി പിരിഞ്ഞു വേമ്പനാട്ടുകായലിൽ വീഴുന്നു. ഇതാണു മൂവാററുപുഴയാറ്. ഇതിനു കുറുകെ മെയിൻറോഡു കടക്കുന്നതിനു മൂവാററുപുഴയും, വൈക്കത്തുനിന്നു വടക്കോട്ടുള്ള റോഡു കടക്കുന്നതിന് ഇത്തിപ്പുഴയും പാലങ്ങൾ ഉണ്ട്. നീളം ൯൨-മൈൽ. മൂവാററുപുഴ, പിറവം, വെട്ടിക്കാട്ടുമുക്കു, വടയാറ് ഇവ ഇതിൻെറ തീരസ്ഥലങ്ങളാണ്.

൩. മീനച്ചൽആറ്:—ഇതു് അനേകം ചെറിയനദികൾ മീനച്ചൽ താലൂക്കിൻെറ കിഴക്കുള്ള മലകളിൽനിന്ന് ഉത്ഭവിച്ച് ഈരാററുപേട്ടയ്ക്കു സമീപംവച്ച് ഒടുവിൽ ഒന്നായിച്ചേൎന്നു മീനച്ചൽ, കോട്ടയം ഈ താലൂക്കുകളിൽകൂടി മിക്കവാറും പടിഞ്ഞാറായി ഒഴുകി തിരുവാൎപ്പിനു സമീപത്തുവച്ചു വേമ്പനാട്ടു കായലിൽ വീഴുന്നു. ഇതിനു കുറുക്കേ കോട്ടയത്തു നാഗമ്പടത്തു പാലം കെട്ടിട്ടുണ്ട്. നീളം ൩൫-മൈൽ. തീരപ്രദേശങ്ങൾ:— പൂഞ്ഞാറ്, പാലാ, കിടങ്ങൂർ, കോട്ടയം, തിരുവാൎപ്പ്. ഈ ആറുവഴി മലഞ്ചരക്കുകൾ കൊണ്ടുവരാറുണ്ട്. കോട്ടയത്തിനു കിഴക്കു പാറമ്പുഴയ്ക്കു സമീപത്തുനിന്നു നീലിമംഗലത്താറ് എന്ന് ഇതിലെ ഒരു ശാഖ പിരിഞ്ഞു വടക്കുമാറി പടിഞ്ഞാറോട്ടൊഴുകി പെണ്ണാറെന്ന പേരോടുകൂടി വേമ്പനാട്ടുകായലിൽ വീഴുന്നു. പാറമ്പുഴെ ഒരു സഞ്ചായം ഡിപ്പോ ഉണ്ട്.

൪. പമ്പാനദി:—ഇതു് അനേകം തോടുകൾ ഒരുമിച്ചു ചേൎന്നുണ്ടാകുന്നു. ഇവയിൽ ഏററവും വിസ്താരം കൂടിയ വലിയ ആറ് അഴുതയും പമ്പയും കൂടിച്ചേൎന്നു വരുന്നതാണ്. പമ്പയുടെ ഉത്ഭവം ശബരിമലയുടെ തെക്കുകിഴക്കു നിന്നാകുന്നു. പെരിയാററിൻെറ ഉല്പത്തിസ്ഥാനവും ഇവിടുന്നു വളരെഅകലെയല്ല. പമ്പയുടെ ആദ്യത്തെ ഗതി വടക്കുപടിഞ്ഞാറായി ഒരു ഭയങ്കരമായ മലയിടുക്കിൽ കൂടിയാകുന്നു. ഇവിടെ അസംഖ്യം അരുവികളുമുണ്ട്. ഇവയിൽ വലുതു് പെരുന്തേനരുവിയാണ്. ഇതിലെ

വെള്ളച്ചാട്ടത്തിന് ൩൦ അടി പൊക്കമുണ്ട്. പിന്നീട് റാന്നി, അറന്മുള, ചെങ്ങന്നൂർ മുതലായ സ്ഥലങ്ങളിൽകൂടി മിക്കവാറും പടിഞ്ഞാറായി ഒഴുകി പാണ്ടനാട്ടിൽ എത്തുന്നു. അവിടെവച്ചു രണ്ടായിപ്പിരിഞ്ഞു പടിഞ്ഞാറേശാഖ മാന്നാറ്, വീയപുരം, തകഴി, കരുമാടി ഇവയെ കടന്നു കരുമ്പാവിളവച്ചു വേമ്പനാട്ടുകായലിൽ ചേരുന്നു. കായലിൽ പതിക്കുന്നതിനുമുമ്പു് ഇതിനു പൂക്കൈതയാറ്, പള്ളാത്തുരുത്തി എന്ന പേരുകളും ഉണ്ട്. പാണ്ടനാട്ടിൽവച്ചു കിഴക്കോട്ടു പിരിഞ്ഞ ശാഖ കുത്തിയതോട്ടുവഴി ചെന്നു മണിമലയാറുമായി ചേൎന്നൊഴുകി തലവടിയിൽ എത്തി വീണ്ടും രണ്ടായിപ്പിരിയുന്നു. ഇവയിൽ പടിഞ്ഞാറേ ഉപശാഖ കോഴിമുക്ക്, ചമ്പക്കുളം, ചങ്ങങ്കരി, കൈനകരി മുതലായവയിൽകൂടി കുട്ടമംഗലത്തുവച്ചു കായലിൽ വീഴുന്നു. കിഴക്കുമാറി പോകുന്ന ഉപശാഖ മുട്ടാറുവഴി രാമങ്കരിയിൽ എത്തി വീണ്ടും രണ്ടായിപ്പിരിഞ്ഞ് ഇടത്തേതു പുളിങ്കുന്ന്, മങ്കൊമ്പ്, ഈ വഴിയും, വലത്തേതു (ഏററവും കിഴക്കേ ഉപശാഖ) വെളിയനാട്ട്, കാവാലം, ഈ വഴിയും വേമ്പനാട്ടുകായലിൽതന്നെ പതിക്കുന്നു. ഇങ്ങനെ പമ്പാനദി നാലു ശാഖകളായിട്ടാണ് കായലിൽ വീഴുന്നതു്.

ഈ ശാഖകളുടെ ഗതി അല്പം പടിഞ്ഞാറോട്ടു ചരിഞ്ഞു വടക്കോട്ടായിട്ടാണ്. കൃഷിക്കുപയോഗമുള്ള ആറുകളിൽവച്ച് ഏററവും പ്രധാനമായ ഒന്നാണ് ഈ പമ്പാനദി. ഈ ശാഖകളെ ചുററിക്കിടക്കുന്ന പ്രദേശമാണ് 'കുട്ടനാട്ട്'. കുട്ടനാട്ടിനെ കൃഷിക്ക് ഉപയുക്തമാക്കിത്തീൎക്കുന്നതു പമ്പാനദിയും അതിൻെറ കൈവഴികളുമാകുന്നു. മലകളിൽനിന്നും ഈ ആറുകൾവഴി കുട്ടനാട്ടിൽ വന്നിറങ്ങുന്ന എക്കൽ (വണ്ടൽ) വിലമതിക്കത്തക്കതല്ല. വൎഷകാലത്തു് ആററിലെ വെള്ളം നിലങ്ങളിൽ നിറഞ്ഞു് ആറും നിലവും കായലും തോട്ടം ഒന്നും തിരിച്ചറിവാൻ പാടില്ലാത്ത വിധത്തിൽ ഒരു വലിയ ജലപ്രളയമായിരിക്കും. പമ്പാനദിയുടെ നീളം ൯൦-മൈൽ ആണ്. മുഖത്തുനിന്നു ൨൫-മൈൽവരെ വള്ളം കൊണ്ടു പോകാം. ഇടനാടും പരുമലയും ഈ നദിയിലെ ദ്വീപുകളാകുന്നു. ഇടനാട്ടിൻെറ തെക്കുവശത്തു വളരെ ഇടുങ്ങി തൂക്കായുള്ള ചീങ്കക്കരകൾക്കിടയ്ക്കുകൂടിയാണ് ആറ് ഒഴുകുന്നതു്. അത്തിമൂട്ട് എന്നു വിളിക്കുന്ന ഇവിടെക്കൂടി വർഷകാലത്തു വള്ളം കൊണ്ടു പോകുന്നതു് അപകടമാണ്. ഇതിൻെറ തീരസ്ഥലങ്ങൾ:—റാന്നി അയിരൂർ, അറന്മുള, ചെങ്ങന്നൂർ, മാന്നാർ, വീയപുരം, പുളിംകുന്ന്. കിഴക്കുഭാഗത്തു മലകൾക്കുള്ളിലുള്ള "പമ്പാ"ക്കടവു, ശബരിമലതീൎത്ഥക്കാരുടെ ഒരു പുണ്യസ്ഥലമാണ്. ഇവിടെയാണ മകര

വിളക്കിന് ശബരിമലയ്ക്കുപോകുന്ന അയ്യപ്പന്മാർ സദ്യയും ലക്ഷദീപവും നടത്തുന്നതു്. പമ്പാനദിക്കു പല വലിയ പോഷകനദികളുമുണ്ടു്.
അവ:—

(എ) മണിമലയാറു്—ഇതു് അമൃതുമലയ്ക്കു തെക്കുള്ള മലകളിൽനിന്നു പുറപ്പെട്ടു തെക്കുപടിഞ്ഞാറായി മിക്കവാറും ചങ്ങനാശ്ശേരി, തിരുവല്ലാ ഈ താലൂക്കുകളിൽകൂടി ഒഴുകി പുളിക്കീഴിനടുത്തുകളിൽവച്ചു പമ്പാനദിയുടെ വലത്തേഭാഗത്തു ചേരുന്നു. നീളം ൩൨-മൈൽ. തീരസ്ഥലങ്ങൾ:—മുണ്ടക്കയം, മണിമലാ മല്ലപ്പള്ളി, കല്ലൂപ്പാറ, കവിയൂർ, തിരുവല്ല. ചിററാറു് ഇതിൻെറ ഒരു പോഷകനദിയാണു്. ഇതിൻെറ തീരത്താകുന്നു കാഞ്ഞിരപ്പള്ളി.

(ബി) കൊല്ലകടവാറു് അല്ലെങ്കിൽ അച്ചൻകോവിൽ ആറു്:—ഇതു ചെങ്കോട്ടയുടെ അതിരിലുള്ള അച്ചൻകോവിൽ മലകളിൽനിന്നും പുറപ്പെട്ടു വടക്കു പടിഞ്ഞാറായി പത്തനംതിട്ട, തിരുവല്ല, മാവേലിക്കര, കാർത്തികപ്പള്ളി ഈ താലൂക്കുകളിൽകൂടി ഒഴുകി വീയപുരത്തുവച്ചു പമ്പാനദിയിൽ ഇടത്തുവശത്തു ചേരുന്നു. നീളം ൭൦-മൈൽ. ൩൦-മൈൽവരെ വള്ളം സഞ്ചരിക്കും. തീരസ്ഥലങ്ങൾ:—കോന്നി, പന്തളം, കൊല്ലകടവു്, മാവേലിക്കര, കണ്ടിയൂർ. ഇതിനെ കുളക്കടയാറെന്നു പറഞ്ഞു വരുന്നതു് അബദ്ധമാണു. 'കുളക്കട' കല്ലടയാററിൻെറ തീരത്താകുന്നു.

(സി) കല്ലാറു അല്ലെങ്കിൽ കുമരംപേരൂരാറു്.—ഇതു പമ്പയുടെ ഇടത്തേക്കരയിൽ വടശ്ശേരിക്കരവച്ചു കൂടുന്നു.

(ഡി) കക്കാട്ടാറു്—ഇതു അല്പംകൂടി വടക്കുമാറി ഒഴുകി ഇടത്തേക്കരയിൽതന്നെ പെരിനാട്ടുവച്ചു കൂടുന്നു.

മെയിൻറോഡു് കടക്കുന്നതിന് അച്ചൻകോവിലാററിൽ പന്തളത്തും പമ്പയാററിൽ ചെങ്ങന്നൂരിനടുത്തു ഇറപ്പുഴയും മണിമലയാററിൽ തോണ്ടറയും പാലങ്ങൾ ഉണ്ടു്. മണിമലയാററിൽ കിഴക്കുമാറി വള്ളംകുളത്തും മണിമലയും പാലങ്ങൾ കെട്ടിയിട്ടുണ്ടു്.

പെരിയാററിനു നീളവും വീതിയും കൂടുതലുണ്ടെങ്കിലും ഉപയോഗം നോക്കിയാൽ പ്രാധാന്യം പമ്പാനദിക്കും അതിൻെറ പോഷകനദികൾക്കും ആണു്. ആലുവാവെള്ളത്തിനേക്കാൾ അധികം കുറഞ്ഞതരത്തിലുള്ളതല്ല, ആറന്മുളയ്ക്കു താഴെയുള്ള പമ്പയുടെ മാലക്കരനെട്ടായത്തിലെ വെള്ളം. വേനൽക്കാലത്തു കുളിച്ചു താമസിക്കുന്നതിനു വളരെ ആളുകൾ ഇവിടെയും എത്തുന്നുണ്ടു്. ആറന്മുള വള്ളംകളിക്കു പ്രസിദ്ധപ്പെട്ട ഒരുസ്ഥലമാണു്. കളിക്കുപ

പ്രയോഗിക്കുന്നതു വിശേഷമാതിരിയിൽ ഉണ്ടാക്കിയിട്ടുള്ള "ചുണ്ടൻ വള്ളം"മാണ്. ചിങ്ങമാസത്തിലെ ഉത്രട്ടാതിയാണ് ഇതിലേക്കുള്ള പ്രധാന ദിവസം. ആറന്മുളയ്ക്കു പടിഞ്ഞാറുള്ള മാലക്കരനെട്ടായം ഒരേ ചൊവ്വായി ഏകദേശം ൩ നാഴിക നീളത്തിൽ പരന്നുകിടക്കുന്നു. തടം നല്ല വൃത്തിയുള്ള മണലും ചെറിയ ചരലും കലർന്നിട്ടുള്ളതാണ്. ഒഴുക്കം നല്ലവണ്ണമുണ്ട്. സഞ്ചായംഡിപ്പാർട്ട്മെൻറുവക പ്രസിദ്ധപ്പെട്ട തേക്കുംതോട്ടമുള്ള കോന്നി കൊല്ലകടവാററിൻെറ മേൽഭാഗത്തും തടികൾ വെട്ടിയിറക്കുന്നതിനു പ്രസിദ്ധപ്പെട്ട റാന്നി പമ്പയുടെ മേൽഭാഗത്തുമാണ്. പമ്പ, മണിമല, കുളക്കട ഈ ആറുകൾവഴിയാണു സഞ്ചായം ഡിപ്പാർട്ടുമെൻറിലെ ഒട്ടുമുക്കാൽ തടികളും വെട്ടിയിറക്കപ്പെടുന്നത്. ഏതുവഴി വന്നാലും തടിശേഖരിക്കുന്നതിനു വീയപുരത്തു ഒരു ഡിപ്പോ ഉണ്ട്. ഈ ആറുകളുടെ മേൽഭാഗത്തു യൂറോപ്യന്മാരും മററും സ്ഥാപിച്ചുവന്ന റബ്ബർതോട്ടങ്ങൾക്ക് ഈയിട അഭിവൃദ്ധി കുറവാണ്. ളാക, ചിററാർ, കല്ലേലി ഇവയാണ് ഇപ്പോഴത്തെ പ്രധാനതോട്ടങ്ങൾ.

൭. കല്ലടയാറ് (കുളക്കടയാറ്):—ഇതിൻെറ ഉൽപത്തി നെടുമങ്ങാട്ടുതാലൂക്കിൽ പൊന്മുടിക്കു വടക്കുകിഴക്കുള്ള മലഞ്ചെരിവിലാണ്. ആദ്യം വടക്കുപടിഞ്ഞാറായി ഒഴുകി പത്തനാപുരംതാലൂക്കിൽ കുളത്തൂപ്പുഴ ചെല്ലുന്നു. അവിടുന്നു കുറച്ചു ദൂരം വടക്കോട്ടൊഴുകിയിട്ടു പടിഞ്ഞാറോട്ടു ചരിഞ്ഞു് കൊട്ടാരക്കര താലൂക്കിൽ കുളക്കട എത്തുന്നു. പിന്നീടു തെക്കുപടിഞ്ഞാറായിത്തിരിഞ്ഞു കുന്നത്തൂർതാലൂക്കിൻെറ തെക്കേ അതിർത്തിയിൽക്കൂടി ഒഴുകി കല്ലടവച്ചു് അഷ്ടമുടിക്കായലിൽ പതിക്കുന്നു. നീളം ൭൦-മൈൽ. മീൻമുട്ടി ഇതിൻെറ ഒരു പ്രധാന പോഷകനദിയാണ്. തീരസ്ഥലങ്ങൾ:—പുനലൂർ, പത്തനാപുരം, കുളക്കട, മണ്ണടി, കുന്നത്തൂർ കരിമ്പുമ്പുഴ, കല്ലട, കുളക്കട ഇതിൻെറ തീരത്താകകൊണ്ടു ഇതിനെയാണു കുളക്കടയാറ് എന്നു പറയേണ്ടത്. അച്ചൻകോവിലാറിനെ അല്ല. മെയിൻറോഡു കടക്കുന്നതിന് ഇതിനു കുറുകെ അടൂരിനു തെക്കു ഏനാത്തു ഒരുപാലംകെട്ടിയിട്ടുണ്ട്. ഈ ആററിനു ഒരു പ്രത്യേക പ്രസിദ്ധിയുള്ളതു് ഇതിൽ കുറുകെ പുനലൂരുള്ള തൂക്കുപാലംനിമിത്തമാണ്. ൧൦൫൨-ാമാണ്ടു് ആയില്യം തിരുനാൾ തിരുമനസ്സിലെ കാലത്തു ദിവാൻ നാണുപിള്ളയാണ് ഈ പാലം കെട്ടിച്ചത്. ഈമാതിരിപ്പാലം തിരുവിതാംകൂറിൽ മറെറങ്ങുമില്ലെന്നു മാത്രമല്ല ഇൻഡ്യയിലും ചുരുക്കമാണ്. ഒഴുക്കിൻെറ ശക്തികൊണ്ടു മററുമാതിരി പാലങ്ങൾ ഉറയ്ക്കുകയില്ലെന്നു കണ്ടിട്ടാണ് ഇങ്ങനെ ഒരു

പാലം ഇവിടെ പണിയിച്ചതു്. പാലത്തിനുസമീപം ആററുതീരത്തു ഒരു കടലാസ്സു നിർമ്മാണശാല സ്ഥാപിച്ചിരിക്കുന്നു. ഈ ആററിന്റെ മേൽഭാഗത്തുള്ള മലഞ്ചെരിവുകളിൽ തേയിലത്തോട്ടങ്ങളും ഉണ്ടു്. "പത്തേനാസ്"എന്ന ഉന്നതതടം ഇവിടെയാണു്.

൯. ഇത്തിക്കരയാറു്:—ഇതു കൊട്ടാരക്കര അതിർത്തിയിൽ പത്തനാപുരവും നെടുമങ്ങാട്ടുംകൂടിതൊടുന്നതിനടുത്തുള്ളമാഞ്ഞൂർ മലകളിൽനിന്നും പുറപ്പെട്ടു വളഞ്ഞുവളഞ്ഞു മിക്കവാറും പടിഞ്ഞാറോട്ടൊഴുകി കൊല്ലംതാലൂക്കിലുള്ള പരവൂർക്കായലിൽ വീഴുന്നു. നീളം ൩൦-മൈൽ. തീരസ്ഥലങ്ങൾ:—ആയൂർ, പള്ളിക്കൽ, ഇത്തിക്കര, ചാത്തന്നൂർ. ഇതിന്റെ മുഖത്തു വളരെ പാറക്കൂട്ടങ്ങൾ ഉള്ളതുകൊണ്ടു് ഇതിൽകൂടിവള്ളങ്ങൾ അധികംസഞ്ചരിക്കുന്നില്ല. മെയിൻറോഡു കടക്കുന്നതു് ആയൂർ പാലത്തിൽ കൂടിയാണു്. തിരുവനന്തപുരം—കൊല്ലംറോഡിൽ ഇത്തിക്കരയും പാലമുണ്ടു്.

൧. ആററുങ്ങൽ (വാമനപുരം) ആറു്:—പൊൻമുടിക്കു തെക്കുകിഴക്കുള്ള മലകളിൽനിന്നും പുറപ്പെട്ടു നെടുമങ്ങാട്ടും ചിറയിൻകീഴിലുംകൂടി പടിഞ്ഞാറോട്ടൊഴുകി അഞ്ചുതെങ്ങു കായലിൽ വീഴുന്നു. നീളം ൩൫-മൈൽ. തീരസ്ഥലങ്ങൾ:—വാമനപുരം, ആററുങ്ങൽ, ചിറയിൻകീഴ്. ഇതിൽ കുറുകെ ആററുങ്ങലിനടുത്തു് പൂവമ്പാറെ ഒരു വിശേഷമാതിരിപ്പാലം തീർത്തിട്ടുണ്ടു്. മെയിൻറോഡു കടക്കുന്നതു കിഴക്കുമാറിയുള്ള വാമനപുരം പാലത്തിൽ കൂടിയാണു്.

൨. കരമനയാറു്:—ഇതു് അഗസ്ത്യകൂടത്തിന്റെ വടക്കുപടിഞ്ഞാറുഭാഗത്തുനിന്നു പുറപ്പെട്ടു തെക്കുപടിഞ്ഞാറായി നെടുമങ്ങാട്ടും തിരുവനന്തപുരത്തുംകൂടി ഒഴുകി രണ്ടു ശാഖകളായി പിരിഞ്ഞു പൂന്തുറയ്ക്കു സമീപംവച്ചു സമുദ്രത്തിൽ ചേരുന്നു. നീളം ൪൧-മൈൽ. ഇതിൽ കുറുകെ തിരുവനന്തപുരത്തിനു സമീപം കെട്ടപ്പെട്ടിട്ടുള്ള കരമനപ്പാലം ഏററവും ഉറപ്പുള്ളതാണു്. ഏകദേശം ൧൦-കൊല്ലത്തെ പഴക്കമുണ്ടെങ്കിലും ഇതേവരെ യാതൊരു കേടും സംഭവിച്ചിട്ടില്ല. കുണ്ടമൺകടവിലും തിരുവല്ലത്തും ഓരോ പുതിയ പാലവും കെട്ടിയിട്ടുണ്ടു്. നെടുമങ്ങാട്ടിനുസമീപം അരുവിക്കര എന്ന സ്ഥലത്തുള്ള ഇതിലെ അരുവി പ്രസിദ്ധപ്പെട്ടതാണു്. ഇവിടുന്നു തിരുവനന്തപുരം പട്ടണത്തിലേക്കു കുഴൽവഴി നല്ല ശുദ്ധവെള്ളം കൊണ്ടുപോകുന്നുണ്ടു്. തീരസ്ഥലങ്ങൾ:—അയ്യനാട്ടു്, അരുവിക്കര വട്ടിയൂർക്കാവു, തിരുവനന്തപുരം, കരമനഗ്രാമം, തിരുവല്ലം. ഇതിന്റെ തെക്കോട്ടുള്ള ശാഖയുടെ മുഖത്താണു് കോവളം. കിള്ളിയാറു് ഇതിന്റെ ഒരു പോഷകനദിയാണു്.

൯. കിള്ളിയാറ്:—ഇതു നെടുമങ്ങാട്ടിനു സമീപമുള്ള പച്ചമലയിൽനിന്നും പുറപ്പെട്ടു തെക്കോട്ടൊഴുകി തിരുവനന്തപുരത്തിനു തെക്കു തിരുവല്ലത്തിനു സമീപംവച്ചു കരമനയാററിൽ ചേരുന്നു. കൃഷിക്കുപയോഗമായി ഇതിൽ അനേകം അണകൾ തീർത്തിട്ടുണ്ട്. പാലങ്ങളും വളരെയുണ്ട്. മരുതംകുഴി അണയിൽനിന്നാണ് കോട്ടയ്ക്കകത്തു് പത്മതീർത്ഥത്തിലേയ്ക്കു വെള്ളംകൊണ്ടുപോകുന്നതിനുള്ള കൊച്ചാറ് വെട്ടപ്പെട്ടിട്ടുള്ളതു്. നീളം ൧൫-മൈൽ വേനൽക്കാലത്തു് ഈ ആററിൽ വെള്ളം വളരെ ചുരുക്കമാണ്. എങ്കിലും വർഷകാലത്തു് ഇതിലെ വെള്ളപ്പൊക്കം നിമിത്തം പട്ടണത്തിൽ നാശം സംഭവിക്കാറുണ്ട്.

൧൦. നെയ്യാറ്:—ഇതു് അഗസ്ത്യകൂടത്തിന്റെ തെക്കുകിഴക്കേ ചരുവിൽനിന്നാണു പുറപ്പെടുന്നതു്. ഗതി മിക്കവാറും തെക്കായിട്ടാണ്. ഉല്പത്തിമുതൽ ഏകദേശം നെയ്യാററിൻകരെ എത്തുന്നതുവരെ അരുവികളോടുകൂടി ശക്തിയായിട്ടാണ് ഒഴുകുന്നതു്. അരുവിപ്പുറത്തു് ഇരുവശത്തും പൊക്കമുള്ള മലകളുണ്ട്. മലകളുടെ നടുക്കുള്ള ഒരു ഇടുക്കിൽ കൂടിയാണ് ആറു ഒഴുകുന്നതു്. കൃഷിക്കുപയോഗത്തിനായി ഇവിടെ ഒരു അണയ്ക്കും കാലിനും മുമ്പൊരിക്കൽ അടിസ്ഥാനമിട്ടിട്ടുണ്ടായിരുന്നു. അരുവിപ്പുറം കഴിഞ്ഞാൽ ഗതി മന്ദമായിട്ടാണ്. പൂവാററിനു സമീപംവച്ചു് ഇതു കടലിൽ ചേരുന്നു. ആകെ നീളം ൩൫-മൈൽ. പൂവാററിലുള്ള ഇതിന്റെ മുഖം പരന്ന് ഒരു ചെറിയ കായലുപോലെ കിടക്കുന്നു. ഇവിടുന്നാണു തെക്കുകിഴക്കോട്ടുള്ള അനന്തവിക്ടോറിയാമാർത്താണ്ഡൻ തോടു വെട്ടപ്പെട്ടിട്ടുള്ളതു്. തീരസ്ഥലങ്ങൾ—പെരുങ്കടവിള, നെയ്യാററുങ്കര, പൂവാർ.

൧൧. താമ്രവർണ്ണി—ഇതിന്റെ മേൽഭാഗത്തിനു പറളിയാറ് എന്നും കീഴ്ഭാഗത്തിനു കുഴിത്തുറയാറ് എന്നും പേരുകൾ ഉണ്ട്. മഹേന്ദ്രഗിരിയുടെ വടക്കുകിഴക്കു ഭാഗത്തുനിന്നു പുറപ്പെട്ടു തെക്കുപടിഞ്ഞാറായി കൽക്കുളം വിളവംകോട്ട് ഈ താലൂക്കുകളിൽകൂടി ഒഴുകി തേങ്ങാപ്പട്ടണത്തിനു സമീപത്തുവച്ചു സമുദ്രത്തിൽവീഴുന്നു. നീളം ൩൬-മൈൽ. തീരസ്ഥലങ്ങൾ:—പൊന്മന, തിരുവട്ടാറ്, കുഴിത്തുറ, മുഞ്ചിറ. കൃഷിക്കുപയോഗമായി അണകൾ ഇതിലുണ്ട്. അവയിൽ പ്രസിദ്ധം പൊൻമന അണയും പാണ്ഡ്യൻ അണയുമാണ്. നാഞ്ചിനാട്ടു മുതലായ സ്ഥലങ്ങളിലേയ്ക്കു വെള്ളം കൊണ്ടുപോകുന്നതിന് ഇവിടുന്നു കാലുകൾ വെട്ടപ്പെട്ടിട്ടുണ്ട്.

താമ്രവൎണ്ണിയിൽ കുഴിത്തുറയും തിരുവട്ടാററും പൊന്മനയും പാലങ്ങൾ പണിയിച്ചിട്ടുണ്ട്.

൭൫. കോതയാറ്:—താമ്രവൎണ്ണിയുടെ പോഷകനദിയാണ് കോതയാറ്. ഇതു മൊട്ടച്ചിമലയ്ക്കു മുകളിലുള്ള മുത്തുക്കുഴിവയൽ ഉന്നതതടത്തിൻെറ ചരുവിൽനിന്നും പുറപ്പെട്ടു വിളവൻകോട്ടുതാലൂക്കിൽകൂടി ഒഴുകി തിരുവട്ടാററിനു് അല്പം പടിഞ്ഞാറുവച്ചു താമ്രവൎണ്ണിയിൽ ചേരുന്നു. ഇതിലെ ഒഴുക്കു ബഹുശക്തിയായിട്ടുള്ളതാണ്. അരുവികൾ ധാരാളമുണ്ട്. തൃപ്പരപ്പിനു സമീപത്തു വിശേഷപ്പെട്ടതായ ഒരു അരുവിയുണ്ട്. ഇതിൻെറ പേർ ഭദ്രകാളി അരുവി എന്നാണ്. തെക്കൻഡിവിഷനിലെ കൃഷിക്കു വേണ്ട വെള്ളത്തിനു് ഇപ്പോൾ കെട്ടപ്പെട്ടിട്ടുള്ള പേച്ചിപ്പാറഅണ ഈ ആററിൻെറ മേൽഭാഗത്താണ്. അണയ്ക്കു് ഏകദേശം ൧൩൦൦ (ആയിരത്തിനാന്നൂറ്) അടി നീളവും ൭൭൫ അടി പൊക്കവുമുണ്ട്. മുകളിൽ ഉദ്ദേശം നാലു ചതുരശ്രമൈൽ വെള്ളം കെട്ടി വലിയ തടാകമായിക്കിടക്കുന്നു. ഇതിൻെറ ഇടതെ ചാൽവഴി വെള്ളം പൊന്മന അണയിലേയ്ക്കും അവിടുന്നു നാഞ്ചിനാട്ടേയ്ക്കും കൊണ്ടുപോകപ്പെടുന്നു. ഈ അണനിമിത്തം കോതയാററിലെ വെള്ളം അധികം നിഷ്ഫലമായി പോകുന്നില്ല. നീളം ൨൦-മൈൽ. തീരസ്ഥലങ്ങൾ:—കളിയൽ, തൃപ്പരപ്പ്, അരുമന. നാടുനീങ്ങിയ വിശാഖം തിരുനാൾ തിരുമനസ്സുകൊണ്ട് കല്പിച്ചു പണികഴിപ്പിച്ചിട്ടുള്ള ഒരു മണ്ഡപം തൃപ്പരപ്പിനു സമീപത്ത് ആററിൻെറ നടുവിലായിട്ടുണ്ട്.

൭൬. പഴയാറ് അല്ലെങ്കിൽ വടശ്ശേരിയാറ്:—ഇതു മഹേന്ദ്രഗിരിയുടെ താഴ്വരയിലുള്ള രണ്ടാംവരി മലകളിൽനിന്നും പുറപ്പെട്ടു് തോവാള, അഗസ്തീശ്വരം ഈ താലൂക്കുകളിൽകൂടി മിക്കവാറും തെക്കോട്ടായി ഒഴുകി മണക്കുടിക്കായലിൽ ചെന്നുചേരുന്നു. ഇതിലെ വെള്ളം ഒട്ടുമിക്കവാറും കൃഷിക്കുപയോഗമായി ഭവിക്കുന്നുണ്ട്. താമ്രവൎണ്ണിയുടെ അണകളിൽനിന്നു ചാലുകൾവെട്ടി ഇതിലേയ്ക്കു വെള്ളം പായിക്കുന്നു. പ്രധാന ചാലാണ് പാണ്ഡിയൻകാല്വ്. പഴയാറും കായലുകളും ഉൾപ്പെട്ട പ്രദേശത്തെ "നാഞ്ചിനാട്" എന്നുവിളിക്കുന്നു. ഈആററിലെ വെള്ളമാണ് നാഞ്ചിനാട്ടിലെ വിളവിനു മുഖ്യകാരണമായി ഭവിക്കുന്നത്. ഇതിലെ വെള്ളം മതിയാകാത്തതുകൊണ്ടു മററു നദികളിലും അണകൾ കെട്ടി ഇതിലേക്കു വെള്ളം പായിക്കുന്നതിനു വേലകൾ ചെയ്തിരിക്കുന്നു. നീളം ൨൩-മൈൽ—തീരസ്ഥലങ്ങൾ:—ഭൂതപ്പാണ്ടി, ഒഴുകിണശ്ശേരി, നാഗർകോവിൽ, കോട്ടാറ്, ശുചീന്ദ്രം, താമരക്കുളം.

മെയിൻറോഡു കടക്കുന്നിടത്തു് ഒഴുകിണശ്ശേരിയിലും കന്യാകുമാരിറോഡിൽ ശുചീന്ദ്രത്തും ഭൂതപ്പാണ്ടിക്കുവടക്കു ദർശനംകോപ്പിലും പാലങ്ങൾ പണിയിച്ചിട്ടുണ്ടു്.

## അദ്ധ്യായം ൪.

### കായലുകൾ.

കിഴക്കുഭാഗത്തു മലയും, കുന്നും, കാടും, തോടും കാഴ്ചയ്ക്കു എത്ര മനോഹരങ്ങളായിരിക്കുന്നുവോ അപ്രകാരംതന്നെ പടിഞ്ഞാറുഭാഗത്തു സമുദ്രതീരത്തോടടുത്തു കിടക്കുന്ന കായലുകളും മനോഹരങ്ങളായിരിക്കുന്നു. കായലുകൾ എന്നു് ഇവിടെ പറയുന്നതു പടിഞ്ഞാറുവശത്തു സമുദ്രത്തിൽനിന്നും കരയ്ക്കുള്ളിലേയ്ക്കു തള്ളിക്കിടക്കുന്ന ജലാശയങ്ങളെയാണു്. ഇവകൾ കിടപ്പുകൊണ്ടു പരപ്പുകൊണ്ടും മന്ദമായി വീശുന്ന കാററുകൊണ്ടും, കരകളിൽ തിങ്ങിനില്ക്കുന്ന തെങ്ങു മുതലായ വൃക്ഷങ്ങളെക്കൊണ്ടും പ്രശോഭിതങ്ങളായിരിക്കുന്നു. കച്ചവടസൌകര്യത്തിനും ഗതാഗതങ്ങൾക്കും സമീപദേശങ്ങളുടെ അഭിവൃദ്ധിക്കും ഇവ വളരെ ഉപയുക്തമായിരിക്കുന്നുണ്ടു്. മിക്ക കായലുകളും സമുദ്രത്തോടു നേരിട്ടോ തോടുമുഖേനയോ സംബന്ധപ്പെട്ടവയാണു്. ചില കായലുകൾ വർഷകാലത്തു മാത്രമേ സമുദ്രത്തോടു സംബന്ധിക്കപ്പെട്ടിരിക്കുന്നുള്ളു. അല്ലാത്തപ്പോൾ ഇടയ്ക്കു മണൽത്തിട്ടയുണ്ടായിരിക്കും. ഇതിന്റെ പേർ പൊഴി എന്നാണു്. പൊഴിമുറിയുമ്പോൾ സമുദ്രത്തോടു ചേരും. സദാ സമുദ്രത്തോടു തൊട്ടുകിടക്കുന്ന ഭാഗങ്ങളെ അഴി എന്നു പറയുന്നു. കായലുകളിലെ വെള്ളം ഉപ്പുള്ളതാണു്. ഏററം ഇറക്കം മുതലായ മാററം കായലുകൾക്കും ഉണ്ടു്. ഏററം സമയത്തു് ഏകദേശം മൂന്നടി വെള്ളം പൊങ്ങും. ആറുകൾവഴി ആണ്ടുതോറും വളരെ വളം കായലുകളിൽ വന്നു ചേരുന്നു. അതുകൊണ്ടു് അധികം ആഴമില്ലാത്ത ഭാഗങ്ങൾ ചിറയിട്ടടുത്തു ചിലപ്പോൾ കൃഷി ചെയ്യപ്പെടുന്നുണ്ടു്. കായലുകളിൽ പലമാതിരി മത്സ്യം, ചീങ്കണ്ണി, മുതല, നീർനായ് മുതലായവ കാണപ്പെടുന്നു. കരകളിൽ ഒതളം ഒട്ടൽ പന്ന മുതലായവ ധാരാളം ഉണ്ടാകുന്നു. ഏകദേശം തെക്കെ അററം മുതൽ വടക്കേ അററംവരെ സമുദ്രതീരത്തുകൂടി കായലുകൾ ഉണ്ടു്. തിരുവനന്ത

പുരംമുതൽ വടക്കോട്ടുള്ള കായലുകൾ തോടുകളാലും ആറുകളാലും യോജിപ്പിക്കപ്പെട്ടിരിക്കുന്നു. തെക്കു രണ്ടു കായലുകളാണു പറയത്തക്കവയായിട്ടുള്ളതു്. അവ അഗസ്തീശ്വരം താലൂക്കിൽ ചേന്ന മണക്കുടികായലും നെയ്യാററുങ്കരത്താലൂക്കിൽ ചേന്ന വെള്ളായണികായലുമാകുന്നു. കുട്ടനാട്ടിൽ ചെയ്യുവരുന്നമാതിരി പുഞ്ചക്കൃഷി അപൂർവ്വമായി വെള്ളായണിയിലും ചെയ്യാറുണ്ടു്. വടക്കോട്ടുള്ള കായലുകളെ തിരുവനന്തപുരംമുതൽ മുറയ്ക്കു താഴെ വിവരിക്കുന്നു.

൧. വേളീക്കായൽ:—ഇതു തെക്കുവടക്ക് ഒരുനാഴിക നീളത്തിൽ കിടക്കുന്നു. കിഴക്കേക്കര പാറക്കൂട്ടങ്ങളോട്ടുകൂടിയ ഒരു ചെറിയ കുന്നാണ്. ഈ കുന്നിന്റെ പേരു "പുലയനാർകോട്ട" എന്നാകുന്നു. ഇവിടെ ഒരു പുലയൻപ്രഭു ഉണ്ടായിരുന്നു എന്നും ചുററുപാട്ടും സ്ഥലങ്ങൾ അയാളുടെ അധീനത്തിലായിരുന്നു എന്നും കേൾവിയുണ്ടു്. ഇതിന്റെ താണ ചരിവിലും, മററു കരകളിലും തെങ്ങിൻതോപ്പുകൾ ഉണ്ടു്. തിരുവനന്തപുരം പട്ടണത്തിൽനിന്നും നാലുനാഴികയിലധികം ദൂരമില്ലാത്തതുകൊണ്ടു വിശേഷദിവസങ്ങളിൽ പട്ടണവാസികളായ യുവാക്കൾ ഇവിടെ വള്ളംകളി മുതലായ ആഘോഷങ്ങൾ നടത്തുന്നതിനു് എത്താറുണ്ടു്. കായലും കുന്നും കാഴ്ചയ്ക്കു വളരെ മനോഹരങ്ങളാണ്. ഇതിനെ ചാക്കയിൽതോട്ടു തിരുവനന്തപുരം പട്ടണത്തോട്ടു ചേക്കുന്നു.

൨. കഠിനംകുളം:—ഇതു് തിരുവനന്തപുരംതാലൂക്കിന്റെ വടക്കേ അതിത്തിയിലാണ്. നീളം ഏകദേശം മൂന്നുനാഴികയുണ്ടു്. ചാന്നാങ്കരത്തോട്ടു വേളീക്കായലിനെ കഠിനംകുളത്തിനോട്ടു ചേക്കുന്നു. ഈ തോട്ടു വെട്ടപ്പെട്ടതു് പാർവ്വതിറാണിയുടെ കാലത്താണ്. കരകളിൽ തെങ്ങുകൃഷിയുണ്ടു്.

൩. അഞ്ചുതെങ്ങിൽകായൽ:—ഇതു് ചിറയിൻകീഴ്താലൂക്കിന്റെ പടിഞ്ഞാറുഭാഗത്താണ്. ഇതിനു വടക്കാണു കോഴിത്തോട്ടംകായൽ. രണ്ടുംകൂടി രണ്ടുനാഴിക നീളമുണ്ടു്. ഇതിൽ വീഴുന്ന വാമനപുരം ആററിന്റെ മുഖത്തുള്ള പൊഴിയെ "മുതലപ്പൊഴി" എന്നു വിളിക്കുന്നു. കഠിനംകുളംകായലിനെ ചിറയിൻകീഴ്തോട്ടു് അഞ്ചുതെങ്ങിനോട്ടു ചേക്കുന്നു. ഈ കായലുകളുടെ കരകളിൽ തെങ്ങുകൃഷി സാമാന്യത്തിലധികം നന്നായി ചെയ്യുന്നുണ്ടു്. ചുററും താമസിക്കുന്ന ഈഴവർ പരിശ്രമശീലന്മാരാണ്. ഈ കായലിന്റെ പടിഞ്ഞാറുവശത്തുള്ള ഇടുങ്ങിയ കരയാണ് ബ്രിട്ടീഷുകാരുടെ വക അഞ്ചുതെങ്ങു്.

൪. ഇടവാ, നടയറ:—ഇവയും ചിറയിൻകീഴ്താലൂക്കിൽ ഉൾ

പ്പെട്ടവതന്നെ. ചൊവ്വില്ലാതെ വളഞ്ഞുതിരിഞ്ഞാണു കിടപ്പ്. കരകൾ വളരെ ഉറപ്പുള്ളവയും ഇടുങ്ങിയവയുമാണ്. ആഴം കൂടുതൽ ഉണ്ട്. കാറ്റുള്ളപ്പോൾ ഇതിലെ കാറ്റും ഓളവും വളരെ വൈഷമ്യമുള്ളവയാണ്. വർഷകാലത്തു ചിലപ്പോൾ വള്ളങ്ങൾക്ക് അപകടം സംഭവിക്കാറുണ്ട്. രണ്ടിനുംകൂടി തെക്കുവടക്കു നീളം നാലുമൈൽ വരും. കോഴിക്കോട്ടത്തെ ഇടവാക്കായലിനോടു ചേൎക്കുന്നതു വൎക്കലത്തോടാണ്. ഇതിൽ രണ്ടു പ്രസിദ്ധ തുരങ്കങ്ങൾ ഉണ്ട്. വൎക്കലക്കുന്നു തുരന്നുണ്ടാക്കീട്ടുള്ള ഈ തുരങ്കങ്ങൾ വഴിയാത്രക്കാൎക്കും കച്ചവടക്കാൎക്കും വളരെ സൌകൎയ്യത്തെ കൊടുത്തിരുന്നു. വലിയ തുരപ്പിന് ൨൩൩൮ അടിയും ചെറിയ തുരപ്പിന് ൭൨൮ അടിയുമാണു നീളം. തെക്കേ തുരപ്പാണ് ചെറുത്. ഇവ രണ്ടും പണികഴിപ്പിച്ചതു് ആയില്യംതിരുനാൾ മഹാരാജാവിന്റെ കാലത്താണ്. ഈ തുരപ്പിന്റെ തെക്കുവശത്തു സമുദ്രം ആക്രമിച്ചുവരുന്നു. അതിനെ തടുക്കാനായി അനവധി ദ്രവ്യം ചെലവുചെയ്തു എൻജിനീയർവേലകൾ നടത്തീട്ടുണ്ട്. വൎക്കലത്തോടും തുരപ്പുകളുംകൂടി ഏഴുമൈൽ നീളമുണ്ട്. ഇവയുടെ പണിയും തുക്കായുള്ള ഉറച്ച കരകളും അവയെ അലങ്കരിക്കുന്ന പന്ന, ഈന്തൽ, കൈത, ഞാറ മുതലായ ചെടികളും വളരെ മനോഹരങ്ങൾ ആണ്.

൫. പരവൂർക്കായൽ:—ഇതു കൊല്ലംതാലൂക്കിൽ ചേന്നതാണ്. ഇതും ഇതോടു ചേൎന്നുകിടക്കുന്ന ഇരവിപുരംകായലുംകൂടി അഞ്ചുമൈൽ നീളമുണ്ട്. കിഴക്കേവശം കുന്നും, മറ്റുതീരങ്ങൾ മണൽപ്രദേശങ്ങളുമാണ്. നടയറക്കായലിനെ പരവൂരിനോടു ചേൎക്കുന്നതു പരവൂർതോടാകുന്നു. പാൎവ്വതിറാണിതിരുമനസ്സിലെ കാലത്താണ് ഈ തോടു വെട്ടിച്ചിട്ടുള്ളതു്. തോട്ടിന്റെ ഇരുകരകൾക്കും വളരെ പൊക്കമുണ്ട്. ഈ കായലിന്റെ കിഴക്കേക്കരയിൽ വടക്കുമാറി ഭൂമിക്കടിയിൽ സിമന്റുപാറയും തെക്കുമാറി കൽചുണ്ണാമ്പും ഉള്ളതായി അറിയപ്പെടുന്നു.

൬. അഷ്ടമുടിക്കായൽ:—ഇതും കൊല്ലംതാലൂക്കിൽ ചേന്നതുതന്നെ. കിടപ്പു കിഴക്കുപടിഞ്ഞാറു നീളത്തിലാണ്. തിരുവിതാംകൂറിലെ മറ്റു കായലുകളെ അപേക്ഷിച്ച് ഇതു് അഷ്ടമുടിയുടെ ഒരു വിശേഷയോഗ്യതയാകുന്നു. നീളം ൧൦-മൈൽ. ഇതിനു പല ഉൾക്കായലുകൾ ഉണ്ട്. പ്രധാനമായി എട്ടു ശാഖകൾ ഉള്ളതുകൊണ്ടാണ് "അഷ്ടമുടി" എന്നു പറയുന്നതു്. അഷ്ടമുടിയുടെ കിഴക്കുള്ള കാഞ്ഞിരക്കോട്ടുകായൽ രുചിയും ഗുണവുമുള്ള മത്സ്യങ്ങൾക്കു പ്രസിദ്ധപ്പെട്ടതാണ്. കൊല്ലത്തിനു സമീപം കുരുവി

പ്പുഴ, തേവള്ളി മുതലായ ഭാഗങ്ങൾ ഓളംകൊണ്ടും കാററു പിശറു മുതലായവകൊണ്ടും അപകടകരങ്ങളാകുന്നു. ഇവയുടെ കരയുള്ള തേവള്ളിക്കൊട്ടാരം, ആശ്രാമത്തു റസിഡൻസി, കുരവിപ്പുഴബംഗ്ലാവു മുതലായ കെട്ടിടങ്ങൾ വിശേഷാലങ്കാരങ്ങൾ ആണ്. ഈയിടെ സ്ഥാപിച്ച "കുണ്ടറ" പിഞ്ഞാണവ്യവസായശാല അഷ്ടമുടിയുടെ തെക്കുകിഴക്കെക്കരയിൽ സ്ഥിതിചെയ്യുന്നു. കൊല്ലംതോടു പരവൂർക്കായലിനെ അഷ്ടമുടിയോടു ചേർക്കുന്നു. അഷ്ടമുടിയുടെ കരകളും കാഴ്ചയ്ക്കു മനോഹരങ്ങളാണ്. നീണ്ടകരഅഴി ഇതിനെ സദാ സമുദ്രത്തോടു യോജിപ്പിക്കുന്നു. നീണ്ടകരഅഴിക്കു കുറുകെ ഈയിടെ പണിതീർക്കപ്പെട്ട വലിയ ഇരുമ്പുപാലം സംസ്ഥാനത്തെ എൻജിനീയർവേലകളിൽ മാന്യസ്ഥാനത്തെ അർഹിക്കുന്ന ഒന്നാണ്. ഈ അഴിയിൽകൂടി പത്തേമാരികൾ പോക്കുവരത്തുചെയ്യുന്നു. ഇതിനു പാലത്തിൽ വിശേഷസൂത്രപ്പണികൾ ചെയ്തിട്ടുണ്ട്.

൭. കായംകുളത്തുകായൽ.—ഇതു കരുനാഗപ്പള്ളി കാർത്തികപ്പള്ളി ഈ താലൂക്കുകളിൽ കിടക്കുന്നു. പരന്നതും ആഴമില്ലാത്തതുമാണ്. ഈ കായലിൻെറ അഴിയിൽകൂടി ചെറുതരം ഉരുക്കൾ ഉള്ളിൽകടന്നു മുൻപു കായംകുളംപട്ടണത്തിലെ കച്ചവടത്തിനു പ്രസിദ്ധിയുണ്ടാക്കിയിരുന്നു. പണ്ടു ഈ കായലിൽ കള്ളന്മാരുടെ ശല്യമുണ്ടായിരുന്നിട്ടുണ്ട്. "കായംകുളം കൊച്ചുണ്ണി" "ആറാട്ടുപുഴ വേലായുധൻ" എന്ന പേരുകൾ ഇപ്പോഴും ഭയത്തെ ഉണ്ടാക്കുന്നവയാണ്. മുമ്പു ഇതിൻെറ കരയിൽ ഒരു ചെറിയപോലീസ്സ്റ്റേഷനും അവിടവിടെ രണ്ടുമൂന്നു കാവൽസ്ഥലങ്ങളും ഉണ്ടായിരുന്നു. ഇതിനു ചുററുമുള്ള കരകൾ കൃഷിക്കു പ്രസിദ്ധപ്പെട്ടവയാണ്. സമീപവാസികൾ മിക്കവാറും സമ്പന്നന്മാരാകുന്നു. ചവറ, പന്മന മുതലായ തോടുകളും മഞ്ഞപ്പാടം, പൊന്മന, ആയിരംതെങ്ങു എന്ന കായലുകളും അഷ്ടമുടിയെ കായംകുളത്തോടു യോജിപ്പിക്കുന്നു.

൮. വേമ്പനാട്ടുകായൽ:—ഇതു അമ്പലപ്പുഴ, ചങ്ങനാശ്ശേരി കോട്ടയം, വൈക്കം, ചേർത്തല ഈതാലൂക്കുകളുടെമദ്ധ്യേകിടക്കുന്നു. കൊച്ചീസംസ്ഥാനത്തിൻെറ തെക്കെഅററം ഇതിനെ തൊട്ടാണ് കിടക്കുന്നതു്. ഇതിനു ഏകദേശം ൫൦-മൈൽ നീളമുണ്ട്. ശരാശരി വീതി ൯-മൈൽ. ഈ സംസ്ഥാനത്തിലുള്ള കായലുകളിൽ വെച്ചു ഏററവും വലുതു് ഇതാണ്. തൃക്കുന്നപ്പുഴത്തോടു്, തോട്ടപ്പള്ളി, കരുമാടി ഈ തോടുകളും പമ്പാനദിയുടെ ശാഖകളായ പൂക്കൈതയാറും പള്ളാത്തുരുത്തിയാറും കായംകുളത്തു കായലിനെ

വേമ്പനാട്ടു കായലിനോട്ടു ചേക്കുന്നു. തണ്ണീർമുക്കം കൈതപ്പുഴ മുതലായ ഭാഗങ്ങൾ അപകടസ്ഥാനങ്ങളാണ്. നമ്മുടെ ആലപ്പുഴ, കോട്ടയം, ചങ്ങനാശ്ശേരി ഈ പട്ടണങ്ങളും കൊച്ചിയും തമ്മിലുള്ള ഗതാഗതസൌകൎയ്യത്തിന് ഇതിൽകൂടി ആവിബോട്ടു നടത്തപ്പെടുന്നു. കരയ്ക്കുസമീപം ഈ കായലിന്റെ ചില ഭാഗങ്ങൾ ചിറയിട്ടെടുത്ത് പുഞ്ചകൃഷിചെയ്തുവരുന്നു. ഈകായലിൽ ഒന്നു രണ്ടു ദ്വീപുകൾ ഉണ്ട്. അവയിൽ വലുത് പാതിരാമണലാണ്. പള്ളിപ്പുറവും പെരുമ്പളവും വേമ്പനാട്ടുകായലിൽ ദ്വീപുകളുടെ കൂട്ടത്തിൽ ഗണിക്കത്തക്കവയാണ്. കൊച്ചീലഴി ഇതിനെ സദാ സമുദ്രത്തോടു യോജിപ്പിക്കുന്നു. അഴിക്കുള്ളിൽകൂടി വൻകപ്പലുകളെ അകത്തുകടത്തി കച്ചവടത്തെ അഭിവൃദ്ധമാക്കുന്നതിനു തുറമുഖപ്പണികൾ മിക്കവാറും തീൎന്നുകഴിഞ്ഞിട്ടുണ്ട്. ഇതുനിമിത്തം യൂറോപ്പ് അമേരിക്ക മുതലായ ഖണ്ഡങ്ങളുമായി കപ്പൽവ്യാപാരത്തിനു ശക്തികൂടിവരുന്നു.

൯. കൊടുങ്ങല്ലൂർകായൽ:—ഇതു തിരുവിതാംകൂറിനും കൊച്ചിക്കും ഇടയ്ക്കുള്ള ഒരു കായലാണ്. പറവൂർത്താലൂക്കിന്റെ വടക്കാണ് കിടപ്പ്. വേമ്പനാട്ടുകായലിനെ കൊടുങ്ങല്ലൂരിനോടു യോജിപ്പിക്കുന്നതു് വീതി നന്നാക്കുറഞ്ഞു നെടുനീളത്തിലുള്ള ഒരു ജലാശയമാണ്.

൧൦. ശാസ്താംകോട്ടക്കായൽ:—ഇതിന്റെ കിടപ്പു സമുദ്രതീരത്തല്ല. അഷ്ടമുടിക്കായലിനു വടക്കുകിഴക്കുമാറി കുന്നത്തൂർ താലൂക്കിലാണ്. വെള്ളം ഉപ്പുള്ളതല്ല. ഈ സംസ്ഥാനത്തെ ശുദ്ധജലതടാകങ്ങളിൽവച്ചു വലുതു് ഇതാണ്. തോവാളത്താലൂക്കിലെ താഴക്കുടികുളവും, കല്ക്കുളംതാലൂക്കിലെ മേക്കോട്ടുകുളവും ചെറിയ തടാകങ്ങളാണെന്നു പറയത്തക്ക വലിപ്പമുള്ളവയാണ്.

മേൽ വിവരിക്കപ്പെട്ട കായലുകളിൽ അഷ്ടമുടിയും വേമ്പനാട്ടും മാത്രമേ സദാ സമുദ്രത്തോടു തൊട്ടുകിടക്കുന്നുള്ളു. മററു കായലുകൾ ഏറെക്കുറെ വൎഷകാലത്തു പൊഴിമുറിഞ്ഞു സമുദ്രവുമായി യോജിച്ചിരിക്കും. അഷ്ടമുടിയെ യോജിപ്പിക്കുന്ന അഴിക്ക് നീണ്ടകര അഴിയെന്നും വേമ്പനാട്ടിനെ യോജിപ്പിക്കുന്നതിനു കൊച്ചീലഴിയെന്നുമാണ് പേരുകൾ. നീണ്ടകര അഴിക്കു കുറുകെ ഇപ്പോൾ പാലംപണിയിച്ചിട്ടുണ്ട്. പൊഴികളിൽ പ്രധാനപ്പെട്ടവ പരവൂരും കായംകുളവുമാണ്. വടക്കുപടിഞ്ഞാറേ ഭാഗത്തു കൊച്ചിയുടേയും തിരുവിതാംകൂറിന്റെയും ഇടയ്ക്കു് അതിൎത്തിയിൽ അന്തകാരഅഴി കിടക്കുന്നു.

## സമുദ്രതീരം.

ഈ സംസ്ഥാനത്തിന് ൧൩൨-മൈൽ സമുദ്രതീരം ഉണ്ട്. ഇതു തിരമറിഞ്ഞു വീഴുന്ന കടൽക്കരയിൽനിന്നും ഒരു ഫർലാംഗ് വീതിയിൽ കുറവില്ലാത്തപരന്നുതാണമണൽപ്രദേശമാണ്. അവിടവിടെ ഉറച്ചു് അല്പം ഉന്തിനിൽക്കുന്ന മുനമ്പു് ഉണ്ട്. കന്യാകുമാരി, മുട്ടം, കോവളം, വർക്കല, തങ്കശ്ശേരി മുതലായ മുനമ്പുകൾ (കോടികൾ) ഉറപ്പുള്ളവയാണ്. സമുദ്രതീരം മിക്കവാറും തെങ്ങുകളാൽ അലങ്കരിക്കപ്പെട്ടിരിക്കുന്നു. കടപ്പുറത്തെ മണലിന്റെനിറം സാധാരണയായി മഞ്ഞൾ കലർന്ന ഒരു ഇരുണ്ട നിറമാണെങ്കിലും ഇവിടത്തെ സമുദ്രതീരത്തു ചിലയിടങ്ങളിൽ പലനിറത്തിലുള്ള മണൽ കാണുന്നുണ്ട്. കന്യാകുമാരിയിലെ മണൽ തരത്തിലും നിറത്തിലും നാനാവിധമായിട്ടുള്ളതാണ്. ഇരുണ്ട ചുവപ്പുനിറത്തിലുള്ള ഒരുതരം മണൽ ഇവിടുന്ന് അന്യരാജ്യങ്ങളിലേക്കു കയററി അയയ്ക്കുന്നുണ്ട്. "മാണോസൈററ്" എന്നാണ് ഇതിന്റെപേര്. ഇത് അവിടെ പലകൈത്തൊഴിലുകൾക്കും ഉപകരിക്കുന്നുണ്ടത്രേ. കൊല്ലത്തിനു വടക്കു, കുറേദൂരം കറുത്തിരുണ്ടതും മിനുസമുള്ളതുമായ ഒരുവക നല്ല പൊടിമണൽ ഉണ്ട്. ഒപ്പുകടലാസ്സു ധാരാളമായി വന്നുതുടങ്ങുന്നതിനു മുമ്പു് എഴുതിയ മഷി ഉണക്കുന്നതിന് ഈ മണൽ ഉപയോഗപ്പെടുത്തി വന്നിരുന്നു. തിരുവനന്തപുരത്തിനു പടിഞ്ഞാറുഭാഗത്തു പരന്നുകിടക്കുന്ന ശുദ്ധവെള്ളയായും നേർമ്മയായും ഉള്ള പൊടിമണൽ കാഴ്ചയ്ക്കു കൌതുകകരമായിട്ടുള്ളതാണ്. ഇതിനെ രസികൻകുന്നെന്നാണ് വിളിച്ചു വരുന്നതു്.

**തുറമുഖങ്ങൾ.** ഈ സംസ്ഥാനത്തിൽ നെടുനീളത്തിൽ കിടക്കുന്ന സമുദ്രതീരത്തെ മുറിച്ചു വിട്ടുവിക്കുന്നതിനായി അനേകം നദീമുഖങ്ങളും കായൽ സംബന്ധിച്ച ഏതാനും അഴികളും ഉണ്ട്. നദികളുടെ മുഖം പരന്ന ചെറിയ കായലുകളുടെ സ്ഥിതിയെ പ്രാപിച്ചിരിക്കുന്നു. വലിയ തുറമുഖങ്ങൾ അധികമില്ലെങ്കിലും കാററും പിശറുമുള്ളകാലങ്ങളിൽ കപ്പലിനു രക്ഷ നല്കുന്നതായ സ്ഥലങ്ങൾ ഏതാനും ഉണ്ട്. ഇവയിൽവച്ചു ഏററവും പ്രധാനമായതു് ആലപ്പുഴയാണ്. ഇവിടെ കരയിൽനിന്നും മൂന്നുമൈൽ അകലെയായി ഒരു ചിറ സമുദ്രത്തിനുള്ളിലുണ്ട്. ചെളിയാൽ നിർമ്മിതമായ ഈ ചിറ പുറക്കാട്ടിനു തെക്കുവരെ ഉദ്ദേശം ആറുമൈൽ നീളത്തിൽ നീണ്ടുകിടക്കുന്നു. ഭയങ്കരമായ കാററുള്ളപ്പോൾ കപ്പലുകൾക്ക് ഇവിടെ നിർഭയമായി നിൽക്കാം. കൊല്ലം കുളച്ചൽ, അഞ്ചുതെങ്ങ്, വിഴിഞ്ഞം, പൂവാറ്, മണക്കുടി ഇവയും തുറമുഖങ്ങളാണ്. തിരുവനന്തപുരം പട്ടണത്തിനു പടിഞ്ഞാറുള്ള വ

ലിയതുറ ശൂന്യമായ ഒരു തുറമുഖമായി ഭവിച്ചിരിക്കുന്നു. സദാ കാററുകൊണ്ടു ക്ഷോഭിച്ചിരിക്കുന്നതായ കന്യാകുമാരിക്കു വടക്കായി ലീപുരത്തിനടുത്തു ശ്രീമൂലപുരത്തു ഒരു തുറമുഖം സ്ഥാപിക്കാൻ ചെയ്ത ശ്രമം ഫലവത്തായില്ല. കുളച്ചലിനു സമീപം മുട്ടത്തും കൊല്ലത്തു തങ്കശ്ശേരിയിലും ആലപ്പുഴയും ഓരോ ദീപസ്തംഭം പണികഴിപ്പിച്ചിട്ടുണ്ടു്. തിരുവനന്തപുരത്തും ആലപ്പുഴയും ഓരോ കടൽപ്പാലവും തീൎത്തിട്ടുണ്ടു്.

തീരസ്ഥലങ്ങളിൽ ചിലേടത്തു സമുദ്രംകയറി അക്രമിച്ചിട്ടുള്ളതായും മററു ചിലേടത്തു പിൻവാങ്ങിയിട്ടുള്ളതായും കാണുന്നുണ്ടു്. തൃക്കുന്നപ്പുഴ കടപ്പുറത്തു തിരമാലകളുടെ ഇടയിൽകൂടി ചിലപ്പോൾ കാണാവുന്ന ഒരു ക്ഷേത്രത്തിന്റെ അവശിഷ്ടങ്ങളും പുറക്കാട്ടു കാണാവുന്ന കോട്ടയുടെ അംശങ്ങളും കടൽകയറിയതിനുള്ള ലക്ഷ്യങ്ങളാണു്. ഇരണിയൽ ചിലേടത്തും അമ്പലപ്പുഴയും സമുദ്രം പിൻവാങ്ങിയതായും കാണുന്നു. ഈയിടെ കൊല്ലത്തു തങ്കശ്ശേരിയിലും കല്ലുകുളത്തു കുളച്ചലിലും സമുദ്രം അക്രമിച്ചു വളരെ നാശങ്ങൾ ചെയ്തിട്ടുണ്ടു്. സമുദ്രതീരത്തു് അവിടവിടെ ഭഗവതി ക്ഷേത്രങ്ങൾ ഉണ്ടു്. ഇവയും മലവാരത്തുള്ള ശാസ്താക്കളും പരശുരാമപ്രതിഷ്ഠകളാണെന്നു ഊഹിക്കപ്പെട്ടിരിക്കുന്നു.


---

## അദ്ധ്യായം ൫.

---

### കാലാവസ്ഥ.

ഇവിടെ സൂൎയ്യന്റെ ഗതി മിക്കവാറും ആകാശമദ്ധ്യത്തിൽകൂടിയാണല്ലോ. അതുകൊണ്ടു ഭൂമിക്കും വായുവിനും സാമാന്യത്തിലധികം ചൂടുണ്ടായിരിക്കണമെന്നൂഹിക്കാം. എന്നാൽ വാസ്തവം അങ്ങനെ അല്ല. ഇവിടെ സൂൎയ്യൻ നിമിത്തമുള്ള ചൂടിനെ കുറയ്ക്കുന്നതിനും ശീതോഷ്ണാവസ്ഥയെ ക്രമപ്പെടുത്തുന്നതിനും പല കാരണങ്ങൾ ഉണ്ടു്. അവയിൽ പ്രധാനം ഭൂമിയുടെ നിരപ്പില്ലായ്മയും, പടിഞ്ഞാറുള്ള സമുദ്രത്തിന്റെ കിടപ്പും, കിഴക്കൻ മലകളുടെ സ്ഥാനവും, കാററിന്റെ ഗതിയും, മഴയുടെ ആധിക്യവുമാകുന്നു. സമുദ്രനിരപ്പിനോടു് ഒത്തുകിടക്കുന്ന പരന്ന പ്രദേശങ്ങളിലെ ശീതോഷ്ണാവസ്ഥ മിക്കവാറും സമനിലയിൽ സുഖകരമായിട്ടുള്ളതാണു്. സ്ഥലത്തിനു പൊക്കം കൂടുന്തോറും ഉഷ്ണം കുറഞ്ഞുകുറഞ്ഞും ശീതം കൂടിക്കൂടിയും വരുന്നു. ഏററവും പൊക്കം കൂടിയ അഗസ്ത്യകൂടത്തിലെയും മററും തണുപ്പു് അസഹ്യമാണു്.


തിരുവിതാംകൂർ സംസ്ഥാനം
ശരാശരി ജനസംഖ്യക്കണക്ക്
ചേർത്തല
അമ്പലപ്പുഴ
കാർത്തികപ്പള്ളി
കരുനാഗപ്പള്ളി
ചിറയിൻകീഴ്
തിരുവനന്തപുരം
നെയ്യാറ്റിൻകര
വിളവൻകോട്
കൽക്കുളം
അഗസ്തീശ്വരം
തോവാള
ചെങ്കോട്ട
ദേവികുളം
പീരുമേട്
പത്തനംതിട്ട
കൊല്ലം
കൊട്ടാരക്കര
പത്തനാപുരം
കുന്നത്തൂർ
മാവേലിക്കര
തിരുവല്ല
കോട്ടയം
വൈക്കം
തൊടുപുഴ
മൂവാറ്റുപുഴ
കുന്നത്തുനാട്
ച. മൈൽ. ൧ന്നിന്
100ൽ കുറവ്
100 നു മേൽ 300 വരെ
300 ,, 600 ,,
600 ,, 1000 ,,
1000 ,, 1500 ,,
1500 ,,

ഏകദേശം മൂവായിരം അടി പൊക്കത്തിലുള്ള പീരുമേട്ട മുതലായ പ്രദേശങ്ങളിലെ ശീതോഷ്ണാവസ്ഥ തണുത്ത രാജ്യക്കാരായ യൂറോപ്യന്മാൎക്ക ആനന്ദപ്രദമാകുന്നു. പരന്നു കിടക്കുന്ന താണ പടിഞ്ഞാറൻ ഭാഗങ്ങളിൽ അത്യുഷ്ണവും അതിശീതവും ബാധിക്കാറില്ല. എന്നാൽ പൎവ്വതനിരകളുടെ ഇടയ്ക്കുള്ള താഴ്വരകളിൽ വേനൽക്കാലത്തു് അത്യുഷ്ണവും തണുപ്പുകാലത്തു് അതിശീതവും ബാധിക്കാറുണ്ടു്. ദേശഭേദംകൊണ്ടുള്ള വ്യത്യാസങ്ങൾക്കു പുറമേ സമയഭേദംകൊണ്ടും കാലഭേദംകൊണ്ടും ശീതോഷ്ണാവസ്ഥയ്ക്കു മാററങ്ങൾ ഉണ്ടാകുന്നുണ്ടു്. ഓരോ ദിവസവും അതിരാവിലെ ഏകദേശം ൫ മണിക്കാണു തണുപ്പു കൂടുതൽ കാണുന്നതു്. ചൂടിന്റെ ആധിക്യം ഉച്ചതിരിഞ്ഞു് ഒന്നരമണി സമയത്താണു്. കാലഭേദംകൊണ്ടുള്ള മാററവും ഇപ്രകാരംതന്നെ. വൃശ്ചികം പകുതി മുതൽ കുംഭം പകുതിവരെയാണു് രാത്രി തണുപ്പു കൂടുതൽ ഉള്ളതു് ചൂടിന്റെ ആധിക്യം കുംഭം പകുതി മുതൽ മേടം പകുതിവരെ കാണപ്പെടുന്നു. ശീതോഷ്ണാവസ്ഥയെ അളന്നു നിശ്ചയിക്കുന്നതിനു രസം നിറച്ച "തെർമാമീററർ" എന്ന കണ്ണാടിക്കുഴലാണു് ഉപയോഗിക്കുന്നതു്. ചൂടു കൂടുംതോറുംഈ കുഴലിലുള്ള രസം മേല്പോട്ടു കയറുകയും കുറയുന്തോറും കീഴ്പ്പോട്ടു താഴുകയും ചെയ്യുന്നു. ഏററക്കുറച്ചിലിനെ കണക്കു കൂട്ടുന്നതു കുഴലിന്റെ പുറമേയുള്ള ഡിഗ്രി എന്ന വരകളാണു്. ഇതുകൊണ്ടു നിൎണ്ണയപ്പെടുത്തിയതിൽ ഇവിടത്തെ ശരാശരി ശീതോഷ്ണാവസ്ഥ ൭൫ ഡിഗ്രിയാണു്. മലയുടെ അടിവാരങ്ങളിൽ വേനൽക്കാലത്തു ൯൦ ഡിഗ്രിവരെ കൂടുകയും തണുപ്പുകാലത്തു കൊടുമുടിയുടെ മുകളിൽ ൫൦ ഡിഗ്രിവരെ കുറയുകയും ചെയ്യുന്നു. ഇവിടത്തെ ആകാശവായു നനവുള്ളതാണു്. പൊതുവിൽ വിചാരിക്കുന്നതായാൽ ശീതോഷ്ണാവസ്ഥ "നനവുള്ള ഉഷ്ണം" എന്നു പറയാം. ഇതു മനുഷ്യരുടെ ശരീരബലത്തിനും ഉന്മേഷത്തിനും ഹാനികരമാണു്.

ഇവിടെ പടിഞ്ഞാറു വശത്തുള്ള സമുദ്രത്തിൽനിന്നും മിക്കവാറുംകാലം കിഴക്കോട്ടു കാററു വീശിക്കൊണ്ടിരിക്കുന്നു. ഈ കാററു നീരാവിയോടു കലൎന്നതാണു്. ഇതിനെ കിഴക്കൻ മലകൾ തടുത്തു് അപ്പുറത്തു കടക്കാതെ സൂക്ഷിച്ചുകൊള്ളുന്നു. കാററിലുള്ള ഈ നീരാവി തണുത്തിട്ടാണു് മഴ പെയ്യുന്നതു്. അതുകൊണ്ടു നമ്മുടെ കിഴക്കൻ മലക്കോട്ടകൾ നിമിത്തം ഇവിടെ വർഷം ധാരാളമുണ്ടാകുന്നു. ഇടവമാസംമുതൽ തുലാം അവസാനംവരെ മിക്കവാറും മഴ പെയ്തുകൊണ്ടിരിക്കും. ഈ മഴക്കാലത്തെ രണ്ടായിട്ടു ഗണിക്കാം. ഇടവംമുതൽ കൎക്കടകംവരെയുള്ളതിനെ കാലവൎഷമെ

ന്നും തുലാത്തിലുള്ളതിനെ തുലാവർഷമെന്നും പറയുന്നു. ചിങ്ങം കന്നി മാസങ്ങളിൽ മഴ അധികം പെയ്യാറില്ല. കാലവർഷത്തെ കൊണ്ടുവരുന്നതു് തെക്കുപടിഞ്ഞാറൻ കാററും, തുലാവർഷത്തിനു കാരണം വടക്കുകിഴക്കൻ കാററുമാണു്. കാലവർഷത്തിൽ മിക്ക വാറും സമയം മഴയുണ്ടായിരിക്കും. എന്നാൽ തുലാവർഷത്തിൽ സാധാരണയായി വൈകുന്നേരമാണു് മഴ തുടങ്ങാറുള്ളതു്. ഭൂമി യിൽ പലയിടത്തും വീഴുന്ന മഴയെ അളന്നു കുറിക്കുന്നതു് ഇഞ്ചു കൊണ്ടാണു്. ഈ സംസ്ഥാനത്തിൽ ആകെ വീഴുന്ന മഴയെ ശരാ ശരിപ്പെടുത്തി നോക്കിയാൽ ആണ്ടിൽ ഉദ്ദേശം ൮൯ ഇഞ്ചു മഴ പെയ്യുന്നു എന്നു പറയാം. എന്നുവച്ചാൽ സംസ്ഥാനത്തിൽ ഒരു കൊല്ലം ആകെ വീഴുന്ന മഴവെള്ളം ഒട്ടും വററാൻ ഇടവരാതെ സൂക്ഷിച്ചുനിറുത്തി സമതലത്തിൽ ആകെ പരത്തുകയാണെങ്കിൽ വെള്ളത്തിന്റെ ആഴം ൮൯ ഇഞ്ചായിരിക്കും. തെക്കു മഴ വളരെ കുറവാണു്. വടക്കോട്ടും വടക്കുകിഴക്കോട്ടും പോകുന്തോറും കൂടു തൽ കൂടുതലായി വർഷിക്കുന്നു. കന്യാകുമാരിക്കു സമീപം ആണ്ടിൽ ൩൦ ഇഞ്ചു മഴയേ ശരാശരി പെയ്യുന്നുള്ളു. തെക്കൻ ഡിവിഷനി ലേതു ശരാശരി ൪൦ ഇഞ്ചും, തിരുവനന്തപുരം ഡിവിഷനിലേതു ൬൭ ഇഞ്ചും, കൊല്ലത്തേതു ൯൭ ഇഞ്ചും, കോട്ടയത്തേതു ൧൨൩ ഇഞ്ചും ആണു്. പീരുമേടിനു സമീപമാണു് ഏററവും അധികം മഴപെയ്യുന്നതു്. ഇവിടെ ഉദ്ദേശം ൨൦൦ ഇഞ്ചു മഴ വീഴുന്നു. നാഞ്ചിനാട്ടും ചെങ്കോട്ടയും അഞ്ചുനാട്ടുമാണു് മഴ കുറവുള്ള പ്ര ദേശങ്ങൾ.

ഈ സംസ്ഥാനത്തു പ്രധാനമായി മൂന്നു കാലങ്ങൾ ഉണ്ടു്. അവ വേനൽക്കാലവും, മഴക്കാലവും, മഞ്ഞുകാലവുമാകുന്നു. വേ നൽക്കാലം കുംഭംമുതൽ മേടംവരെയും മഴക്കാലം ഇടവം മുതൽ തുലാംവരെയും മഞ്ഞുകാലം വൃശ്ചികം മുതൽ മകരംവരെയും നി ലനില്ക്കുന്നു. മഞ്ഞുകാലവും വേനലും ഇവിടെ സുഖകരമല്ല. മല കളിൽ താമസിക്കുന്നവർ പ്രത്യേകം സൂക്ഷിക്കേണ്ടതാണു്. മല മ്പനിയും മസൂരിയും കൂടക്കൂടെ പിടിപെടാറുണ്ടു്. ഈയിട വേ നലിന്റെ കാഠിന്യംകൊണ്ടും വർഷം തീരെ ഇല്ലാത്തതിനാലും മ ലമ്പനികൊണ്ടു തെക്കൻതിരുവിതാംകൂറിലെ താഴ്വരകളിൽ വലിയ നാശങ്ങൾ സംഭവിച്ചിരിക്കുന്നു. അമ്പലപ്പുഴ മുതൽ വടക്കോട്ടു സമുദ്രതീരത്തുള്ളവക്കു ചിലപ്പോൾ "മന്തു" അല്ലെങ്കിൽ പെരു ക്കാൽ ഉണ്ടാകാറുണ്ടു്.

## അദ്ധ്യായം ൩.

---

### വിളവുകൾ.

ഇവയെ ലോഹങ്ങൾ, (ധാതുദ്രവ്യങ്ങൾ) സസ്യാദികൾ, ജീവജാലങ്ങൾ എന്നിങ്ങനെ മൂന്നു വർഗ്ഗങ്ങളിൽ ഗണിക്കാം.

### ലോഹങ്ങൾ.

ഇവിടത്തെ മലഞ്ചരിവുകളിൽ ഇരുമ്പു, ചെമ്പു ഈയം, സ്വർണ്ണം മുതലായ ലോഹങ്ങൾ കാണപ്പെടുന്നുണ്ട്. എന്നാൽ ഇവയെ കണ്ടുപിടിക്കുന്നതിനും ആകരങ്ങളിൽനിന്നു കുഴിച്ചെടുത്തു ശുദ്ധിചെയ്തു ഉപയോഗകരമാക്കിത്തീർക്കുന്നതിനുമുള്ള ദ്രവ്യച്ചെലവും പ്രയത്നവും വളരെ കൂടുതലാണെന്നു കാണുകയാൽ അതിലേക്കായി ഇപ്പോൾ അധികം യത്നം ചെയ്യുന്നില്ല. പമ്പാനദിയുടെ തീരത്തു റാന്നിവരെയുള്ള പ്രദേശങ്ങളിൽ സ്വർണ്ണമയം ഉണ്ടെന്ന് പലരും അഭിപ്രായപ്പെട്ടിട്ടുണ്ട്. നെടുമങ്ങാട്ടു പാറക്കൂട്ടങ്ങളിലും സ്വർണ്ണം അടങ്ങീട്ടുണ്ടെന്നു പറയുന്നു. ഇവ സ്വർണ്ണഖനികളാക്കി പ്രവർത്തിക്കുന്നതിന് ഇതേവരെ ആരും ദൃഷ്ടിവച്ചിട്ടില്ല. അല്പം മുമ്പു ഇവിടുന്നു കുഴിച്ചെടുത്തു അന്യരാജ്യങ്ങളിലേക്കു അയയ്ക്കപ്പെട്ടിരുന്നതായി ഈയം മാത്രമേയുണ്ടായിരുന്നുള്ളു. ഇതിന്റെ പ്രധാന ആകരം നെടുമങ്ങാട്ടിനു സമീപമുള്ള വെള്ളനാട്ടിലാണ്. ഈ താലൂക്കു പരിഷ്കാരത്തിലും മുതലെടുപ്പിലും ഇപ്പോൾ പിന്നോക്കമാണെങ്കിലും ഭൂഗർഭത്തിൽ അനേകം ലോഹങ്ങൾ അടങ്ങീട്ടുണ്ടെന്നും ഒരുകാലത്തു അവയെ കുഴിച്ചെടുത്ത് ഉപയോഗകരമാക്കിത്തീർക്കുന്നതിനും തന്നിമിത്തം മുതലെടുപ്പും പരിഷ്കാരവും ഇതരതാലൂക്കുകളെ അപേക്ഷിച്ചു വർദ്ധിക്കുന്നതിനും ഇടയുണ്ടെന്നും ഒരഭിപ്രായമുണ്ട്. വീടുപണികൾക്കു ഉപയോഗമുള്ള "വെട്ടുകല്ലും" കിണറുകെട്ടുന്നതിനും മററും ഉചിതമായ "നരിക്കല്ലും" പലയിടത്തും കാണുന്നുണ്ട്. വക്കലെ ഇവയ്ക്കു പ്രസിദ്ധപ്പെട്ടതാണ്. ധാതുദ്രവ്യങ്ങളുടെ കൂട്ടത്തിൽ ചേർത്തുകതാണല്ലോ ഉപ്പ്. ഇതു തെക്കൻഡിവിഷനിൽ ചില സ്ഥലങ്ങളിൽ വിളയിക്കുന്നു. പ്രധാന അളങ്ങൾ വാരിയൂർ, രാജാക്കമംഗലം താമരക്കുളം ഇവയാണ്, ഇതുകൊണ്ടു ഇവിടത്തെ ഉപയോഗത്തിനു മതിയാകാത്തതുകൊണ്ടാണു ബോംബെയിൽനിന്നും ആണ്ടുതോറും ഉപ്പു ഇറക്കുമതി ചെയ്യുന്നത്. അഭ്രം തെക്കു ഇരണിയൽ താലൂക്കിലും, കൊട്ടാരക്കര, പത്തനാപുരം, മീനച്ചൽ ഈതാലൂക്കുകളിലും നിന്നെടുത്തുവരു

ന്നു. ഇൽമിനൈററു എന്ന ലോഹസാധനം കരുനാഗപ്പള്ളി സമുദ്രതീരത്തെ കറുത്തമണലിൽ അടങ്ങിയിട്ടുണ്ടു്. അവിടുന്നു ഈ മണൽ യൂറോപ്പിലേക്കു കയററിക്കൊണ്ടുപോകുന്നു. അന്നഭേദി, ഗന്ധകം മുതലായ വസ്തുക്കൾ ദുർല്ലഭമായി കുന്നുകളിലും കലകളിലും കാണപ്പെടുന്നുണ്ടു്. ഇരുമ്പു ചെങ്കോട്ടത്താലൂക്കിൽ അച്ചംപുത്തൂർ മുതലായ സ്ഥലങ്ങളിൽനിന്നു് എടുത്തുവന്നിരുന്നു. ഇപ്പോൾ ആദായക്കുറവിനാൽ അതിലേക്കു് ആരും യത്നിക്കുന്നില്ല. അഗസ്തീശ്വരം താലൂക്കിലുള്ള മരുംകുർ ഇരുമ്പു്; മൺവെട്ടി മുതലായ ആയുധങ്ങൾക്കു് ഒരുകാലത്തു പ്രസിദ്ധപ്പെട്ടിരുന്നു. കന്യാകുമാരിക്കു സമീപമുള്ള "മോണോസൈററു" മണലിൽ "തോറിയം" എന്ന അപൂർവലോഹം അടങ്ങീട്ടുണ്ടെന്നു കണ്ടുപിടിച്ചതുകൊണ്ടു്, ഒരു യൂറോപ്യൻ കമ്പനിക്കാർ ഇതിനെ ശേഖരിച്ചു യൂറോപ്പിലേക്കു അയയ്ക്കുന്നുണ്ടു്.

## സസ്യാദികൾ.

ഈ വർഗ്ഗത്തിൽ ഉൾപ്പെടുന്ന ഫലമൂലാദികൾ അനേകവിധം ഇവിടെ ഉണ്ടാകുന്നുണ്ടു് നാനാവിധ സസ്യാദികൾ അന്യസംസ്ഥാനങ്ങളിൽ ഇത്രത്തോളം ഉണ്ടാകുന്നുണ്ടോ എന്നു് സംശയമാണു്. നെല്ലു, പയറു്, എള്ളു് മുതലായ ധാന്യങ്ങൾ, തെങ്ങു്, കമുകു്, പന, പ്ലാവു്, മാവു് മുതലായ വൃക്ഷങ്ങൾ, ചേമ്പു്, ചേന, മരച്ചീനി (കപ്പ), കാച്ചിൽ മുതലായ കിഴങ്ങുകൾ, നല്ലമുളകു, ഇഞ്ചി, ഏലം, ജാതിക്കാ മുതലായ ഔഷധദ്രവ്യങ്ങൾ വഴുതനങ്ങാ, കത്തിരിക്കാ, പാവയ്ക്കാ, വെണ്ടയ്ക്കാ, വാഴയ്ക്കാ മുതലായ കറിക്കോപ്പുകൾ, കരിമ്പു്, കാപ്പി, തേയില മുതലായ ചെടികൾ ഇവ ധാരാളമായി ഉണ്ടാകുന്നു.

നെല്ലു്:—ഇതു് എല്ലാത്താലൂക്കുകളിലേയും പ്രധാന കൃഷിയാണെങ്കിലും പ്രത്യേകം പ്രസിദ്ധിയുള്ളവ നാഞ്ചിനാട്ടും കുട്ടനാട്ടുമാണു്. നാഞ്ചിനാട്ടിൽ തോവാള, അഗസ്തീശ്വരം ഈ താലൂക്കുകളും, കുട്ടനാട്ടിൽ അമ്പലപ്പുഴത്താലൂക്കും ചങ്ങനാശ്ശേരിയുടെ പടിഞ്ഞാറുള്ള പകുതികളും ഉൾപ്പെട്ടിരിക്കുന്നു. നാഞ്ചിനാട്ടിലെ നെൽകൃഷിക്കു വിരിപ്പു് എന്നും, കുട്ടനാട്ടിലേതിനു് പുഞ്ച എന്നും പറയുന്നു. നാഞ്ചിനാട്ടിലെ വിരിപ്പുകൃഷി ആണ്ടിൽ രണ്ടുതവണ ചെയ്യപ്പെടുന്നു. ഉഴുന്നതിലും ഉരമിടുന്നതിലും പ്രത്യേകം ശ്രദ്ധവയ്ക്കുന്നുണ്ടു്. കുട്ടനാട്ടിലെ പുഞ്ചക്കൃഷി ആണ്ടിൽ ഒരിക്കലും ചിലെടത്തു രണ്ടാണ്ടിൽ ഒരിക്കലും നടത്തപ്പെടുന്നു. ഇങ്ങനെ ഒരാണ്ടു പഴനിലമിട്ടു കൃഷിചെയ്യുന്നതുകൊണ്ടു പുഞ്ചനി

ലങ്ങളിൽ പ്രതിവർഷം കൃഷിചെയ്യുന്നതിനെക്കാൾ കൂടുതൽ വിളവുണ്ടാകുന്നതാണ്. ഉഴുന്നതും വളമിടുന്നതും നാഞ്ചിനാട്ടിനെക്കാൾ വളരെ കുറവാണ്. പമ്പാനദിയും അതിന്റെ പോഷകനദികളും വർഷകാലത്തു കൊണ്ടുവരുന്ന എക്കലാണ് കുട്ടനാട്ടിലെ സ്വാഭാവികമായ വളം. കൃഷിക്കാരുടെ ശ്രമം ചിറ (വരമ്പ്) കുത്തുന്നതിനും ചക്രമോ യന്ത്രമോ വച്ചു വെള്ളം ഇറക്കുന്നതിനും അവശ്യംപോലെ വെള്ളം കയററുന്നതിനും ആകുന്നു. പുഞ്ചനിലങ്ങളും വിരിപ്പുനിലങ്ങളും തമ്മിലുള്ള പ്രധാന വ്യത്യാസം, പുഞ്ച സാധാരണയുള്ള വെള്ളപ്പാച്ചിലിന്റെ നിരപ്പിൽനിന്നു തുലോം താണതെന്നുള്ളതാണ്. വിരിപ്പുനിലങ്ങളിലുള്ള വെള്ളം ചാലുവഴി വെളിയിൽ കളയത്തക്കതും പുഞ്ചനിലങ്ങളിലേത്ത് അപ്രകാരം പാടില്ലാത്തതുമാകുന്നു. താണനിലത്തിൽ കിടക്കുന്നവെള്ളത്തെ ചക്രംവച്ചു ചവുട്ടി ഉയർന്നനിരപ്പിലുള്ള ആററിലോ തോട്ടിലോ കയററി ഒഴിക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ വെള്ളം വററിക്കുന്നത് മിക്കവാറും യന്ത്രസഹായംകൊണ്ടാണ്. പുഞ്ചകൃഷിക്ക് ആരംഭംമുതൽ അവസാനംവരെ മിക്കവാറുംവെള്ളം ഉണ്ടായിരിക്കണം. വിരിപ്പിന് ചിലപ്പോഴേ വെള്ളം കെട്ടിനിർത്തേണ്ട അവശ്യമുള്ളൂ. പുഞ്ചയും വിരിപ്പും കൂടാതെ മറെറാരുവിധം നെൽകൃഷി ചിലയിടങ്ങളിൽ ചെയ്യുന്നു. മീനച്ചൽ, ചങ്ങനാശ്ശേരി, പത്തനംതിട്ട മുതലായ താലൂക്കുകളിലെ കിഴക്കൻ മലഞ്ചെരിവുകളിലുള്ള കാട്ടിൽ തീയിട്ടു ചുട്ടുകരിച്ച് ഉഴുതും കിളച്ചും ഒരുക്കി വിത്തുവിതയ്ക്കുന്നു. ഇത് കൊയ്തെടുക്കുന്നതിനു മററുവിധം കൃഷികളെക്കാൾ കൂടുതൽ താമസമുണ്ടെങ്കിലും നെല്ല് ധാരാളം ഉണ്ടാകുന്നു. ഈ മാതിരി കൃഷിക്ക് "ചേരിയ്ക്കൽ" കൃഷി എന്നാണു പേർ. സംസ്ഥാനത്തിൽ ഇപ്പോൾ ഏഴുലക്ഷം ഏക്കറോളം സ്ഥലത്തു നെൽകൃഷിചെയ്യുന്നു.

പയറും എള്ളും മിക്ക ഇടത്തും ഉണ്ടാകുന്നു എങ്കിലും ഇവയ്ക്കു കീർത്തിപ്പെട്ടത് നാഞ്ചിനാടും കൽക്കുളം, കരുനാഗപ്പള്ളി, കാർത്തികപ്പള്ളി ഈ താലൂക്കുകളുമാണ്. ഇവിടത്തെ വിരിപ്പുനിലങ്ങളിൽ രണ്ടുതവണ നെൽകൃഷി ഉള്ളതുകൂടാതെ അതിൽ ഒരു എള്ളുകൃഷിയോ പയറുകൃഷിയോ കൂടി ഉണ്ടായിരിക്കും. നാഞ്ചിനാട്ടിലെ ആരുവാമൊഴി എള്ളിനും എണ്ണയ്ക്കും പ്രത്യേകം പ്രസിദ്ധിയുള്ളതാണ്.

തെങ്ങ്, കമുക് ഇവ സമുദ്രതീരത്തും കായലോരങ്ങളിലും, നദീതീരങ്ങളിലും ധാരാളം ഉണ്ടാകുന്നു. ഈ വക കൃഷിക്കു പ്രസിദ്ധപ്പെട്ട സ്ഥലങ്ങൾ കരുനാഗപ്പള്ളി, കാർത്തികപ്പള്ളി, കല്ലു

പ്പാറ, മുഞ്ചിറ, ചിറയിൻകീഴ്, ചേൎത്തല ഇവയാണ്. മാവേലിക്കരത്താലൂക്കിലെ പള്ളിയ്ക്കൽ തേങ്ങായ്ക്കും, മീനച്ചൽ താലൂക്കിലെ പാലാത്തേങ്ങായ്ക്കും പ്രത്യേകം പ്രസിദ്ധിയുണ്ട്.

പന:—കല്ക്കുളം, വിളവങ്കോട്ട് മുതലായ തെക്കൻതാലൂക്കകളിൽ കരിമ്പനയും വടക്കുകിഴക്കൻ താലൂക്കുകളിൽ ചൂണ്ടപ്പനയും ധാരാളമുണ്ട്.

പ്ലാവും മാവും പുളിയും അഞ്ഞിലിയും എല്ലായിടത്തും ഉണ്ടാകുന്നു. അഗസ്തീശ്വരത്തെ ശ്ലൂരംകുടിയും കൊല്ലത്തിനടുത്തുള്ള തങ്കശ്ശേരിയും വിശേഷതരമായ മാമ്പഴങ്ങൾക്കു പ്രസിദ്ധിയുള്ളവയാണ്. പേച്ചിപ്പാറക്കായൽവെള്ളം നാഞ്ചിനാട്ടിൽ പരന്ന തോട്ടക്കുടി ശ്ലൂരംകുടി മുതലായ മാമ്പഴങ്ങൾക്കു സ്വാദുകുറഞ്ഞുപോയി.

ചേമ്പ്. ചേന മുതലായ കിഴങ്ങുകൾ മദ്ധ്യതിരുവിതാംകൂറിലെ കിഴക്കൻതാലൂക്കുകളിലാണ് അധികം ഉണ്ടാകുന്നത്. ചെങ്ങന്നൂരും തിരുവല്ലായും ഇവയ്ക്കു പ്രത്യേകം പ്രസിദ്ധപ്പെട്ടിരിക്കുന്നു. മരച്ചീനി (കപ്പ) മിക്ക സ്ഥലങ്ങളിലും കുന്നിൻപുറങ്ങളിൽ കൃഷി ചെയ്യപ്പെടുന്നു. ഇതു കൂലിവേലക്കാരുടെ ഒരു പ്രത്യേക ഭക്ഷണസാധനമാണ്. ഈ പുതുസാധനം നാട്ടിൽ നട്ടുവളൎത്തി സാധുസംരക്ഷണത്തിനു വഴി കാണിച്ചതു് വിഖ്യാതനായ വിശാഖംതിരുനാൾ മഹാരാജാവാണ്.

നല്ലമുളക്, ഇഞ്ചി ഇവയ്ക്കു പ്രസിദ്ധപ്പെട്ട താലൂക്കുകൾ മീനച്ചൽ, തൊടുപുഴ, കോട്ടയം, ചങ്ങനാശ്ശേരി ഇവയാണ്. നല്ലമുളകിനെ മലയാളദേശത്തെ ദ്രവ്യം എന്നാണ് അന്യരാജ്യക്കാർ പറയുന്നത്. ദേവികുളം, പീരുമേടു പത്തനംതിട്ട മുതലായ താലൂക്കുകളിലെ കിഴക്കൻമലകളുടെ മുകളിൽ ഏലം ധാരാളം സ്വാഭാവികമായി ഉണ്ടാകുന്നു.

ഈ നാട്ടുകാർ വെററിലമുറുക്കിൽ വളരെ ഭ്രമമുള്ളവരാണ്. അതുകൊണ്ട് വെററിലക്കൊടി എല്ലായിടത്തും കൃഷിചെയ്യപ്പെടുന്നു. എങ്കിലും തിരുവനന്തപുരത്തെ പള്ളിപ്പുറവും മാവേലിക്കരയ്ക്കടുത്തുള്ള വെണ്മണിയും ഇതിനു പ്രത്യേകം പ്രസിദ്ധപ്പെട്ടവയാണ്.

ചെറുകറിക്കോപ്പുകൾക്കു പ്രസിദ്ധപ്പെട്ടവ നാഞ്ചിനാടും കരപ്പുറം അല്ലെങ്കിൽ ചേൎത്തലയുമാണു.

വാഴ:—നെയ്യാററുങ്കരയും ചങ്ങനാശ്ശേരിയിലും തിരുവല്ലായിലും ധാരാളമുണ്ടാകുന്നു.

കരിമ്പ്:— ഇതു വടക്കൻഡിവിഷനിലെ മിക്കതാലൂക്കുകളിലുമുണ്ട്. ഇവയിൽ പ്രധാനപ്പെട്ടവ അലങ്ങാട്ട്, മീനച്ചൽ,

കോട്ടയം, ചങ്ങനാശ്ശേരി ഈ താലൂക്കുകളും, കൊല്ലം ഡിവിഷനിലുൾപ്പെട്ട തിരുവല്ലാ താലൂക്കുമാണ്.

കാപ്പിയും തേയിലയും:—മലമുകളിൽ കൃഷിചെയ്യപ്പെടുന്നു. കാപ്പിക്കൃഷി ക്രമേണ കുറഞ്ഞും തേയിലക്കൃഷി കൂടിയുമാണ് വരുന്നതു്. വലിയതോട്ടങ്ങൾ ദേവികുളം, പീരുമേട്ട്, പൊന്മുടി, മുത്തുകുഴി, അശമ്പു ഈ സ്ഥലങ്ങളിലുള്ളവയാണ്. കുറച്ചു മുൻപു് മലഞ്ചെരിവുകളിൽ അഭിവൃദ്ധിയെ പ്രാപിച്ചുവന്ന റബ്ബർ കൃഷിക്ക ഇടയ്ക്കു അല്പം ഇടിവുതട്ടിയെങ്കിലും ഇപ്പോൾ ഊർജ്ജിതമായി വരുന്നുണ്ടു്. തിരുവനന്തപുരത്തെ റബ്ബർവ്യവസായശാലയുടെ പ്രവൎത്തനത്തോടുകൂടി റബ്ബർകൃഷി അഭിവൃദ്ധിപ്പെട്ടേക്കാം. റബ്ബർകൃഷികൊണ്ടു കാഞ്ഞിരപ്പള്ളി മുതലായ സ്ഥലങ്ങളിൽ വളരെ കുബേരന്മാർ ഉണ്ടായിട്ടുണ്ടു്.

കോലിഞ്ചി, മഞ്ഞൾ, കൂവ, ജാതിക്ക ഇവ അധികമായി മലംപ്രദേശങ്ങളിലും ചുരുക്കമായി ഉൾപ്രദേശങ്ങളിലും കിട്ടുന്നു. ജീരകം, ഉള്ളി, ഉരുളക്കിഴങ്ങു്, ഗോതമ്പു് ഇവ അഞ്ചുനാട്ടിൽ (ദേവികുളം താലൂക്കിൽ) ഉണ്ടാകുന്നു.

എണ്ണക്കുരുക്കൾ:—എള്ളിൽനിന്നു നല്ലെണ്ണയും തേങ്ങായിൽനിന്നു വെളിച്ചെണ്ണയും എടുക്കുന്നു. ഇവകൂടാതെ എണ്ണയെടുക്കുന്നതിനു പുന്ന, ചെറുപുന്ന, ഇലിപ്പ, മരവെട്ടി എന്ന വൃക്ഷങ്ങളും ഉപയോഗമാകുന്നുണ്ടു്. ചേർത്തല അമ്പലപ്പുഴ, കരുനാഗപ്പള്ളി ഈ താലൂക്കുകളിലാണ് ഇവ അധികമായി ഉണ്ടാകുന്നതു്.

തേക്ക്, ഈട്ടി, തമ്പകം, വേങ്ങ, ചന്ദനം മുതലായ വൃക്ഷങ്ങൾ വൻകാടുകളിൽ ധാരാളമായി ഉണ്ടാകുന്നു.

## ജീവജാലങ്ങൾ.

ആട്ട്, മാട്ട്, പട്ടി, പൂച്ച മുതലായവയെ ഉൾപ്രദേശങ്ങളിൽ അധികമായി വളൎത്തുന്നു. ആന, കടുവ, കാട്ടുപോത്തു്, കടമാൻ, പുലി, കരടി, മുള്ളൻപന്നി മുതലായ വന്യമൃഗങ്ങളും; കാക്ക, കൊക്ക്, മയിൽ, കുയിൽ, കിളി, പ്രാവു്, പരുന്തു്, കഴുകൻ മുതലായ അനേകവിധ പക്ഷികളും ഈ സംസ്ഥാനത്തുണ്ടു്. പാമ്പുകൾ വിഷമുള്ളവയും ഇല്ലാത്തവയുമായി പലതരത്തിൽ ഇവിടെയുള്ളതുപോലെ മറെറങ്ങും കാണപ്പെടുന്നില്ല. ഇവിടത്തെ കടലിലും കായലിലും പല ഇനം മത്സ്യങ്ങൾ ഉണ്ടു്. കൊല്ലത്തിനടുത്തു 'പരവയും' വടക്ക മത്തിയും ചെമ്മീനും (കൊഞ്ചും) പ്രത്യേകം പറയത്തക്കവയാകുന്നു. അഷ്ടമുടിയുടെ ഭാഗമാകുന്ന കാഞ്ഞി

രക്കോട്ടു കായലിലെ ചെറുവക മത്സ്യം വളരെ പ്രസിദ്ധപ്പെട്ടതാണ്. വടക്കൻ ആറുകളുടെ പതനസ്ഥലങ്ങളിലും കായലുകളിലും ചീങ്കണ്ണിയും മുതലയും ധാരാളം കിടപ്പുണ്ടു്. മലകളിൽ ആനകളെ പിടിച്ചു പഴക്കുന്നതിനു കൊപ്പങ്ങൾ പണിയിച്ചിട്ടുണ്ടായിരുന്നു. ഇപ്പോൾ അവയെ ഉപയോഗിക്കാറില്ല.

---

## അദ്ധ്യായം ൭.

---

### വനങ്ങൾ.

വനങ്ങൾ തിരുവിതാംകൂറിന്റെ ഒരു പ്രത്യേകലക്ഷണമാണ്. ആദികാലത്തു സംസ്ഥാനം അകപ്പാടെ ഒരു വനമായിരുന്നു എന്നുള്ളതിനു ലക്ഷ്യങ്ങൾ ഉണ്ടെന്നും ചിലർ പറയുന്നു. സംസ്ഥാനത്തിന്റെ നടുക്കുകൂടി വടക്കെ അററം മുതൽ തെക്കെ അററംവരെ ഒരു അതിരു പിടിച്ചാൽ അതിന്റെ കിഴക്കുവശം മിക്കവാറും വനങ്ങളായിരിക്കും. ഈ ഭാഗത്തിന്റെ അളവു് ഉദ്ദേശം ൩൭൦൦ ചതുരശ്രമൈലാണ്. കുടിപാപ്പുള്ള പ്രദേശങ്ങളെ വനങ്ങളോടു് ഒത്തുനോക്കിയാൽ ഇത്രയും വനമുള്ള രാജ്യം മററധികം ഇല്ല. ഇവിടത്തെ വനങ്ങൾ കുന്നും, കുഴിയും, കാടും, പടപ്പുംകൊണ്ടു നിറയപ്പെട്ടിരിക്കുന്നു. പൊക്കമുള്ള ഒരു കുന്നിന്റെ മുകളിൽ കയറി കിഴക്കോട്ടു നോക്കിയാലുള്ള കാഴ്ച ഒന്നനുഭവിച്ചറിയേണ്ടതാണ്. നോട്ടം കിഴക്കോട്ടു നീട്ടുംതോറും വനത്തിനു പൊക്കം കൂടികൂടി പടിപ്പടിയായുള്ള തട്ടുകളായി കാണപ്പെടുന്നു. മലകളുടെ ഇടയ്ക്കു താഴ്വരകൾ ഉണ്ടു്. ഇവയിൽകൂടി വീതികുറഞ്ഞ തോടുകൾ തടത്തിലുള്ള പാറകളിൽ തട്ടിത്തട്ടി രാഗംപാടി ഉഴക്കോട്ടുകൂടി ഒഴുകിക്കൊണ്ടിരിക്കുന്നു. ചരിവുകൾ പച്ചസ്സൂക്ഷ്മപടം വിരിച്ചുകണക്കെ നിബിഡമായി വളരുന്ന ചെടികളാലും ഇലകളാലും അലംകൃതമാണ്. അവിടവിടെ തൂണുപോലെ നെട്ടനീളത്തിൽ വളൎന്നു നില്ക്കുന്നവൃക്ഷക്കൂട്ടങ്ങൾ അഗ്രങ്ങളിൽ തഴച്ചു പരന്നുകിടക്കുന്നശാഖോപശാഖകളെ താങ്ങിയുംകൊണ്ടു ഗംഭീരമായി നില്ക്കുന്നു. ഇവയും ഇവയെ ചുററിപ്പടൎന്നു കിടക്കുന്ന ലതാദികളും അല്പാല്പമായി മാത്രം ചുവട്ടിലേക്കു കടത്തിവിടുന്ന സൂൎയ്യരശ്മി തങ്കരേഖപോലെ നിഴലിൽ ശോഭിതമായിരിക്കുന്നു. ഈവിധമുള്ള കാഴ്ചകൾ ദേശസഞ്ചാരത്തിനു ഭ്രമമുള്ള ആരുടെ മനസ്സിനെയാണ് ആനന്ദിപ്പിക്കാത്തതു്? സസ്യാദികളെയും ജന്തുക്കളെയും തരംതിരിച്ചു ഗുണദോഷനിരൂപണം ചെയ്യുന്നതിന് ഉൽസുകനായ പ്രകൃതിശാസ്ത്ര

പണ്ഡിതന്റെ അന്വേഷണങ്ങൾക്ക് ഇവിടെ വളരെ സൌകൎയ്യമുണ്ട്. നായാട്ടിലും വ്യായാമത്തിലും പ്രത്യേകവിരുതുള്ള യൂറോപ്യന്മാരെ വിനോദത്തിനും ഉല്ലാസത്തിനുമായി കൂടക്കൂടെ നമ്മുടെ വനങ്ങൾ ആകൎഷിക്കുന്നുണ്ടല്ലോ. ലൌകികവ്യാപാരങ്ങളിൽനിന്നു വിമുക്തനായിരിക്കുന്ന യോഗിയുടെ ഉള്ളിൽ ഈശ്വരചൈതന്യത്തെ നിറയ്ക്കുന്നതിനും ഈ വനങ്ങൾക്കു യോഗ്യതയുണ്ട്. മുക്കിലും മൂലയിലുമായി പതുങ്ങി നടക്കുന്ന നഗ്നരൂപികളായ വേടൻ, വേലൻ, മലമ്പണ്ടാരം മുതലായ മൃഗപ്രായത്തിലുള്ള മനുഷ്യരെ കാണുന്നതിനും അവരുടെ പ്രവൃത്തികളെ മനസ്സിലാക്കുന്നതിനും ആൎക്കും സന്തോഷമുണ്ടായിരിക്കുന്നതാണ്. ആകപ്പാടെ വിചാരിച്ചാൽ ഈ വനങ്ങളിൽ പ്രകൃതി മൂൎത്തീകരിക്കപ്പെട്ടിരിക്കുന്നു എന്നു ചുരുക്കിപ്പറയാം.

നമ്മുടെ വനങ്ങളിൽ അത്യുഷ്ണം മുതൽ അതിശീതംവരെ പലതരത്തിലുള്ള ശീതോഷ്ണാവസ്ഥയുണ്ട്. സാമാന്യം പൊക്കം കൂടിയ ഉന്നതതടങ്ങൾ യൂറോപ്യന്മാരുടെ സുഖവാസത്തിനുതകുന്നവയാണ്. ഇവർ തേയില, കാപ്പി, റബ്ബർ മുതലായ സാധനങ്ങൾ കൃഷിചെയ്യുന്ന വലിയ തോട്ടക്കാരായിട്ടാണ് ഇവിടെ താമസിക്കുന്നത്. നാട്ടുകാർ മലകളിൽ കൃഷിചെയ്യുന്നതിനു വേണ്ടപോലെ ഉദ്യമിക്കുന്നില്ല. ചരിവുകളിൽ സൌകൎയ്യമുള്ളിടത്തു നെല്ല്, ഇഞ്ചി, നല്ലമുളകു മുതലായവ ഏറെക്കുറെ കൃഷിചെയ്യപ്പെടുന്നു. ജനങ്ങൾ വൎദ്ധിക്കുകയും കാലക്ഷേപമാൎഗ്ഗം കുറയുകയും ചെയ്യുന്നതോടുകൂടി നാൾക്കുനാൾ വനങ്ങളോടു സമീപിച്ച് കുടിയേറിപ്പാൎപ്പും കൂടിവരുന്നു.

## വനങ്ങളുടെ ഉപയോഗങ്ങൾ.

എ. സംസ്ഥാനത്തിലെ അത്യുഷ്ണം, അതിശീതം എന്നിവ ബാധിക്കാതെ മിക്കവാറും സമശീതോഷ്ണാവസ്ഥയിൽ നിലനിൎത്തുന്നതിനു സഹായമായിരിക്കുന്നു.

ബി. തെക്കുപടിഞ്ഞാറൻകാററിനെ തടഞ്ഞുനിൎത്തി രാജ്യത്തിനുള്ളിൽ ധാരാളം മഴപെയ്യിക്കുന്നു.

സി. അസഹ്യമായ കിഴക്കൻകാററിനെ ഇപ്പുറത്തു കടക്കാതെ തടുത്തുനിറുത്തുന്നു.

ഡി. കിഴക്കുനിന്നു പടിഞ്ഞാറോട്ടൊഴുകുന്ന നദികൾവഴി തീരദേശങ്ങളിലേയ്ക്കു വളം അയച്ചു ഭൂമിയെ ഫലവത്താക്കുന്നു.

ഈ. വീട്ടുപണിക്കും മററുമുള്ള തടികൾക്കുപയോഗമായ

വൻവൃക്ഷങ്ങളേയും പല വിധത്തിൽ ഉപയോഗമുള്ള മററു ചെടികളേയും രക്ഷിച്ചു വളൎത്തുന്നു.

എഫ്. ശത്രുക്കളിൽനിന്നുള്ള അക്രമണത്തെ തടയുന്നതിനു സഹായമായിരിക്കുന്നു.

## സസ്യാദികൾ.

ഈ വനത്തിലുള്ളതുപോലെ ബഹുവിധ സസ്യാദികൾ മററു അധികം സ്ഥലത്തുണ്ടോ എന്നുള്ളതു് സംശയമാണു്. ഏകദേശം എണ്ണൂറു പ്രത്യേകജാതിയിലുള്ള ചെടികളും മരങ്ങളും ഇവിടെ ഉണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. സസ്യാദികൾ തഴച്ചുവളരുന്നതിനു പല കാരണങ്ങളുമുണ്ടു്. അവയിൽ പ്രധാനം:—ഭൂമിയുടെനനവു, ഉച്ചത്തിലുള്ള സൂൎയ്യനിൽനിന്നും നേരിട്ടുവരുന്ന നല്ലവെളിച്ചം, സാമാന്യമായ ചൂടു്, അവശ്യത്തിനുതക്കവണ്ണമുള്ള മഴ ഇവയാണു്. വനത്തിലെ സസ്യങ്ങളെ പല വൎഗ്ഗങ്ങളായി ഗണിക്കാം:—

എ. **വിടപങ്ങികൾക്കു മററുമുള്ള വൻവൃക്ഷങ്ങൾ:**— തേക്കു്, ഈട്ടി, തമ്പകം, കരിന്താളി ഇവയാണു് പ്രധാനവൃക്ഷങ്ങൾ. തേമ്പാവു്, ചന്ദനം, മരുതു, കടമരം, അകിൽ, ആഞ്ഞിലി, മയില, പാതിരി, മഞ്ഞക്കടമ്പു്, മലമ്പുന്ന ഇവയും ഉപയോഗപ്പെടുത്താറുണ്ടു്. ഇവിടത്തെ തേക്കു വിശേഷപ്രസിദ്ധിയുള്ളതാണു്. വളരെ മുമ്പുതന്നെ കപ്പൽപണിക്കും മററും അന്യരാജ്യങ്ങളിലേയ്ക്കു് ഇവിടെനിന്നും തേക്കുതടി അയയ്ക്കപ്പെട്ടിട്ടുണ്ടു്. ഈട്ടിയും കരുന്താളിയും ഉറപ്പും മിനുസവുമുള്ള തടികളാകകൊണ്ടു കസേര മേശ മുതലായ സാമാനങ്ങൾക്കു് ഉപയോഗപ്പെടുത്തുന്നു.

ബി. **പശയ്ക്കും ചായങ്ങൾക്കും ഉപയോഗമുള്ളവ:**— വേങ്ങ, വേപ്പു്, കരുവേലം, പയിൻ, കാട്ടുചേരു്, ചപ്പങ്ങു്, മഞ്ചാടി ഇവയാണു്. വേങ്ങപ്പശയിലും ചപ്പങ്ങയിലും നിന്നു വിലയേറിയ നല്ല ചുവന്ന ചായങ്ങൾ ഉണ്ടാക്കപ്പെടുന്നു. പയിനിൽനിന്നുള്ള കുന്തുരുക്കവും കാട്ടുചേരിൻേറയും കരുവേലത്തിൻേറയും പശകളും വാർണീഷ് ഉണ്ടാക്കുന്നതിനു നല്ലതാണു്.

സി **നാരുവൎഗ്ഗങ്ങൾ:**— ഇവിടെ നാരെടുക്കാവുന്നതായി അനേകം ചെടികൾ വനത്തിലുണ്ടു്. അവയിൽ പ്രധാനം വക്ക, ചണം, കൈയ്യൂൺ, പരുത്തി, കൈത, പുലിമാഞ്ചി, നാഗവല്ലി, ആനക്കററവാഴ ഇവയാണു്. വക്കനാരുകൊണ്ടു ഉണ്ടാക്കപ്പെട്ടിട്ടുള്ള വടമാണു് ആനയെക്കൊണ്ടു തടിപിടിപ്പിക്കുന്നതിനു വിശേഷമായി ഉപയോഗിക്കാറുള്ളതു്. മററു നാരുകൾ കയറുകൾക്കും ചാക്കു് വിരി മുതലായവയ്ക്കും ഉപയോഗപ്പെടുത്താം.

൭. പുല്ലുവർഗ്ഗങ്ങൾ—മുള, ഈറൽ, ഒട്ടൽ, ചൂരൽ മുതലായി അനേകമാതിരി ഇവിടെയുണ്ട്. നേര്യമംഗലം പള്ളിവാസൽ റോഡിനിരുപുറത്തും ഈറൽക്കാടുകൾ ബഹുദൂരം പരന്നു കിടക്കുന്നു. ഈറൽ കടലാസുണ്ടാക്കുന്നതിനു ഉചിതമായിട്ടുള്ളതാണ്. മലഞ്ചെരിവുകളിലും കുന്നിൻപുറങ്ങളിലും പുൽത്തൈലം വാററി എടുക്കുന്നതിനുള്ള പുല്ലുകൾ വളരുന്നു.

൮. ഔഷധവർഗ്ഗങ്ങൾ:—ഈ വകയ്ക്കു ഉപയോഗമുള്ള മരങ്ങളും ചെടികളും ഇവിടെ ഉള്ളിടത്തോളം അന്യസ്ഥലങ്ങളിൽ ഉണ്ടാകുന്നില്ല. കടുക്ക, താന്നി, നെല്ലി, കാഞ്ഞിരം, വയമ്പ്, ചിററരത്ത, ദേവതാരം, ചന്ദനം, വേപ്പ്, ജാതിക്കാ, ഏലം, കൊട്ടുവേലി എന്നും മററും അസംഖ്യം ഔഷധവർഗ്ഗങ്ങൾ ഇവിടെ ധാരാളമുണ്ട്.

## ജന്തുക്കൾ.

സസ്യവർഗ്ഗങ്ങളെപ്പോലെ വൻമൃഗങ്ങളും ചെറുതരം ജന്തുക്കളും പക്ഷികളും പാമ്പുകളും അനേകജാതിയിൽ അസംഖ്യം ഇവിടെയുണ്ട്. ആനയും കടുവായും കാട്ടുപോത്തും നായാട്ടുകാരായ യൂറോപ്യന്മാരെ കൂടക്കൂടെ ഇവിടേയ്ക്കു ആകർഷിക്കുന്നു. കരടി, പുലി, പന്നി, മാൻ, ചെന്നായ്, കുറുക്കൻ, കുരങ്ങു, മുയൽ മുതലായവ വനങ്ങളിൽ മിക്കയിടത്തും ഉണ്ട്.

## ഭരണം.

ഈ സംസ്ഥാനത്തിൽ വനംവക കാര്യങ്ങളുടെ അന്വേഷണത്തിന്നായി ഒരു വനംവക ഡിപ്പാർട്ടുമെൻറു് അല്ലെങ്കിൽ സഞ്ചായം ഡിപ്പാർട്ടുമെൻറു് ഏർപ്പെടുത്തീട്ടുണ്ട്.

ഇതിന്റെ മേലധികാരി കൺസർവേററർ എന്ന ഉദ്യോഗസ്ഥനാണ്. ഏകദേശം പതിന്നാലുലക്ഷം രൂപാ ആണ്ടുതോറും വനംവകയിൽനിന്ന് ഈ ഡിപ്പാർട്ടുമെൻറു മുഖാന്തിരം മുതലെടുക്കപ്പെട്ടുവരുന്നു. ഇപ്പോൾ അല്പം കുറവാണ്. രാജ്യരക്ഷയ്ക്കു വനങ്ങൾ എത്രയും ആവശ്യമാകകൊണ്ടു് അവയ്ക്കു നാശമുണ്ടാകാതെ സൂക്ഷിച്ചു രക്ഷിക്കയാണ് ഈ ഡിപ്പാർട്ടുമെൻറിലെ ഒരു പ്രധാന ജോലി. ജനങ്ങൾ ബോധിച്ചതുപോലെ വനത്തിനുള്ളിൽ കടന്നു നാശം ചെയ്യാതിരിപ്പാനായി വനങ്ങളിൽ ഏതാനും സ്ഥലങ്ങൾ ഒഴിച്ചിടപ്പെട്ടിട്ടുണ്ട്. ഇവയ്ക്കു റിസർവ് എന്നാണു പേരു്. ഇതിനുള്ളിൽ അനുവാദംകൂടാതെ ആക്കും കടന്നു വിറകുപോലും എടുത്തുകൂടാത്തതാകുന്നു. ഇങ്ങനെയുള്ള റിസർവ് ഏകദേശം രണ്ടായിരം ചതുരശ്രമൈൽസു സ്ഥലമാണ്. ഏററൂർ, കുളത്തൂപ്പുഴ, റാന്നി, കോന്നി, മലയാററൂർ ഇവയാണ് മുഖ്യ റിസർവുകൾ. ഡി

പ്പാട്ടുമെൻറിൻെറ മററു ജോലികളിൽ പ്രധാനം ആനയെ പിടിച്ചു പഴക്കുക; തടികൾ വെട്ടിമുറിച്ചു വില്പിക്കുക; ഏലം, ദന്തം, തേൻ, മെഴുകു, പശ മുതലായതു ശേഖരിക്കുക; വനത്തിനുള്ളിൽ ഗതാഗതത്തിനു വഴികൾ ഉണ്ടാക്കുക; സൌകര്യമുള്ളിടത്തു തേക്കു മുതലായ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുക ഇവയാണ്. കാട്ടിൽ സ്വാഭാവികമായി വളരുന്ന തേക്കുതടി അനവധിയായി ആണ്ടുതോറും വെട്ടി ഇറക്കപ്പെട്ടുപോയാൽ കാലക്രമേണ അതിനു കുറവു വരുമെന്നു ശങ്കിച്ചിട്ടാണ് ചിലേടത്തു വലിയ തേക്കുതോട്ടങ്ങൾ ഗവമ്മെൻറിൽനിന്നു തന്നെ ഉണ്ടാക്കി സംരക്ഷിച്ചുപോരുന്നതു്. ഇവയിൽ പ്രധാനം കോന്നിയിലും മലയാററൂരും ഉള്ള തോട്ടങ്ങൾ ആകുന്നു.

നവീനശാസ്ത്രരീതികൾ അനുസരിച്ചു വനംവക സാധനങ്ങളെ പെരുമാറുന്നതിനു സൗകര്യപ്പെടുത്തുന്നപക്ഷം ഇവിടെത്തന്നെ കടലാസ്സ്, സോപ്പു്, മെഴുകുതിരി, ഔഷധങ്ങൾ, ചായങ്ങൾ, വാർണീഷ്, സുഗന്ധദ്രവ്യങ്ങൾ മുതലായവയ്ക്കു കൈത്തൊഴിൽശാലകൾ സ്ഥാപിക്കുന്നതിനും തന്മൂലം രാജ്യത്തിന്നും ജനങ്ങൾക്കും ക്ഷേമം വദ്ധിക്കുന്നതിനും ഇടയുണ്ട്. സോപ്പുണ്ടാക്കുന്നതിനു പലേടത്തും ശാലകൾ സ്ഥാപിച്ചുകാണുന്നതു് സ്തുത്യർഹമാണ്.

---

## അദ്ധ്യായം ൬.

---

### തൊഴിൽ.

തിരുവിതാംകൂറിലെ മുഖ്യതൊഴിൽ കൃഷിതന്നെ. കച്ചവടം കൈത്തൊഴിൽ മുതലായവ ചുരുക്കമാണ്. ആകെയുള്ള ജനസംഖ്യയിൽ മുക്കാൽഭാഗവും കൃഷിക്കാരാണ്. സ്വദേശികളിൽ കച്ചവടക്കാർ അധികംപേർ ഇല്ല. പ്രധാന കൈത്തൊഴിലുകളെ താഴെ വിവരിക്കുന്നു.

൧. വസ്ത്രം നെയ്യുക:—ഇരണിയൽ, കോട്ടാർ, ഉണ്ണാവിളക്കട, അമരവിള, ബാലരാമപുരം, കുന്നത്തൂർ, കൊല്ലം, കോട്ടയം പറവൂർ ഇവിടങ്ങളിൽ വസ്ത്രം നെയ്യുന്നു. പട്ടാര്യർ, പട്ടുനൂൽക്കാർ, ചാലിയന്മാർ, ഈഴവർ, ചെട്ടികൾ മുതലായ ജാതിക്കാരാണ് ഇതു സാധാരണമായി നടത്തിവരുന്നതു്. പട്ടാര്യന്മാർ പണ്ടു ചേരമാൻപെരുമാളാൽ കാശിയിൽനിന്ന് ഇവിടെ കൊണ്ടുവരപ്പെട്ടവരാണെന്നു പറഞ്ഞുവരുന്നു. കോട്ടാർ കവണികളും

ഇരണിയൽ നേയ്ത്തും പ്രസിദ്ധങ്ങളാണ്. കോട്ടയത്തും കോട്ടാറ്റും ഉട്ടപ്പിനുള്ള പലമാതിരി ചെക്കുതുണികൾ ഉണ്ടാക്കുന്നുണ്ട്. കൊല്ലത്തു തുണികൾ നെയ്യുന്നതിനു വേണ്ട നൂൽ ഉണ്ടാക്കുന്നതിനു ഒരു യന്ത്രം സ്ഥാപിച്ചിട്ടുണ്ട്. ഇപ്പോൾ ഇവിടെയും പല വിധ തുണികൾ നെയ്യുന്നു. യന്ത്രസ്ഥാപകന്മാൎക്ക് ഇതുകൊണ്ടു വളരെ ആദായമുള്ളതിനു പുറമെ വളരെപ്പേരുടെ ഉപജീവന മാൎഗ്ഗവും ഇതിനാൽ ലഭിക്കപ്പെടുന്നു.

൫. ഓട്ടുപാത്രങ്ങൾ വാൎക്കുക:—കോട്ടാർ, കൊല്ലം, വാഴപ്പള്ളി, ചങ്ങനാശ്ശേരി, മാന്നാർ, ഇടപ്പള്ളി, രാമമംഗലം ഈ സ്ഥലങ്ങൾ വാൎപ്പുപണിക്കു പ്രസിദ്ധങ്ങളാണ്. കന്നാൻ, ആശാരി, മൂശാരി മുതലായവർ വാൎപ്പുപണികളിലും, തുലുക്കന്മാർ ആ വക സാമാനങ്ങളെ കച്ചവടം ചെയ്യുന്നതിലും സാധാരണയായി ഉൾപ്പെട്ടിരിക്കുന്നു. ആറന്മുളയിൽ ഓട്ടുവാൎത്തു മിനുക്കി കണ്ണാടി ഉണ്ടാക്കുന്നതിനു സമൎത്ഥന്മാരായ തൊഴിലാളികൾ ഉണ്ട്. ഇവരുടെ ആറന്മുളക്കണ്ണാടി പ്രസിദ്ധപ്പെട്ടതത്രെ.

൬. കയറുപിരിക്കുക:—ചിറയിൻകീഴുമുതൽ വടക്കോട്ടു കായൽവാരങ്ങളിൽ താമസിക്കുന്നവർ ഈ തൊഴിൽ ചെയ്യുവരുന്നു. വക്കം, ചവറ, പന്മന, തേവലക്കര ഇവ ഈ വകയ്ക്കു പ്രസിദ്ധപ്പെട്ടിരിക്കുന്നു. കയറുപിരിക്കുന്നതിനും വടം മുറുക്കുന്നതിനും കയറുപായ് നെയ്യുന്നതിനും രണ്ടു യന്ത്രം ആലപ്പുഴെ സ്ഥാപിച്ചിട്ടുണ്ട്.

൭. തേങ്ങാ കരിമ്പു മുതലായവ ആട്ടുക:—വടക്കൻതാലൂക്കുകളിൽ മിക്കവാറും നടപ്പിൽ ഉണ്ട്. വെളിച്ചെണ്ണ ആട്ടിയെടുക്കുക തൊഴിലായി സാധാരണ നടത്തിവരുന്നവർ വാണിയന്മാർ എന്നൊരു ജാതിക്കാരാകുന്നു. വെളിച്ചെണ്ണ ആട്ടിയെടുക്കുന്നതിനു ആവിയന്ത്രങ്ങൾ ആലപ്പുഴ, ചേൎത്തല, കൊല്ലം മുതലായ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്.

കരിമ്പ് ആട്ടിയെടുക്കുന്നതിനു തിരുവല്ലാത്താലൂക്കിൽ ഇരമല്ലിക്കരെ ഒരു ആവിയന്ത്രം സ്ഥാപിച്ചിട്ടുണ്ട്. കോട്ടയംതാലൂക്കിൽ 'പുന്നത്തറ' എന്ന സ്ഥലത്തും കല്ക്കുളത്തു 'തക്കല'യിലും പഞ്ചസാരയന്ത്രങ്ങൾ സ്ഥാപിച്ചിരുന്നു. പുന്നത്തറയിലേതു നിന്നുപോയി. തക്കലയിലേത് അമാന്തത്തിൽ കിടന്നുവെങ്കിലും ഇപ്പോൾ ഊൎജ്ജിതത്തിൽ പ്രവൎത്തിച്ചുവരുന്നു.

൮. കൊപ്രാവെട്ട്:—തേങ്ങാ അധികമുള്ള സ്ഥലങ്ങളിലൊക്കെ ഈ പ്രവൃത്തിയുണ്ട്. നായന്മാർ, ഈഴവർ, മാപ്പിളമാർ, മഹമ്മദീയർ ഇവരെല്ലാം ഈവകയിൽ ഉത്സാഹികളാണ്.

൬. പായ്നെയ്യുക:—മെത്തപ്പായ് വിശേഷതരത്തിൽ തഴവാ, കായംകുളം, കൊല്ലം മുതലായ ദിക്കുകളിലും, പുല്പായ് കോട്ടാറവും, പനയോലപ്പായ് തെക്കൻ താലൂക്കുകളിലും, വെമ്പായ്, നെടുമങ്ങാട്ടും ഉണ്ടാക്കുന്നു.

൭. മദ്യങ്ങൾ വാററിയെടുക്കുക:—വടക്കൻ താലൂക്കുകളിൽ നിന്നു തെങ്ങിൻകള്ളും, ചൂണ്ടപ്പനക്കള്ളും, തെക്കൻതാലൂക്കിൽനിന്നു കരിമ്പനക്കള്ളും (അക്കാനി) എടുക്കുന്നുണ്ട്. ഇവയെ വാററിയാണ് ലഹരിയുള്ള ചാരായങ്ങൾ ഉണ്ടാക്കപ്പെടുന്നത്. ഈ കള്ളുകളിൽ നിന്നു കരിപ്പുകട്ടി ഉണ്ടാക്കപ്പെടുന്നു. ധാരാളമുള്ളതു പനങ്കരിപ്പുകട്ടിയാണ്. കുളച്ചൽ തുറമുഖംവഴി അസംഖ്യം കരിപ്പുകട്ടി അന്യരാജ്യങ്ങളിലേയ്ക്കു് അയയ്ക്കപ്പെട്ടിരുന്നു. ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ (തെക്കൻ ദിക്കുകളിൽ) ചാന്നാന്മാരാണ്. പനകളുടെ പുറത്തുനിന്ന് ഒരുമാതിരി നാരു ശേഖരിച്ച് ഈയിടെ യൂറോപ്പിലേയ്ക്കു അയയ്ക്കപ്പെടുന്നുണ്ട്. ഇതു് ബ്രഷ്മുതലായവ ഉണ്ടാക്കുന്നതിനാണുപോൽ.

൮. ചിത്രവേലകൾ:—ഇതിനു സമത്ഥന്മാരായിട്ടു പലയിടത്തും ആളുകൾ ഉണ്ട്. പനയോല, കയറ്, ദന്തം, മരം മുതലായവകൊണ്ടു വളരെ വിശേഷമാതിരിയിൽ അലങ്കാരസാധനങ്ങൾ ഉണ്ടാക്കപ്പെടുന്നു. ചിത്രപ്പണികൾക്കായി തിരുവനന്തപുരത്തു സ്ഥാപിച്ചിട്ടുള്ള കരകൌശലശാലയിലെ കൈത്തൊഴിൽ ഫലങ്ങൾ പ്രദർശനാവസരങ്ങളിൽ വലുതായ പ്രശംസയ്ക്കു പാത്രീഭവിച്ചിട്ടുണ്ട്. പൊൻ, വെള്ളി ഇവകൊണ്ടു വിശേഷമാതിരി ആഭരണങ്ങൾ ഉണ്ടാക്കുന്നവരും വളരെപ്പേരുണ്ട്.

൯. മൺപാത്രങ്ങൾ:—ഈ രാജ്യത്തു് മിക്കയിടങ്ങളിലും കളിമണ്ണുമെനഞ്ഞു പാത്രങ്ങൾ ഉണ്ടാക്കപ്പെടുന്നു. അവയിൽ പ്രധാനമായവ തോവാളത്താലൂക്കിൽ താഴക്കുടിയും കല്ക്കുളം താലൂക്കിൽ തഴക്കരയും ചെങ്ങന്നൂരിനടുത്തുള്ള കല്ലിശ്ശേരിയുമാകുന്നു. ഇതു കൂടാതെ ഓടുണ്ടാക്കുന്നതിനും പലയിടങ്ങളിലും യന്ത്രങ്ങൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. കൊല്ലത്തും മുളമൂട്ടിലുമുള്ളവ പ്രസിദ്ധങ്ങളത്രേ.

൧൦. റേന്ത:—ഇതു് നൂലുകൊണ്ടുണ്ടാക്കപ്പെടുന്ന ഒരു വിശേഷമാതിരി നാടയാകുന്നു. ക്രിസ്ത്യാനിസ്ത്രീകൾ ഇതിനെ അവരുടെ വസ്ത്രത്തിൽ അലങ്കാരമായി കുത്തിപ്പിടിപ്പിക്കുന്നു. കൊല്ലം തങ്കശ്ശേരി, നാഗർകോവിൽ, മുളകുമൂട്ട് ഈ സ്ഥലങ്ങളിലെ നാട്ടുക്രിസ്ത്യാനിസ്ത്രീകളാണ് പ്രധാനമായി ഈ തൊഴിലിൽ ഉൾപ്പെട്ടിരിക്കുന്നതു്.

൧൧. മററു തൊഴിലുകൾ:— കടലാസുണ്ടാക്കുന്നതിനു പുനലൂരും തീപ്പെട്ടിക്കു പുനലൂരും ആലുവായ്ക്കടുത്തു മുടിയ്ക്കലും യന്ത്രശാലകൾ ഉണ്ട്. ഈയിട തിരുവനന്തപുരത്ത് ഒരു റബ്ബർവ്യവസായശാല സ്ഥാപിതമായിട്ടുണ്ട്. കൊല്ലത്ത് പറങ്കിയണ്ടിവ്യവസായംഅഭിവൃദ്ധമായി ഭവിക്കുന്നു. ഇതിനടുത്ത 'കുണ്ടറ'യിൽ പിഞ്ഞാൺ വ്യവസായശാല സ്ഥാപിച്ചുവരുന്നു.

## കച്ചവടം.

സമുദ്രതീരത്ത് ഒന്നുരണ്ടു വലിയ തുറമുഖങ്ങൾ ഉള്ളതുകൊണ്ടും രാജ്യത്തിനുള്ളിൽ കായൽ, ആറ്, തോട്, റോഡ്, റെയിൽപാത മുതലായി ജലമാർഗ്ഗമായും കരമാർഗ്ഗമായും സഞ്ചരിക്കുന്നതിനു വേണ്ട സൌകര്യങ്ങൾ ഉള്ളതുകൊണ്ടും രാജ്യത്തിൻെറ അന്തർഭാഗങ്ങൾ തമ്മിലും പൊതുവിൽ അന്യരാജ്യങ്ങളുമായിട്ടും ഇവിടെ കച്ചവടം നടത്തുന്നതിനെളുപ്പമുണ്ട്. തിരുനെൽവേലി, മധുര, കോയമ്പത്തൂർ, കൊച്ചി ഈ രാജ്യങ്ങളുമായിട്ടാണ് കരമാർഗ്ഗമായുള്ള കച്ചവടം നടത്തിവരുന്നത്. കച്ചവടക്കാർ പരദേശബ്രാഹ്മണർ, ചെട്ടികൾ, തുലുക്കന്മാർ മുതലായവരാണ്. കൊച്ചി, ബാംബെ, സിലോൺ, ഇംഗ്ലണ്ട് ഈ സ്ഥലങ്ങളുമായി ജലമാർഗ്ഗമായി കച്ചവടം നടത്തുന്നുണ്ട്. തുറമുഖങ്ങളായ കൊല്ലം, ആലപ്പുഴ, കുളച്ചൽ ഈ സ്ഥലങ്ങളിൽ താമസിച്ചുവരുന്ന യൂറോപ്യന്മാരും സേട്ടന്മാരുമാണ് പ്രധാന കച്ചവടക്കാർ. സ്വദേശീയരിൽ കച്ചവടക്കാർ വളരെ ചുരുക്കമാണ്. തുറമുഖങ്ങളിൽ കപ്പൽക്കാർക്കു സഹായമായിരിക്കാൻ തക്കവണ്ണം ദീപസ്തംഭങ്ങൾ പണികഴിപ്പിച്ചിട്ടുണ്ട്. ആലപ്പുഴയും കുളച്ചലുമുള്ള ദീപസ്തംഭങ്ങൾ തിരുവിതാംകൂർ സർക്കാർവകയും കൊല്ലത്തു തങ്കശ്ശേരിയിലുള്ളതു ബ്രിട്ടീഷ്‌വകയുമാണ്. ഈ സംസ്ഥാനത്തെ വലിയ കച്ചവടം ആലപ്പുഴയാണ്. ഈ പട്ടണത്തിൻെറ സ്ഥാപകൻ വിശ്രുതനായ രാജാകേശവദാസൻ അത്രേ. കൊച്ചി തുറമുഖപ്പണികൾ പൂർത്തിയായാൽ നമ്മുടെ വിദേശീയക്കച്ചവടം അധികവും അതുവഴിയായിരിക്കും നടക്കുന്നത്.

ഏററുമതിച്ചരക്കുകൾ:—ഇവിടെനിന്ന് അന്യരാജ്യങ്ങളിലേയ്ക്ക് അയയ്ക്കുന്ന സാമാനങ്ങൾക്ക് ഏററുമതിച്ചരക്കുകൾ എന്നു പറയപ്പെടുന്നു. അങ്ങനെ അയയ്ക്കപ്പെടുന്നവ ഇവിടെ ധാരാളം ഉണ്ടാകുന്നവയും, ഇവിടെ ഉള്ളവരുടെ ആവശ്യം കഴിഞ്ഞു ബാക്കിയുള്ള സാധനങ്ങളിൽ അന്യരാജ്യക്കാർക്ക് ഉപയോഗമുള്ളവയുമാണല്ലോ. നെല്ല് ഇവിടത്തെ പ്രധാന കൃഷിയാണെങ്കിലും

അവശ്യത്തിനു തക്കവണ്ണംപോലും ഉണ്ടാകാത്തതിനാൽ ഏററുമതി ചെയ്യപ്പെടുന്നില്ല. തേങ്ങ, കൊപ്ര, വെളിച്ചെണ്ണ, കയറു്, ചകരി, കരിപ്പുകട്ടി, ശക്കര, മരച്ചീനി, കൂവപ്പൊടി, വെട്ടുപാക്കു്, നല്ലമുളകു, ഏലം, തേയില, റബ്ബർ, കുന്തുരുക്കം, തടി, തോൽ, പുളി, പാത്രങ്ങൾ, ഉപ്പുമീൻ, എണ്ണക്കുരുക്കൾ മുതലായവയാണു് പ്രധാന ഏററുമതിച്ചരക്കുകൾ.

ഇറക്കുമതിച്ചരക്കുകൾ:—അന്യരാജ്യങ്ങളിൽ നിന്നു് ഇവിടെ കൊണ്ടുവരപ്പെടുന്ന സാമാനങ്ങൾക്കു് ഇറക്കുമതിച്ചരക്കുകൾ എന്നു പേർപറയുന്നു. ഇവ ഈ സംസ്ഥാനത്തുള്ളതുകൊണ്ടു മതിയാകാഞ്ഞതുകൊണ്ടോ തീരെ ഇല്ലാത്തതുകൊണ്ടോ ഇവിടത്തെ ഉപയോഗത്തിനായി അന്യരാജ്യങ്ങളിൽനിന്നു കിട്ടുന്നവയാണു്. അവ നെല്ലു്, ജവുളി (തുണിച്ചരക്കു്) സ്ഫടികസാമാനങ്ങൾ, കടലാസു്, കത്തികൾ, മദ്യങ്ങൾ, മരുന്നുകൾ, പുകയില, യന്ത്രങ്ങൾ, നാഴികമണി, കുട, വ്യഞ്ജനം, മണ്ണെണ്ണ, നൂൽ, ഉപ്പു് മുതലായവയാണു്.

ഇപ്പോഴത്തെ കണക്കിൻപ്രകാരം ഈ സംസ്ഥാനത്തിലെ ആകെ കച്ചവടത്തുക പതിനാറുകോടിയിൽ ചില്വാനം രൂപയാണു്. അതിൽ ഏകദേശം പകുതിവീതം ഇറക്കുമതികൾക്കും കണക്കാക്കിയിരിക്കുന്നു. ഈ ചരക്കുകൾക്കു തീരുവ (ചുങ്കം) ഏപ്പെടുത്തിയിട്ടുണ്ടു്. ഇവ മുഖ്യമായി പുകയില, കറുപ്പു്, മദ്യം മുതലായ ഇറക്കുമതിച്ചരക്കുകൾക്കും. കൊപ്ര, വെളിച്ചെണ്ണ, ഏലം മുതലായ ഏററുമതിച്ചരക്കുകൾക്കും ആണു്. ഇവയിൽനിന്നുള്ള തീരുവ ഈടാക്കുന്നതിനു ചവുക്കകൾ ഏപ്പെടുത്തിയിട്ടുണ്ടു്. പ്രധാന ചവുക്കസ്ഥലങ്ങൾ അരൂക്കുററിയും ആരുവാമൊഴിയുമാണു്. ഉപ്പു് സർക്കാർമുഖാന്തിരം വരുത്തി പണ്ടകശാലകളിൽ ശേഖരിച്ചു വിററുവരുന്നു. തീരുവ ഇനത്തിൽ ഉദ്ദേശം നാല്പതുലക്ഷം രൂപാ മുതലെടുക്കുന്നുണ്ടു്.

സംസ്ഥാനത്തിനുള്ളിൽ സാമാനങ്ങൾ ശേഖരിച്ചു് അവിടവിടെയായി കച്ചവടം നടത്തുന്നതിനു് അനേകം ചന്തകൾ ഏപ്പെടുത്തിയിട്ടുണ്ടു്. ഇവയിൽ പ്രധാനപ്പെട്ടവ തെക്കൻതിരുവിതാംകൂറിൽ തിങ്കളാഴ്ചച്ചന്ത, കനകമൂലച്ചന്ത (വടശ്ശേരിച്ചന്ത) കളീക്കവിളച്ചന്ത ഇവയും വടക്കു ശാസ്താംകോട്ട, ചങ്ങനാശ്ശേരി മാഞ്ഞാലി ഇവയുമാണു്.

# അദ്ധ്യായം ൯.

---


## ഗതാഗതസൌകൎയ്യങ്ങൾ.

ജനങ്ങൾക്ക ഗതാഗതത്തിനും കച്ചവടത്തിനും സൌകൎയ്യമായിട്ട രണ്ടുവിധ മാൎഗ്ഗങ്ങൾ ഇവിടെയുണ്ട്. അവ കരമാൎഗ്ഗവും ജലമാൎഗ്ഗവും ആണ്. കരമാർഗ്ഗം മുഖ്യമായി റോഡുകളും ജലമാൎഗ്ഗം തോട്ട, കായൽ, ആറ് മുതലായവയുമാകുന്നു. തിരുവനന്തപുരത്തിന്റെ വടക്ക കടൽത്തീരത്തുള്ള താലൂക്കുകളിലാണ് തോട്ട പ്രധാന ഗതാഗതമായിരിക്കുന്നത്. ഇവയെല്ലാം ഈയിടെ വളരെ പരിഷ്കൃതരീതിയിൽ വന്നിട്ടുണ്ട്. സംസ്ഥാനത്തിൻെറ തലസ്ഥാനമായ തിരുവനന്തപുരം പട്ടണംതന്നെ ഈ മാൎഗ്ഗങ്ങളുടേയും തലസ്ഥാനമെന്നു പറയാം.

൧ തെക്കൻ മെയിൻറോഡ്:—(എസ്. എം. റോഡ്) ഇതു തിരുവനന്തപുരത്തുനിന്നും പുറപ്പെട്ട്, നേമം, ബാലരാമപുരം, നെയ്യാററുങ്കര, പാറശ്ശാല, കുഴിത്തുറ, തക്കല, ഒഴുകിണശ്ശേരി, തോവാള ഇവയെക്കടന്നു ആരുവാമൊഴിയിൽകൂടി തിരുനെൽവേലിയിലേക്ക പോകുന്നു. ഈ റോഡു തിരുവിതാംകൂറിലെന്നു മാത്രമല്ല തെക്കെ ഇൻഡ്യയിലുള്ള റോഡുകളിൽവച്ചു പ്രഥമസ്ഥാനത്തിനൎഹതയുള്ളതാണ്. തിരുവിതാംകൂർ അതിൎത്തിവരെ ദൂരം ൫൦ മൈൽ. തിരുനൽവേലിക്ക ൯൩-മൈൽ. ഇതിൻെറ ഒരു ശാഖ ഒഴുകിണശ്ശേരിയിൽവച്ചു പിരിഞ്ഞ് നാഗർകോവിൽ, കോട്ടാർ, ശുചീന്ദ്രം, അഗസ്തീശ്വരം ഇവയെ കടന്നു കന്യാകുമാരിക്ക പോകുന്നു.

൨. മെയിൻ സെൻട്റൽ റോഡ്:—(എം. സി. റോഡ്) തിരുവനന്തപുരത്തുനിന്നും പുറപ്പെട്ട വാമനപുരം, കിളിമാനൂർ, നിലയ്ക്കൽ, കൊട്ടാരക്കര, അടൂർ, പന്തളം, ചെങ്ങന്നൂർ, തിരുവല്ല, ചങ്ങനാശ്ശേരി, കോട്ടയം, ഏററുമാനൂർ, മൂവാററുപുഴ, പെരുമ്പാവൂർ മുതലായ സ്ഥലങ്ങളേയും പെരിയാററിനേയും കടന്നു കൊച്ചിയുടെ അതിരായ അങ്കമാലിവരെ പോകുന്നു. അങ്കമാലിയിൽ ഒരു റെയിൽവേ സ്റ്റേഷനുണ്ട്. നീളം ൧൫൫-മൈൽ. ഇതിൽ പെരിയാറു കടക്കുന്നിടത്തു മാത്രമെ പാലമില്ലാതുള്ളു. പെരുമ്പാവൂർ നിന്നൊരു ശാഖ ആലുവാ കടന്നു പറവൂരേക്ക പോകുന്നു.

൩. തിരുവനന്തപുരം ചെങ്കോട്ടറോഡ്:—ഇതു തിരുവനന്തപുരത്തുനിന്നും പുറപ്പെട്ട് നെടുമങ്ങാട്ട്, പാലോട്, മടത്തുറക്കാണി, കുള




ത്തുപ്പുഴ, തെന്മല, അയ്യങ്കാവ് പുളിയറ, ചെങ്കോട്ട ഇവയിൽ കൂടി കുററാലംവരെ പോകുന്നു. നീളം ൻ൫-മൈൽ.

൫. തിരുവനന്തപുരത്തുനിന്നും പടിഞ്ഞാറൻവഴി വടക്കോട്ടുള്ള റോഡ്:—ഉള്ളൂർ, കഴക്കൂട്ടം, പള്ളിപ്പുറം, ആററിങ്ങൽ

നാവായിക്കുളം, ചാത്തന്നൂർ ഇവയെക്കടന്നു കൊല്ലത്തു എത്തുന്നു. ഇതു് അവിടെനിന്നും വടക്കോട്ടുപോയി നീണ്ടകരപ്പാലം കടന്നു കൃഷ്ണപുരം, കായംകുളം, ഹരിപ്പാട്ടു്, പുറക്കാട്ടു, അമ്പലപ്പുഴ, ഇവയിൽ കൂടി ആലപ്പുഴ ചെല്ലുന്നു. ഈ പാതയെ ചേർത്തലവഴി വടക്കോട്ടു അതിർത്തിവരെ നീട്ടിയിട്ടുമുണ്ടു്. തിരുവനന്തപുരത്തുനിന്നു കൊല്ലത്തേയ്ക്കു ദൂരം ൪൭-മൈലും അവിടുന്നു് ആലപ്പുഴയ്ക്കു ൩൬-മൈലും, അവിടുന്നു അതിർത്തിയ്ക്കു ൨൨ മൈലുമാണു്.

മററു ചെറുതരം റോഡുകളിൽ പ്രാധാന്യം കൂടിയവയെ താഴെ വിവരിക്കുന്നു.

(എ) നാഗർകോവിൽനിന്നും ഇരണിയൽവഴി ഒരു പിരിവു കുളച്ചലിലേയ്ക്കു്. നീളം ൧൪-മൈൽ.

(ബി) തൊട്ടുവെട്ടിയിൽ (കുഴിത്തുറയ്ക്കു ഒരു മൈൽ കിഴക്കു) നിന്നു തിരുവട്ടാർ കുലശേഖരം ഇവയെ കടന്നു പേച്ചിപ്പാറയ്ക്കു്. ദൂരം ൧൪-മൈൽ.

(സി) കൊല്ലത്തുനിന്നും കിഴക്കോട്ടു് കിളികൊല്ലൂർ, കുണ്ടറ, കൊട്ടാരക്കര, പുനലൂർ ഇവയിൽകൂടി തെന്മലയ്ക്കു സമീപത്തുവച്ചു തിരുവനന്തപുരം ചെങ്കോട്ട റോഡിൽ ചേരുന്നു. ദൂരം ൪൧ മൈൽ. ചെങ്കോട്ടവരെ ൩൯-മൈൽ.

(ഡി) കായംകുളത്തുനിന്നും തെക്കുകിഴക്കായി പള്ളിക്കൽ, അടൂർ, പത്തനാപുരം ഇവയെക്കടന്നു പുനലൂരേയ്ക്കു് ദൂരം ൩൭-മൈൽ.

(ഇ) കോട്ടയത്തുനിന്നും കിഴക്കോട്ടുള്ള റോഡ്:—വാഴൂർ, കാഞ്ഞിരപ്പള്ളി, മുണ്ടക്കയം ഇവിടങ്ങളിൽകൂടി പീരുമേട്ടിൽ എത്തുന്നു. അവിടെനിന്നും കിഴക്കോട്ടുപോയി പെരിയാർ കടന്നു ഗൂഡലൂർതാവളം വഴി കുമിളിയിൽകൂടി അതിർത്തി കടന്നു് അമിയനായ്ക്കനൂർ റെയിൽവേ സ്റ്റേഷനിലേയ്ക്കു പോകുന്നു. അമിയനായ്ക്കനൂർവരെ ആകെ ദൂരം ൧൪൧ മൈൽ. അതിർത്തിവരെ ൯൦ മൈൽ.

(എഫ്) ഏററുമാനൂർനിന്നു കിഴക്കോട്ടുപോയി പാലായിൽ എത്തി അവിടന്നു വടക്കോട്ടുചെന്നു തൊടുപുഴവഴി മൂവ്വാററുപുഴവച്ചു് മെയിൻറോഡിൽ ചേരുന്നു. ദൂരം പാലായ്ക്കു ൧൦ മൈലും തൊടുപുഴയ്ക്കു ൨൨ മൈലും, മൂവ്വാററുപുഴയ്ക്കു ൪൧ മൈലുമാണു്.

(ജി) എം. സി. റോഡിൽ ഏററുമാനൂർനിന്നു വടക്കുപടിഞ്ഞാറായി ഒരു റോഡു കടുത്തുരുത്തി, വടയാറു്, വൈയ്ക്കം ഇവ കടന്നു കൊച്ചിക്കു പോകുന്നു. വൈയ്ക്കത്തിനു വടക്കു ഇത്തിപ്പുഴപ്പാലവും അതുകഴിഞ്ഞു മുറിഞ്ഞപുഴ പൂത്തോട്ടാൽ എന്നു രണ്ടു കടത്തുകളും ഉണ്ടു്. ദൂരം വൈയ്ക്കത്തേയ്ക്കു ൧൨ മൈലും അതിർത്തിക്കു ൩൦ മൈലുമാകുന്നു.

(൧൩) എം. സി. റോഡിൽ മൂവാററുപുഴനിന്ന് ഒരു ശാഖ കിഴക്കോട്ടുതിരിച്ചു നേര്യമംഗലത്തുവച്ചു പുതുതായി പണികഴിച്ച പാലത്തിൽകൂടി പെരിയാർ കടന്ന മന്നാൻകണ്ടംവഴി മൂന്നാററിലേയ്ക്കു പോകുന്നു. ദൂരം ൪൮ മൈൽ. മൂന്നാററിൽനിന്നു വടക്കുകിഴക്കേ കോണിൽ ചിന്നാർ അരുവി കടന്നു ഒരു റോഡു് ബ്രിട്ടീഷ് സ്ഥലത്തുകൂടി കോയമ്പത്തൂരേയ്ക്കു പോകുന്നു. ചിന്നാറുവരെ ദൂരം ൩൭ മൈൽ.

ഇവകൂടാതെ പറയത്തക്ക രീതിയിൽത്തന്നെ സംസ്ഥാനത്തിൻെറ കിഴക്കൻ മലഞ്ചരിവുകളിൽകൂടി തെക്കുവടക്കു നീളത്തിൽ മിക്കവാറും ഇടങ്ങളിൽ റോഡു പോകുന്നുണ്ടു്. ഈ കിഴക്കൻ റോഡുകളിൽ പ്രാധാന്യംകൂടിയതു രണ്ടാണു്.

(1) തെക്കൻമെയിൻറോഡിൽ നാഗർകോവിൽനിന്നു പുറപ്പെട്ടു ഭൂതപ്പാണ്ടി, അഴകിയപാണ്ടിപുരം, പൊന്മന, കുലശേഖരം, തൃപ്പരപ്പു്, കോവില്ലൂർ, അമ്പനാട്ടു് ഇവയിൽകൂടി കടന്നു പാലോടിനു സമീപത്തുവച്ചു ചെങ്കോട്ടറോഡിൽ ചേരുന്നു. ദൂരം ൩൦-൧ മൈൽ.

(2) കൊല്ലം—ചെങ്കോട്ടറോഡിൽ പുനലൂർനിന്നും വടക്കോട്ടു ഒരു റോഡു പുറപ്പെട്ടു പത്തനാപുരം, കോന്നി, റാന്നി, മണിമല ഇവയിൽകൂടി കാഞ്ഞിരപ്പള്ളിയിൽ എത്തുന്നു. അവിടെ വച്ചു കോട്ടയം—കുമിളിറോഡു് കടന്നു് ഈരാററുപേട്ടയിൽകൂടി പടിഞ്ഞാറോട്ടു തിരിഞ്ഞു പാലായിൽ എത്തി തൊടുപുഴവഴി ചെന്നു മൂവാററുപുഴവച്ചു് എം. സി. റോഡിൽ ചേരുന്നു. ദൂരം ൯൯ മൈൽ.

വഴിയാത്രക്കാരുടേയും മററും സൌകര്യത്തിനായിട്ടു് അവിടവിടെ വഴിയമ്പലങ്ങളും ചുമടുതാങ്ങികളും സ്ഥാപിച്ചിട്ടുണ്ടു്. പ്രധാന സ്ഥലങ്ങളിൽ മുസാവരിബംഗ്ലാവുകളും സത്രങ്ങളും പണികഴിപ്പിച്ചിരിക്കുന്നു. എല്ലാ പ്രധാന റോഡുകളിലുംകൂടി ഇപ്പോൾ മോട്ടാർവാഹനങ്ങൾ ധാരാളം സഞ്ചരിക്കുന്നുണ്ടു്.

## ജലമാർഗ്ഗങ്ങൾ.

ജലമാർഗ്ഗങ്ങളിൽ പ്രധാനപ്പെട്ടവ:—തോടു്, ആറു്, കായൽ ഇവയിൽകൂടി തിരുവനന്തപുരംമുതൽ വടക്കോട്ടു പറവൂർവരെ സമുദ്രതീരത്തുള്ള മാർഗ്ഗമാണു്. തിരുവനന്തപുരത്തുനിന്നു തിരിച്ചു മുറയ്ക്കു ചാക്കയിൽതോടു്, വേളീക്കായൽ, ചാന്നാങ്കരത്തോടു്, കഠിനംകുളംകായൽ, ചിറയിൻകീഴ്തോടു്, അഞ്ചുതെങ്ങിൽകായൽ, വക്കലത്തോടു്, നടയറക്കായൽ, പരവൂർതോടു്, പരവൂർക്കായൽ, കൊല്ലംതോടു്, അഷ്ടമുടിക്കായൽ, ചവറയിൽത്തോടു്,

പന്മനത്തോട്ട്, ആയിരംതെങ്ങുതോട്ട്, കായംകുളംകായൽ, തൃക്കുന്നപ്പുഴത്തോട്ട്, അമ്പലപ്പുഴത്തോട്ട്, പള്ളാത്തുരുത്തിയാറ്, (പമ്പയുടെ ഒരു ശാഖയാണ്) വേമ്പനാട്ടുകായൽ ഇവയിൽകൂടി എറണാകുളം കടന്നു പറവൂർ വടക്കേ അതിർത്തിയിൽചെന്നു കൊച്ചീസംസ്ഥാനത്തിലേക്കു പോകുന്നു. വടക്ക് തിരൂർ റെയിൽവേ ആഫീസ്സുവരെ വള്ളംവഴി പോകാവുന്നതാണ്. തിരുവനന്തപുരം മുതൽ കൊല്ലംവരെ ദൂരം ൫൦ മൈൽ. ആലപ്പുഴവരെ ൯൪ മൈൽ. കൊച്ചിവരെ ൧൩൨ മൈൽ. പറവൂർ അതിർത്തിക്കു ൧൫൦-മൈൽ.

ഈ പ്രധാന കൈവഴിയിൽനിന്നു കായംകുളത്തുവച്ച് ഒരു ശാഖ പിരിഞ്ഞു പത്തിയൂർ, കരിപ്പുഴ, വീയപുരം, രാമങ്കരി, ചങ്ങനാശ്ശേരി ഇവിടങ്ങളിൽക്കൂടി കോട്ടയത്തേക്കു പോകുന്നു. തോടുകൾ അധികം ഉള്ളതു കുട്ടനാട്ടിലാണ്. വള്ളത്തിൻെറ സഹായംകൂടാതെ ഒരു രണ്ടുനാഴിക ദൂരമെങ്കിലും കുട്ടനാട്ടിൽ സഞ്ചരിക്കാൻ സാധിക്കയില്ല. ഇവിടെയുള്ള സ്ത്രീകൾകൂടെ വള്ളംതുഴയുന്നതിനു സാമർത്ഥ്യമുള്ളവരാണ്.

തിരുവനന്തപുരത്തിനു തെക്ക് ഒരു പ്രസിദ്ധപ്പെട്ട തോടു വെട്ടപ്പെട്ടിട്ടുണ്ട്. ഇതു പൂവാററുനിന്നും സമുദ്രതീരത്തുകൂടി തേങ്ങാപ്പട്ടണംവഴി കുളച്ചൽവരെ എത്തിയിട്ടുള്ള അനന്തവിക്ടോറിയാമാർത്താണ്ഡൻ ക്യനാൽ ആകുന്നു. ഈ പേരു സിദ്ധിച്ചത് അനന്തശായിയായ ശ്രീപത്മനാഭസ്വാമിയുടെ നാട്ടിൽ വിക്ടോറിയാ ചക്രവർത്തിനിയുടെ ഭരണകാലത്തു മാർത്താണ്ഡവർമ്മമഹാരാജാവിനാൽ കുഴിക്കപ്പെട്ടിട്ടുള്ളതുകൊണ്ടാണ്. ചുരുക്കിപ്പറയുന്നത് എ. വി. എം. തോടു എന്നാണ്. ഇടയ്ക്കിടെ നികന്നു പോയിട്ടുള്ളതിനാൽ ഈ തോടുകൊണ്ട് ഇപ്പോൾ അധികം പ്രയോജനമില്ല.

## ആവിവണ്ടിപ്പാത.

പരിഷ്കൃതരാജ്യത്തിലെ മുഖ്യ ഗതാഗതമാർഗ്ഗമാകുന്ന ആവിവണ്ടിപ്പാതയും ഈ രാജ്യത്തു നടപ്പിൽ വന്നിട്ടുണ്ട്. ഷൊറണൂർനിന്നു എറണാകുളത്തേക്കുള്ള കൊച്ചിറെയിൽപ്പാതയുടെ ഒരു ഭാഗം ഈ സംസ്ഥാനത്തുകൂടി പോകുന്നു. ഇതു മിക്കവാറും അങ്കമാലി മുതൽ ആലുവാവഴി ഇടപ്പള്ളി കടന്നുവരുന്ന ഭാഗമാണ്. തിരുവിതാംകൂറിൽകൂടി ഈ പാത പോകുന്ന ദൂരം ആകെ ൧൯-മൈലാകുന്നു. അങ്കമാലിയും ആലുവായും ഇടപ്പള്ളിയും തിരുവിതാംകൂറിൽചേർന്ന ആഫീസുകളാണ്. അങ്കമാലിക്കും ആലുവായ്ക്കുംമദ്ധ്യേ കൊച്ചിയിൽചേർന്ന ചൊവ്വരസ്റ്റേഷനും ഉണ്ട്.

തിരുവിതാംകൂറിലേക്ക പ്രത്യേകമായി ഒരു റെയിൽവഴിയും തീൎന്നിട്ടുണ്ട്. ഇതു തെക്കേഇൻഡ്യൻ റെയിൽപ്പാതയുടെ തെക്കേ അററമാകുന്ന തിരുനൽവേലിയിൽനിന്നും ചെങ്കോട്ടവഴി തിരുവനന്തപുരത്തു വന്നുചേരുന്നു. തിരുവനന്തപുരംമുതൽ ചെങ്കോട്ട വരെയുള്ള ആഫീസുകൾ:—

തിരുവനന്തപുരം (തമ്പാനൂർ) പേട്ട, കഴക്കൂട്ടം, കണിയാപുരം, മുരുക്കുംപുഴ, ചിറയിൻകീഴ്, കടക്കാവൂർ, അകത്തുമുറി, വക്കല, കാപ്പിൽ, ഇടവാ, പരവൂർ, മയ്യനാട്ട്, കൊല്ലം, കിളികൊല്ലൂർ, കുണ്ടറ, എഴുകോൺ, കൊട്ടാരക്കര, ആവണീശ്വരം, പുനലൂർ, ഇടമൺ, തെന്മല, ആൎയ്യങ്കാവ്, ഭഗവതിപുരം, ചെങ്കോട്ട ഇവയാകുന്നു.

സഹ്യപൎവതനിരകളിലുള്ള ഒരു ഇടുക്കുവഴിയായ ആൎയ്യങ്കാവിൽ കൂടിയാണ് ഈ പാത മലയ്ക്കിപ്പുറം കടന്നുവരുന്നത്. ഈ ഇടുക്കിനു ൩൭൦ അടി പൊക്കമേയുള്ളു. ഇരുവശങ്ങളുംമൂവായിരം അടിക്കു മേൽ പൊക്കം കൂടിയവയാണ്. റെയിൽവണ്ടി പോകുന്നതിനായി ഇതിനു സമീപം അഞ്ചിടത്തു മലകൾ തുരന്ന് തുരങ്കങ്ങൾ ഉണ്ടാക്കീട്ടുണ്ട്. അവയിൽ വലുതു കിഴക്കേ അററത്തുള്ള ആൎയ്യങ്കാവു തുരങ്കമാണ്. ഇതിന് ൨൯൦൦ അടി നീളമുണ്ട്. പുനലൂർ മുതൽ ചെങ്കോട്ടവരെ മലവഴി പോകുന്ന ഭാഗത്തിനു ഘട്ടഖണ്ഡം എന്നു പറയുന്നു. ചിലപ്പോൾ ഇവിടെ മുമ്പിലും പുറകിലും ഓരോ എഞ്ചിൻ തൊടുത്തിയാണ് വണ്ടി ഓടിക്കുന്നത്.

സംസ്ഥാനത്തുള്ള റെയിൽആഫീസുകളിൽ വച്ച് ഏററവും വലുത് തിരുവനന്തപുരം (തമ്പാനൂർ) സ്റ്റേഷനാകുന്നു. ഇവിടെ വൻതുക ചെലവാക്കി ഗംഭീരമായ ഒരു കെട്ടിടം പണികഴിച്ചിട്ടുണ്ട്. കൊല്ലത്തെ സ്റ്റേഷൻ മുമ്പു പട്ടാളം കിടന്നിരുന്ന മൈതാനസ്ഥലത്താണ്. സ്റ്റേഷനിൽ മഹാരാജാവു് തിരുമനസ്സുകൊണ്ട് എഴുന്നള്ളുമ്പോൾ വിശ്രമിക്കുന്നതിനായി ഒരു ചെറിയ കൊട്ടാരവും പണിയിച്ചിരിക്കുന്നു. പ്രധാന സ്റ്റേഷനിൽനിന്ന് ആശ്രാമത്തു റസിഡണ്ടുബംഗ്ലാവിനു സമീപമുള്ള പുള്ളിക്കടവുവരെ ഒരു ശാഖ നീട്ടിയിട്ടുണ്ട്. ഈ ശാഖാവഴി വണ്ടിയിൽനിന്നു വള്ളത്തിലേയ്ക്കും വള്ളത്തിൽനിന്നു വണ്ടിയിലേയ്ക്കും സാമാനങ്ങൾ ഇറക്കുന്നതിനും കയററുന്നതിനും സൌകൎയ്യമാണ്. ഈ റെയിൽപ്പാത കൊണ്ടു തിരുവിതാംകൂറിൻെറ ഏററുമതി ഇറക്കുമതി മുതലായവയ്ക്കു വളരെ എളുപ്പമുണ്ടെന്നു മാത്രമല്ല, കൊച്ചീതുറമുഖംമുതൽ തിരുവിതാംകൂർവഴി തിരുനെൽവേലി, തുത്തുക്കുടി, കൊളമ്പു മുതലായ സ്ഥലങ്ങൾവരെയുള്ള കച്ചവടത്തിന് അഭിവൃദ്ധിയും സിദ്ധിക്കുന്നുണ്ട്. തെക്കേഅററത്തു തിരുവനന്തപുരംമുതൽ കൊല്ലത്തെ പ്രധാന സ്റ്റേഷൻവരെയുള്ള ദൂരം ൩൯ മൈലാണ്. കൊല്ലംമുതൽ

ചെങ്കോട്ടവരെ ദൂരം ൫൮ മൈലും തിരുനെൽവേലിവരെ ൮൦ മൈലും മദ്രാസുവരെ ൫൭൨ മൈലുമാകുന്നു. ചെങ്കോട്ടവരെ ൫൮ മൈൽ റെയിൽപ്പാതയിടുന്നതിനു് ഏകദേശം രണ്ടുകോടിരൂപായ്ക്കുമേൽ ചെലവായിട്ടുണ്ടു്. ഈ റെയിൽവേയിൽനിന്നും ആണ്ടുതോറും കിട്ടിവരുന്ന തുകകൊണ്ടു കമ്പനിക്കാൎക്കു ചെലവായതിൽ നൂററിനു രണ്ടുവീതം പലിശപോലും നടക്കുന്നില്ല, അതുകൊണ്ടു കരാറിൻപ്രകാരം കമ്പനിക്കാരുടെ നഷ്ടപരിഹാരത്തിനായി പ്രതിവൎഷം ഒരു ലക്ഷം രൂപായ്ക്കുമേൽ ഗവമ്മെൻറിൽനിന്നും കൊടുത്തുവരുന്നു. തിരുവനന്തപുരംമുതൽ നാഗർകോവിൽ വരെയും കൊല്ലംമുതൽ പറവൂർവരെയും ഈ പാതയെ നീട്ടാൻ വേണ്ട ഏൎപ്പാടുകൾ ഗവമ്മെൻറിൽനിന്നും ചെയ്തുവരുന്നുണ്ടു്.

ഗതാഗതസൌകൎയ്യങ്ങൾ എല്ലാം നാൾക്കുനാൾ അഭിവൃദ്ധമായി വരുന്നു. കല്ലിട്ടുറപ്പിച്ച റോഡുകൾ ഉണ്ടായിത്തുടങ്ങിയിട്ടു് ഏകദേശം അറുപതുകൊല്ലമെ ആയിട്ടുള്ളു. അതിനുമുമ്പു പ്രധാന സ്ഥലങ്ങളെ യോജിപ്പിക്കുന്നതിനായി "നടക്കാവുകൾ" എന്ന വഴികൾ ഉണ്ടായിരുന്നു. ഇപ്പോൾ ജനബാഹുല്യമുള്ള മിക്ക സ്ഥലങ്ങളും നല്ല റോഡുകളാൽ ഘടിപ്പിക്കപ്പെട്ടിരിക്കുന്നു. സംസ്ഥാനത്തു് ഇപ്പോൾ നാലായിരം മൈലോളം നല്ല റോഡുണ്ടു്. മുമ്പു ജനങ്ങൾ വഴിയാത്ര ചെയ്തിരുന്നതു മിക്കവാറും കാൽനടയായിട്ടായിരുന്നു. അപൂൎവ്വം ചില പ്രഭുക്കന്മാർ മേനാവും, മഞ്ചലും, കുതിരയും വാഹനങ്ങളായി ഉപയോഗപ്പെടുത്തി വന്നിരുന്നു. ഇപ്പോഴാകട്ടെ കാളവണ്ടി, കുതിരവണ്ടി, ചവിട്ടുവണ്ടി, ആവിവണ്ടി, മോട്ടാർവണ്ടി എന്നിവ റോഡുകളിലും സാധാരണ വള്ളങ്ങൾക്കും ബോട്ടുകൾക്കും പുറമേ മോട്ടാർബോട്ടും ആവിബോട്ടും ജലമാൎഗ്ഗങ്ങളിലും വാഹനങ്ങളായി ഉപയോഗിച്ചുവരുന്നു. സംസ്ഥാനത്തിൻെറ തലസ്ഥാനമായ തിരുവനന്തപുരം പട്ടണത്തിൽ മാത്രമുള്ള റോഡുകളുടെ ആകെ നീളം കണക്കാക്കിക്കിയാൽ നൂറു മൈലിനുമേൽ ഉണ്ടായിരിക്കുന്നതാണു്. പട്ടണത്തിലെ എല്ലാ പ്രധാന റോഡുകളും "കീലു"കൊണ്ടു പൊതിഞ്ഞു പൊടിയുടെ ബാധയിൽനിന്നു സുരക്ഷിതമാക്കിയിട്ടുണ്ടു്. എല്ലാ പരിഷ്കൃത വാഹനങ്ങളും ഇവിടെ നടപ്പുണ്ടു്. രാത്രികാലങ്ങളിൽ പട്ടണത്തിലെ പ്രധാന റോഡുകളിൽ പ്രകാശമേറിയ "വിദ്യുച്ഛക്തിദീപവും" മററു റോഡുകളിൽ സാധാരണ റാന്തൽ വെളിച്ചവും ജനങ്ങൾക്കു് വലുതായ സൌകൎയ്യത്തെ കൊടുക്കുന്നു.

# അദ്ധ്യായം ൧൦.

---

## കൃഷിമരാമത്തു്.

തെക്കൻഡിവിഷനിലെ കൃഷിയുടെ അഭിവൃദ്ധിക്കവേണ്ടി പല വേലകൾ ഗവമ്മെൻറിൽനിന്നു ചെയ്യുവരുന്നു. താമ്രവണ്ണിയിലും കോതയാററിലും പഴയാററിലും മുമ്പിനാലെതന്നെ അണകൾ കെട്ടി നാഞ്ചിനാട്ടിലേക്കു വെള്ളം പായിക്കുന്നതിനു വേണ്ട മാൎഗ്ഗങ്ങൾ ഉണ്ടാക്കീട്ടുണ്ടു്. കോതയാററിലെ കാക്കച്ചൽ അണ, താമ്രവണ്ണിയിലെ പാണ്ഡിയൻഅണ ഇവവളരെ പുരാതനങ്ങളായിട്ടുള്ളവയാണു്. വലിയ കേടുകൾ അവയ്ക്കു് ഇപ്പോഴും സംഭവിച്ചിട്ടില്ല. ഇഞ്ചിനീയർ വേലകളിൽ ഇപ്പോൾ ഉണ്ടായിട്ടുള്ള പരിഷ്ക്കാരങ്ങൾ കേട്ടുകേൾവിപോലും ഇല്ലാതിരുന്ന പുരാതനകാലങ്ങളിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള പാണ്ഡിയൻ അണയേയും മററും ഒന്നു സന്ദർശിച്ചാൽ പണ്ടുള്ളവരുടെ ബുദ്ധികൌശലത്തെപ്പററി എങ്ങനെയാണു് സ്മരിക്കാതിരിക്കുന്നതു്.

ഇതിനു കുറച്ചു താഴെയാണു് ഈയിട നന്നാക്കി പൊക്കപ്പെട്ടിട്ടുള്ള വിശേഷമായ പൊന്മനയണ. ഇതിലും പാണ്ഡിയൻ അണയിലും നിന്നു് ഓരോ കാലു് പഴയാററിലേക്കു വെട്ടിച്ചിട്ടുണ്ടു്. പൊന്മന അണയിൽ നിന്നും പുത്തനാറു് എന്ന കാലുവഴി പത്മനാഭപുരം, ഇരണിയൽ മുതലായപ്രദേശങ്ങളിൽ വെള്ളംകൊണ്ടുപോകപ്പെടുന്നു. പഴയാററിൽ ചിലയിടങ്ങളിൽ അണെ കെട്ടി അണയിൽ അനേകം കണ്ണറകളും അവയ്ക്കു ഓരോ ഷീപ്പും ഓരോ പ്രത്യേകകാലം ഉണ്ടാക്കിയിട്ടുണ്ടു്. ഇവയെ "ഹെഡ്‌വക്ക്സു്" അല്ലെങ്കിൽ തലവേലകൾ എന്നു വിളിക്കുന്നു. ഈ പണികൊണ്ടു ഒരണയിൽനിന്നു് ഒരു സമയത്തു് ആവശ്യംപോലെ വെള്ളം വേണ്ട സ്ഥലങ്ങളിലേക്കു കൊണ്ടുപോകയും വേണ്ടാത്ത സ്ഥലത്തു് അയയ്ക്കാതിരിക്കയും ചെയ്യാം. ഈ അണകളും ചാലുകളും കൊണ്ടു മതിയാകാത്തതുകൊണ്ടാണു്; കോതയാററിൻെറ മേൽഭാഗത്തു വളരെ പണം ചെലവുചെയ്തു കുറച്ചു, മുമ്പു് ഒരു വലിയ അണ പണിതീൎത്തതു്. ഇതത്രേ പ്രസിദ്ധപ്പെട്ട "പേച്ചിപ്പാറ" അണ. അണയുടെ നീളം ൧,൨൦൦ അടിയും പൊക്കം ൧൧൫ അടിയുമാണു്. മുകളിൽ ഏകദേശം ൮൦ ചതുരശ്രമൈൽസ്ഥലത്തു വീഴുന്നവെള്ളം ഒലിച്ചുവന്നു കെട്ടിനില്ക്കത്തക്ക സൌകൎയ്യമുണ്ടു്. ഇതിൻെറ മുകളിൽനിന്നു വലത്തും ഇടത്തും ഭാഗങ്ങളിലേക്കുള്ള കാലുകൾ മുഴുവൻ തീന്നാൽ നെയ്യാററുങ്കര മുതൽ ക

ന്യാകുമാരിവരെയുള്ള കൃഷിക്കു ജലദൌർല്ലഭ്യത്താലുള്ള ദോഷം കുറയുന്നതാണ്. ഇടത്തുവശത്തെ കാലും ചാലുകളും മാത്രമേ ഇപ്പോൾ പണിതീൎന്നിട്ടുള്ളൂ. അണയും കാലുകൾക്കുമായി ഏകദേശം ൯൦ ലക്ഷം രൂപാ ചെലവായിട്ടുണ്ട്. ഇവമൂലം കോതയാററിലെ വെള്ളം പറളിയാററിൽ പൊന്മന അണയ്ക്കുമേൽ ചെല്ലുന്നു. അവിടന്നു പഴയാററിലെത്തി വെള്ളം നാഞ്ചിനാട്ടിൽ പരക്കുന്നു.

ചെങ്കോട്ടയിലും കൃഷിക്കു വേണ്ട വെള്ളം നിറുത്തുന്നതിനും കൊണ്ടുപോകുന്നതിനും സൌകര്യമായിരിക്കത്തക്കവണ്ണം വലിയ കുളങ്ങളും തോടുകളും കുഴിപ്പിച്ചിട്ടുണ്ട്. കൃഷിക്ക് ഉപയോഗമായി അമ്പലപ്പുഴ താലൂക്കിൽ തോട്ടപ്പള്ളിച്ചിറയിൽ ഒരു ചീപ്പ് പണിയിച്ചിരിക്കുന്നു. ഇതിൻെറ ഉദ്ദേശം തോട്ടിൽനിന്ന് ഓരുവെള്ളം നിലങ്ങളിൽ കേറാതിരിക്കുന്നതിനാണ്. വടക്കൻ ഡിവിഷനിൽ പറവൂരിനടുത്ത് ഒരു ബണ്ടു (ചിറ) ഗവൎമ്മെൻറിൽനിന്ന് അനവധി പണം ചെലവുചെയ്തു തുടങ്ങിയതു് ഉപയോഗകരമായി അവസാനിച്ചില്ല. മററു വേലകളിൽ പ്രധാനം കല്ലട, കൈനകരി, കൈപ്പുഴ, മുനമ്പം മുതലായ ഇടങ്ങളിൽ നിലങ്ങളുടെ കരകളെ ഉറപ്പിക്കയും രക്ഷിക്കയും ചെയ്തുവരുന്നവയാണ്.

## അദ്ധ്യായം ൧൧.

### അഞ്ചൽ, തപാൽ, കമ്പി.

ഈ സംസ്ഥാനത്തിനുള്ളിൽ കുടിപാർപ്പുള്ള എവിടെയും എഴുത്തോ ചെറുവക ഉരുപ്പടികളോ പണമോ എത്തിച്ചു കൊടുക്കുന്നതിനു ഗവൎമ്മെൻറുവകയായി ഒരഞ്ചൽ ഡിപ്പാർട്ടുമെൻറ് ഏർപ്പെടുത്തിയിട്ടുണ്ട്. ഏകദേശം അൻപതു കൊല്ലത്തിനു മുമ്പാണ് അഞ്ചൽ എന്ന സമ്പ്രദായം ഇവിടെ സ്ഥാപിച്ചത്. അതു് ഗവൎമ്മെൻറു വകയായ എഴുത്തുകളും വലിയ കൊട്ടാരത്തിലേയ്ക്കു് അവശ്യമുള്ള കോപ്പുകളും അയയ്ക്കുന്നതിനു മാത്രം ഉദ്ദേശിച്ചു ഒന്നായിരുന്നു. പിന്നീടു ക്രമേണ പരിഷ്ക്കരിച്ചു പൊതുജനങ്ങൾക്ക് ഏററവും ഉപകാരമുള്ള ഒരു ഡിപ്പാർട്ടുമെൻറാക്കിത്തീൎത്തു. ബ്രിട്ടീഷ് തപാലിനേക്കാൾ ഇതിനു കൂലി കുറവാണ്. എഴുത്തിനു കുറഞ്ഞകൂലി ആറുകാശും പണം അയയ്ക്കുന്നതിനു കുറഞ്ഞകൂലി ഒന്നരച്ചക്രവുമാകുന്നു. ബ്രിട്ടീഷുതപാൽ നടപടിയെപ്പോലെ സ്ററാമ്പു്, കാർഡ്, മണിയാർഡർഫാറം മുതലായവ ഇവിടെപ്ര

ത്യേകമായി ഉണ്ട്. തിരുവിതാംകൂർ അഞ്ചൽ ഉരുപ്പടികളെ കൊച്ചി സംസ്ഥാനത്തും കൊച്ചിയിലുള്ളവയെ ഇവിടെയും വിശേഷാൽകൂലി കൂടാതെ അയയ്ക്കുന്നതിന് ഏർപ്പാടു ചെയ്തിരിക്കുന്നു. ഹുണ്ടിയും വാല്യുപേയബിളും സേവിംഗ്സ് ബാങ്കും നടപ്പാക്കിയതോടുകൂടി ഡിപ്പാർട്ടുമെൻറിന് അഭിവൃദ്ധിയുണ്ടായി. ഇതിൻെറ ചുമതല വഹിക്കുന്നത് അഞ്ചൽ സൂപ്രണ്ട് എന്ന ഉദ്യോഗസ്ഥനാണ്.

## ബ്രിട്ടീഷു തപാൽ.

ഇത് മുഖ്യമായി ഇവിടെനിന്ന് അന്യരാജ്യങ്ങളുമായുള്ള എഴുത്തുകുത്തുകൾ മുതലായവയ്ക്ക് ഉപയോഗപ്പെടുന്നു. ഈ സംസ്ഥാനത്ത് ഇംഗ്ലീഷുവർഷം ൧൮൫൭-ൽ ആണ് ബ്രിട്ടീഷു തപാൽ ഏർപ്പെടുത്തിയത്. ആദ്യത്തെ ആഫീസ് സ്ഥാപിച്ചതു ആലപ്പുഴയാണ്. തപാലാഫീസുകൾ ധാരാളം നിരന്നിട്ടുണ്ടെങ്കിലും അഞ്ചലാപ്പീസുകളുടെ തുകയോളം ഇല്ല. എഴുത്തിനു കുറഞ്ഞകൂലി മുക്കാൽ അണയും പണമയയ്ക്കുന്നതിനു രണ്ടണയും ആകുന്നു. ഇതിൻെറ ഭരണാധികാരം ബ്രിട്ടീഷുഗവൺമെൻറിനാണ്. ഇതുവഴി ഭൂലോകത്തിലെവിടെയും എഴുത്തും സാമാനവും അയയ്ക്കാം. ഇൻഡ്യയ്ക്കു പുറമേ പോകുന്നതിനു കൂലി കൂടുതലുണ്ട്. എഴുത്തിനു ചുരുങ്ങിയ കൂലി രണ്ടണയാണ്. ഇപ്പോൾ വിമാനംവഴിയും എഴുത്തയയ്ക്കാം. അതിനു കാർഡിനു ൪-അണയും കവറിനു ൮-ണയുമാകുന്നു കൂലി.

## കമ്പി.

ദൂരദേശവർത്തമാനങ്ങൾ ഉടനുടൻ അറിയുന്നതിനും അറിയിപ്പിക്കുന്നതിനും ലോകംമുഴുവൻ മിക്കവാറും ചുററിക്കിടക്കുന്ന കമ്പിത്തപാൽ ഈ സംസ്ഥാനത്തിലെയ്ക്കും നീട്ടപ്പെട്ടിട്ടുണ്ട്. ഇതു ഇവിടെ നടപ്പാക്കിയതു് ൧൮൬൪-ൽ ആണ്. ആദ്യത്തെ കമ്പിആഫീസും ആലപ്പുഴത്തന്നെ. ഇതുവഴി വർത്തമാനം അറിയിക്കുന്നതു രണ്ടുതരത്തിലാണ്. കുറഞ്ഞതരം ൮ വാക്കിനു ൯ അണയാണ് കൂലി. കൂടിയതു് ൮ വാക്കിനു ൧ രൂപാ ൮ണ കൂലിയുള്ള അടിയന്തിരക്കമ്പിയാണ്. അടിയന്തിരക്കമ്പി കുറഞ്ഞതരം കമ്പിയെക്കാൾ ക്ഷണത്തിൽ മേൽവിലാസക്കാരന് കൊടുക്കപ്പെടും. ഇപ്പോൾ ചില സന്ദർഭങ്ങളിൽ അനുമോദനം നൽകുക മുതലായവയ്ക്കു സാധാരണയിൽ കുറഞ്ഞു് ആറു വാക്കിന് ആറണ എന്നൊരുതരം കമ്പിയും നടപ്പിലായിട്ടുണ്ട്. ഈ സംസ്ഥാനത്തു തിരുവനന്തപുരത്തും, കൊല്ലത്തും, ആലപ്പുഴയും ഓരോ പ്രധാന കമ്പി ആഫീസും നാഗർകോവിൽ, തക്കല, കുളച്ചൽ, മാത്താണ്ഡം, നെയ്യാററുങ്കര, ആററുങ്ങൽ, ചെങ്കോട്ട, ചെങ്ങന്നൂർ,

കോട്ടയം, ചങ്ങനാശ്ശേരി, പീരുമേട്ടു, പറവൂർ മുതലായയിടങ്ങളിൽ താണതരം ആഫീസുകളും ഉണ്ടു്. അവിവണ്ടിപ്പാതആഫീസുകളിൽ കമ്പനിവക ആഫീസുകളും ഉണ്ടു്.

---

# അദ്ധ്യായം ൧൨.


---

## ജനങ്ങൾ.

ഇക്കഴിഞ്ഞ ൧൯൩൧-ലെ സെൻസസ്സ് പ്രകാരം ഈ സംസ്ഥാനത്തെ ജനസംഖ്യ ഉദ്ദേശം അൻപത്തിഒന്നുലക്ഷമാകുന്നു. ഇതിൽ ഏറെക്കുറെ പകുതിവീതം സ്ത്രീകളും പുരുഷന്മാരുമാണ്. പുരുഷന്മാർ സ്ത്രീകളെക്കാൾ മുപ്പത്തിഅയ്യായിരംകൂട്ടതൽ ഉണ്ടു്. ജനസംഖ്യയിൽ മുന്നിട്ടുനില്ക്കുന്ന താലൂക്ക തിരുവല്ലായാണ്. സംസ്ഥാനത്തിൻെറ ക്ഷേത്രഫലം ൭൬൨൫ ചതുരശ്രമൈൽ ആണെന്നു പറഞ്ഞുവല്ലോ. ഈ ക്ഷേത്രഫലംകൊണ്ടു് ആകെയുള്ള ജനസംഖ്യയെ ഹരിച്ചാൽ ശരാശരി ച. മ. ഒന്നിന് ൬൬൬ ആളുകൾവീതം ഉണ്ടായിരിക്കും. അധികം തിങ്ങിക്കുടിപാർപ്പുള്ളതു തിരുവനന്തപുരം, കരുനാഗപ്പള്ളി, കാർത്തികപ്പള്ളി ഈ താലൂക്കകളിലാണ്. ഇവിടെ ശരാശരി ച-മ ഒന്നിനു രണ്ടായിരം ആളുകൾ താമസിക്കുന്നുണ്ടു്. ജനസംഖ്യ കുറഞ്ഞ താലൂക്കുകൾ ദേവികുളം, പീരുമേട്ട് ഇവയാകുന്നു. നമ്മുടെ സംസ്ഥാനത്തെ ഇൻഡ്യയിലെ നാട്ടുരാജ്യങ്ങളോടു താരതമ്യപ്പെടുത്തുന്നപക്ഷം വിസ്തീർണ്ണത്തിൽ ൧൬-ാമത്തെ സ്ഥാനമാണുള്ളതെങ്കിലും ജനസംഖ്യയിൽ ൩-ാമതായിട്ടു നില്ക്കുന്നതായിക്കാണാം.

ഇവിടെ പലവർഗ്ഗത്തിലുൾപ്പെട്ട ആളുകൾ ഉണ്ടു്. സ്വദേശീയർ സമീപവാസികളിൽനിന്നു ചില വ്യത്യാസങ്ങൾ ഉള്ളവരാണ്. വസ്ത്രധാരണവും അലങ്കാരവും സദേശീയരുടെ ഇടയിൽ ചുരുങ്ങിയമട്ടിലാകുന്നു. ശുദ്ധ വെള്ളവസ്ത്രം ധരിക്കുന്നതിനാണ് ഇഷ്ടമുള്ളതു്. അരയിൽ ധരിക്കുന്നതിനും മേൽഭാഗം മറയ്ക്കുന്നതിനും ഇവർ വെവ്വേറെ മുണ്ടുകൾ ഉപയോഗിക്കുന്നു. ഭക്ഷണത്തിൻെറ രീതിയിലും വിശേഷതയുണ്ടു്. സംസാരിക്കുന്ന ഭാഷ മലയാളമാണ്. തെക്കേ അററത്തു നാഞ്ചിനാട്ടിലും കിഴക്കേ അതിരിൽ ചെങ്കോട്ടയിലും ഭാഷ തമിഴാണ്.

ഇവിടെയുള്ള നാനാജാതിക്കാരെ പ്രധാനമായി മൂന്നു സംഘക്കാരായിട്ടു ഗണിക്കാം. അതായതു്:—


തിരുവിതാംകൂർ സംസ്ഥാനം
ശരാശരി മഴക്കണക്ക്
സ്കെയിൽ ൧ ഇഞ്ചു് = ൨൪ മൈൽ
കുന്നത്തുനാട്
പറവൂർ
മൂവാററുപുഴ
ദേവികുളം
തൊടുപുഴ
വൈക്കം
മീനച്ചൽ
ചേർത്തല
കോട്ടയം
പീരുമേട്
ചങ്ങനാശേരി
അമ്പലപ്പുഴ
തിരുവല്ല
പത്തനംതിട്ട
കാർത്തികപ്പള്ളി
മാവേലിക്കര
കുന്നത്തൂർ
കരുനാഗപ്പള്ളി
ചെങ്കോട്ട
പത്തനാപുരം
കൊട്ടാരക്കര
കൊല്ലം
ചിറയിൻകീഴ്
നെടുമങ്ങാട്
തിരുവനന്തപുരം
തോവാള
നെയ്യാററിൻകര
വിളവൻകോട്
കൽക്കുളം
അഗസ്തീശ്വരം
50 ഇഞ്ചിനുമേൽ 80 ഇഞ്ചുവരെ
80 " 100 "
100 " 120 "
120 " 150 "
150 " 180 "
180 "

൧. ഹിന്ദുമതത്തിൽ ഉൾപ്പെട്ടആളുകൾ (മുപ്പത്തിരണ്ടുലക്ഷം)
൨. ക്രിസ്തുമതത്തിലുൾപ്പെട്ടവർ (പതിനാറുലക്ഷം)
൩. മഹമ്മദുമതത്തിൽ ഉൾപ്പെട്ടവർ (മൂന്നരലക്ഷം)

൧. ഹിന്ദുമതത്തിൽ ഉൾപ്പെട്ടവർ:—ഇവരുടെ ഇടയിലാണ്, ജാതിവ്യത്യാസം പ്രത്യക്ഷമായിരിക്കുന്നതു്. പ്രധാനജാതിക്കാർ ബ്രാഹ്മണർ, ക്ഷത്രിയർ, നായന്മാർ, ഈഴവർ, ചാന്നാന്മാർ, പുലയർ, പറയർ ഇവരാകുന്നു.

ബ്രാഹ്മണർ:—(അറുപത്തിഎണ്ണായിരം) ഇവരിൽ നമ്പൂരിമാർ, പോററിമാർ, പരദേശബ്രാഹ്മണർ എന്നു മൂന്നു സംഘക്കാരുണ്ടു്. മലയാളബ്രാഹ്മണർ അധികം വടക്കൻതാലൂക്കുകളിലും പരദേശബ്രാഹ്മണർ തെക്കൻതാലൂക്കുകളിലുമാണ് താമസം. ഇവരുടെ മുഖ്യമായ ധർമ്മം വേദശാസ്ത്രപാരായണമാണ്.

ക്ഷത്രിയർ:—(മൂവായിരം വരും) കോയിത്തമ്പുരാക്കന്മാർ, തമ്പുരാക്കന്മാർ, ഇവരും തമ്പാൻ, തിരുമുല്പാട്ട മുതലായവരും മലയാളക്ഷത്രിയരാണ്. ആകൃതിയും വേഷവും ആചാരങ്ങളും മലയാളബ്രാഹ്മണരുടേതുപോലെയാണ്. വടക്കൻതാലൂക്കുകളിലാണ് ഇവർ അധികം താമസിക്കുന്നതു്.

നായന്മാർ:—(എട്ടുലക്ഷത്തി അറുപത്തി എണ്ണായിരം) ൧൮൭൧-ലെ സെൻസസ്സുവരെ ഹിന്ദുവർഗ്ഗത്തിൽ ഏററവും കൂട്ടതൽ നായന്മാരായിരുന്നു. ഇപ്പോൾ രണ്ടാമത്തെ സ്ഥാനമാണ് ഇവർക്കുള്ളതു്. ഇവരുടെ പ്രവൃത്തി മുഖ്യമായി കൃഷിയാണ്. അവകാശക്രമം മരുമക്കവഴി അനുസരിച്ചായിരുന്നു. ഇപ്പോൾ മിക്കവാറും മക്കവഴിയായിത്തീൎന്നിട്ടുണ്ടു്. മുമ്പ് ഇവർ ധൈൎയ്യശാലികളായ യോദ്ധാക്കന്മാർ ആയിരുന്നു. ടിപ്പുവിൻെറ കാലത്തു നായർപട്ടാളം യൂറോപ്യന്മാരുടെ പ്രശംസയ്ക്കു പാത്രീഭവിച്ചിട്ടുള്ളതാണ്. ഇവരിൽ അനേകം ഉൾപ്പിരിവുകൾ ഉണ്ടു്.

അമ്പലവാസികൾ:—(എണ്ണായിരം) ഇതു ക്ഷേത്രസംബന്ധമായ പണികൾ നടത്തുന്ന മിക്കവൎക്കുംകൂടി പൊതുവായുള്ള ഒരു പേരാകുന്നു. ഇവരിൽ വാര്യർ, പുഷ്പകൻ, നമ്പ്യാർ, ചാക്യാർ, പിഷാരടി, കുരുക്കൾ, ഉണ്ണി മുതലായി പല ഇനക്കാർ ഉണ്ടു്. ഇവരെല്ലാം സ്വദേശീയരാണ്.

സാമന്തന്മാർ:—ഇവർ ടിപ്പുവിൻെറ പടയെ പേടിച്ചു് തിരുവിതാംകൂറിൽ അഭയംപ്രാപിച്ച ചില്ലറ നാടുവാഴികളുടെ സന്താനങ്ങൾ ആണ്. പന്തളം, ഉണ്ണിയാതിരി, വെട്ടത്തുനാടി ഇവർ ഈ ഇനത്തിൽ ഉൾപ്പെടുന്നു. ജനസംഖ്യ വളരെ കുറവാണ്.

കൊങ്കിണികൾ:—(ഒൻപതിനായിരം) ഇവർ കൊങ്കണ ദേശത്തുനിന്നു വന്നിട്ടുള്ളവരാണ്. ഇവരെ ഗൌഡസാരസ്വതർ എന്നും വിളിക്കാറുണ്ട്. കച്ചവടമാണ് മുഖ്യതൊഴിൽ. ഇവരുടെ വക ആലപ്പുഴ, ചേർത്തല മുതലായ സ്ഥലങ്ങളിൽ തിരുമല ദേവസ്വത്തിലുൾപ്പെട്ട ക്ഷേത്രങ്ങൾ ഉണ്ട്.

ഈഴവർ:—(എട്ടു ലക്ഷത്തി എഴുപതിനായിരത്തോളം ഉണ്ട്.) ജനസംഖ്യയിൽ ഹിന്ദുവർഗ്ഗത്തിൽ ഒന്നാമത്തെ സ്ഥാനം ഇവർ വഹിക്കുന്നു. ഇത് നായന്മാരുടെ സംഖ്യയേക്കാൾ അല്പം കൂടുതലാണ്. ഇവർ സിലോണിൽനിന്ന് ഇവിടെ വന്നു കുടിയേറിപ്പാർത്തവരാണെന്നു ഗണിക്കപ്പെട്ടിരിക്കുന്നു. ഈഴം, സിംഹളം എന്നവ സിലോണിന്റെ പഴയ പേരുകളാകുന്നു. കൃഷിയും കച്ചവടവുമാണ് പ്രധാന തൊഴിലുകൾ. ഇവർ വ്യവസായശീലന്മാരാകയാൽ അനേക കൈത്തൊഴിലുകളെ സ്വീകരിച്ചുവരുന്നു. അവകാശക്രമം മക്കവഴിയും മരുമക്കവഴിയും രണ്ടുതരത്തിലുണ്ട്. എന്നാൽ ഇപ്പോൾ മരുമക്കവഴി കുറഞ്ഞും മക്കവഴി കൂടിയും വരുന്നു. ഇവർ വൈദ്യം, ജ്യോതിഷം മുതലായവ അഭ്യസിക്കുന്നതിനു താൽപര്യമുള്ളവരാണ്. പ്രമാണികളിൽ ചിലക്കു മൂപ്പൻ, ചാന്നാർ, പണിക്കർ എന്ന സ്ഥാനപ്പേരുകൾ ഉണ്ട്. ഇവരുടെ വക "ശ്രീനാരായണധർമ്മപരിപാലനയോഗം"മൂലം സമുദായത്തിനു വലിയ ഉണർച്ച ഉണ്ടായിട്ടുണ്ട്.

ചാന്നാന്മാർ:—(അഞ്ചരലക്ഷം) ഇവർ തെക്കൻതിരുവിതാംകൂറിലേ അധികമുള്ളൂ. ആകൃതിയും വേഷവും ഭാഷയും തമിഴരീതിതന്നെ. പനയേററവും കൃഷിയുമാണ് പ്രധാന തൊഴിലുകൾ. കല്ക്കുളം, അഗസ്തീശ്വരം ഈ താലൂക്കുകളിലാണ് അധികം പാർത്തുവരുന്നതു്. ഈ വർഗ്ഗത്തിൽനിന്നു വളരെപ്പേർ ക്രിസ്ത്യാനികളായിട്ടുണ്ട്.

പുലയരും പറയരും:—ഏഴുലക്ഷത്തിൽ കൂടുതൽ ഉണ്ട്. ഈ രണ്ടിൽ പുലയരാണ് അധികം ഉള്ളതു് പറയരുടെ ഇരട്ടിയിലധികം പുലയരാണ്. ഇവർ ഈ സംസ്ഥാനത്തു പുരാതനകാലം മുതല്ക്കേ ഉള്ളവരാണെന്നു വിചാരിക്കപ്പെട്ടിരിക്കുന്നു. നിലംപുരയിടങ്ങളിൽ കൃഷിപ്പണി നടത്തുന്നതു് ഇവരാണ്. ഒരു കാലത്തു ഇവർ അടിമകളായി ഗണിക്കപ്പെട്ടിരുന്നു. എന്നാൽ ഇപ്പോൾ സ്വാതന്ത്ര്യമുള്ളവരായിത്തീർന്നിട്ടുണ്ട്. വളരെ പുരാതനകാലത്തു ഇവരിൽ ചില്ലറ നാടുവാഴികൾ ഉണ്ടായിരുന്നു. തിരുവനന്തപുരത്തിനടുത്തുള്ള "പുലയനാർകോട്ട"യും നെടുമങ്ങാട്ടുള്ള "ഉഴമലയ്ക്കൽ"ലും, കൊക്കോതമംഗലവും, കൊല്ലത്തിനടുത്തുള്ള ചാത്ത

ന്നൂരും, കൊട്ടാരക്കരയുമുള്ള 'ചടയമംഗലവും' ഇവരുടെ വകയായിരുന്നു. ഇപ്പോഴത്തെ ഇവരുടെ സാമുദായികസ്ഥിതി വളരെ വ്യത്യാസപ്പെട്ടവരുന്നു. ഇവരുടെ സമുദായ പരിഷ്കരണത്തിനു പലരും ശ്രമിക്കുന്നുണ്ട്. നെയ്യാററിങ്കരത്താലൂക്കിൽ സ്ഥാപിച്ചിട്ടുള്ള ഇവരുടെ വക സാധുപരിപാലനസംഘവും, തിരുവല്ലായിലെ ചേരമർമഹാജനസംഘവും, അഖിലേന്ത്യാ ഹരിജനസേവകസംഘവും, ഇതിലേയ്ക്കു പ്രത്യേകം ഉതകുന്നവയാണ്. ഈ വർഗ്ഗത്തിൽനിന്നു ചിലരെ നിയമസഭാമെമ്പറന്മാരായി തെരഞ്ഞെടുക്കയും ചെയ്തിട്ടുണ്ട്.

കാട്ടുജാതിക്കാർ:—മൂവായിരത്തോളമേ കണക്കാക്കിയിട്ടുള്ളു. ഇവരെയും ഹിന്തുജനങ്ങളിൽ കൂട്ടാം. മലമുകളിലും മലഞ്ചെരിവുകളിലും ആണ് ഇവർ താമസിക്കുന്നത്. ഇവരിൽ വേലൻ, മലങ്കുറവൻ, മലവേടൻ, കാണിക്കാരൻ എന്നിങ്ങനെ പല ഇനക്കാരുമുണ്ട്. കപ്പ (മരച്ചീനി) വാഴ മുതലായ കൃഷികൾ ഇവർ മലയിൽ ചെയ്യുന്നു. ഇവർ ക്രമേണ കുറഞ്ഞുവരുന്നു.

ഹിന്ദുവർഗ്ഗത്തിൽപ്പെട്ട ചില ജാതിക്കാർക്ക് മുൻപുണ്ടായിരുന്ന അസമത്വങ്ങൾ എല്ലാം ഈയിടപ്രസിദ്ധപ്പെടുത്തിയ തിരുവെഴുത്തുവിളംബരം കൊണ്ടു നീക്കപ്പെടുകയും ജാതിഭേദംകൂടാതെസകലഹിന്ദുക്കൾക്കും ക്ഷേത്രപ്രവേശനം ലഭിയ്ക്കുകയും ചെയ്തിരിക്കുന്നു.

൨. ക്രിസ്തുമതത്തിൽ ഉൾപ്പെട്ടവർ:—

ഇവരെ മൂന്നു ഇനക്കാരായി ഗണിക്കാം,

| | |
|---|---|
| (എ) നാട്ടുക്രിസ്ത്യാനികൾ | (പതിനാറുലക്ഷം) |
| (ബി) യൂറേഷ്യന്മാർ | (ആറായിരം) |
| (സി) യൂറോപ്യന്മാർ | (അറുനൂറ്) |

(എ) നാട്ടുക്രിസ്ത്യാനികൾ:—ഇക്കൂട്ടത്തിൽ ലത്തീൻകത്തോലിക്കരും, സുറിയാനികളും, പ്രോട്ടസ്റ്റൻറുകാരും ഉൾപ്പെടുന്നു.

ലത്തീൻകത്തോലിക്കക്കാർ അധികം താമസമുള്ളതു സമുദ്രതീരം സംബന്ധിച്ച താലൂക്കുകളിലാണ്. ഇവരുടെ ഭാഷ ഒരുമാതിരി ദുഷിച്ച മലയാളമാകുന്നു. കൃഷിക്കാർ ഇവരുടെ ഇടയിൽ കുറവാണ്. (ജനസംഖ്യ മൂന്നരലക്ഷത്തിൽ കൂടുതലുണ്ട്.)

സുറിയാനികൾ:—ഇവർ വടക്കൻതാലൂക്കുകളിലാണ് താമസം. ഇവരുടെ തൊഴിൽ കൃഷിയും കച്ചവടവും മററുമാണ്. ഇക്കൂട്ടത്തിൽ പുത്തൻകൂററുകാർ, പഴയകൂററുകാർ, ചർച്ച്മിഷ്യൻകാർ മുതലായ പ്രത്യേക സംഘക്കാർ ഉണ്ട്. പുത്തൻകൂററുകാർ നാലരലക്ഷത്തിൽ കൂടുതൽ ഉണ്ട്. പഴയകൂററുകാർ നാലരലക്ഷത്തോളമേയുള്ളു. ചർച്ച്മിഷ്യൻകാരുടെസംഖ്യ എൺപത്തിഅയ്യായിരമാണ്.

പ്രൊട്ടസ്റ്റൻറുകാർ:—ഇവരിലധികംഭാഗം തെക്കൻതിരുവിതാംകൂറിലാണു താമസം. മിക്കപേരും ലണ്ടൻമിഷ്യൻ സമുദായത്തിൽ ചേൎന്നവരാകുന്നു. വേഷവും ഭാഷയും തമിഴരീതി തന്നെ. തൊഴിൽ കൃഷിയും കച്ചവടവും മററുമാകുന്നു. ഈ കൂട്ടത്തിൽ ഉൾപ്പെട്ടവരാണു രക്ഷാസൈന്യക്കാരും ലൂതറൻകാരും. ലണ്ടൻമിഷ്യൻകാർ ഒന്നരലക്ഷത്തോളം വരും. രക്ഷാസൈന്യക്കാർ അരലക്ഷത്തിൽ കൂടുതൽ ഉണ്ട്.

(ബി) യൂറേഷ്യന്മാർ:—ഇവരിൽ അധികംപേരും പോർട്ടുഗീസുവംശക്കാരുടെ സന്താനങ്ങളാണ്. ഡച്ച്, ഇംഗ്ലീഷ്, ഫ്രഞ്ച് മുതലായവരോടു സംബന്ധപ്പെട്ടവരും ഏതാനുംപേർ ഉണ്ട്. സമുദ്രതീരത്തുള്ള താലൂക്കുകളിലാണ് ഇവർ മിക്കവാറും താമസിക്കുന്നത്. വസ്ത്രധാരണം ആകപ്പാടെ യൂറോപ്യൻസമ്പ്രദായംതന്നെ. സംസാരിക്കുന്ന ഭാഷ ഇംഗ്ലീഷ് ആകുന്നു. പോർട്ടുഗീസുകാരും ഡച്ചുകാരും പണ്ടു കച്ചവടംനടത്തിവന്ന കൊല്ലം, ആലപ്പുഴ, പറവൂർ മുതലായ പട്ടണങ്ങളിലാണ് ഇവർ അധികം താമസമുള്ളതു്. ഇവരെ ആദികാലത്തു തുപ്പായികൾ എന്നു വിളിച്ചുവന്നിരുന്നു. തുപ്പായി എന്ന പദം ദ്വിഭാഷി എന്നതിൻെറ തത്ഭവമാണ്. ഇവൎക്കു നാട്ടുഭാഷയും ഒരു യൂറോപ്യൻഭാഷയും അറിയാമായിരുന്നതുകൊണ്ടാണ് ഇങ്ങനെ ഒരു പേർ ഉണ്ടായതു്. ഇവരുടെ സംഖ്യ എണ്ണൂറോളമേയുള്ളു.

(സി) യൂറോപ്യന്മാർ:—ഇവർ സംഖ്യയിൽ വളരെ കുറച്ചേയുള്ളു. എങ്കിലും പ്രാബല്യം വളരെ കൂടുതൽ ഉള്ളവരാണ്. ഇവിടെതാമസിക്കുന്ന യൂറോപ്യന്മാർ കാപ്പിത്തോട്ടങ്ങളിൽ കൃഷിക്കാരായിട്ടോ ഉയൎന്നതരം ഉദ്യോഗസ്ഥന്മാരായിട്ടോ കച്ചവടംനടത്തുന്ന കമ്പനിക്കാരായിട്ടോ ആണ് കാണപ്പെടുന്നതു്. ഇവർ അധികം താമസിക്കുന്നതു് പീരുമേട്ടിലാകുന്നു. ഇവരുടെ വക കൊല്ലത്തു് ഒരു ഓട്ടുയന്ത്രശാലയും, ആലപ്പുഴ ഒരു കയററുയന്ത്രശാലയും ഉണ്ടു്. തിരുവിതാംകൂർ മലകളിൽ കൃഷി ധാരാളമായി ചെയ്വാൻ തുടങ്ങിയതു് ഇവരുടെ പ്രവേശനത്തോടുകൂടിയാകുന്നു. ഇവർ നായാട്ടിലും കുതിരസ്സവാരിയിലും വ്യായാമസംബന്ധമായ കളികളിലും പ്രിയമുള്ളവരാണ്. ഇവരുടെ ആനന്ദത്തിനായി തിരുവനന്തപുരത്തു് അതിമനോഹരമായ ഒരു ക്ലബ്ബ് സ്ഥാപിച്ചിട്ടുണ്ടു്.

മഹമ്മദുമതത്തിൽ ഉൾപ്പെട്ടവർ:—(മൂന്നുലക്ഷത്തിഅൻപതിനായിരത്തിലധികം ഉണ്ടു്.) പൊതുവിൽ ഇവരെ മുസൽമാന്മാർ എന്നു വിളിച്ചുവരുന്നു. ഇവർ തലയിൽ സദാ തൊപ്പി

ധരിക്കുന്നുണ്ട്. ഇവരുടെ ഇടയിൽ മേത്തൻ, ജോനകൻ, തുലുക്കൻ എന്ന വിഭാഗങ്ങളുണ്ട്.

മേത്തന്മാർ:—(ഒരുലക്ഷത്തി മുപ്പത്തിനാലായിരം) മുൻകാലങ്ങളിൽ കച്ചവടത്തിനായി അന്യരാജ്യങ്ങളിൽനിന്ന് ഇവിടെ വന്നു താമസിച്ച മഹമ്മദീയരുടെ സന്താനങ്ങളാണ്. അവരാൽ മതത്തിൽ ചേക്കപ്പെട്ടവരും ധാരാളമുണ്ട്. ഇപ്പോൾ വെച്ചുവാണിഭം എന്നു പറയപ്പെടുന്ന ചില്ലറക്കച്ചവടം നടത്തുന്നതു മിക്കവാറും ഇവരാണ്.

ജോനകർ:—(ഒരുലക്ഷത്തി പതിനായിരം) ഇവരിലധികവും മൈസൂർ രാജാവായിരുന്ന ടിപ്പു മലയാളത്തെ അക്രമിച്ചപ്പോൾ മഹമ്മദുമതത്തിൽ ചേക്കപ്പെട്ടവരുടെ സന്താനങ്ങൾ ആണ്. ഇവർ ധൈര്യശാലികളും ഐക്യമുള്ളവരുമാണ്. വടക്കൻദിക്കുകളിലാണ് ഇവർ അധികം താമസിക്കുന്നത്.

തുലുക്കന്മാർ:—(എൺപതിനായിരം) ഇവർ പാണ്ടിദേശത്തുനിന്നു കച്ചവടത്തിനായി ഇവിടെ വന്നിട്ടുള്ളവരാണ്. സുഗന്ധദ്രവ്യങ്ങൾ, മരുന്നുകൾ, പുല്ലുപായ് ഇവയാണ് ഇവരുടെ മുഖ്യ കച്ചവടസാധനങ്ങൾ. ഇവരിൽ ചിലരെ റാവുത്തരന്മാർ എന്നു വിളിക്കുന്നു.

മേൽപറഞ്ഞ ജാതിക്കാര് കൂടാതെ ഏതാനും ജൂതന്മാരും ബുദ്ധമതസ്ഥന്മാരും തിരുവിതാംകൂറിൽ ഉണ്ട്. ജൂതന്മാരുടെ സംഖ്യ വളരെ കുറവാണ്. ഉദ്ദേശം മുന്നൂറുപേരേയുള്ളു. ഇവർ പറവൂർ താലൂക്കിലാണ് താമസം. മുൻപു പ്രബലന്മാരായകച്ചവടക്കാർആയിരുന്നു. ഇപ്പോൾ ഇവരിൽ കച്ചവടക്കാരും കൃഷിക്കാരുംഉണ്ട്.

ബുദ്ധമതക്കാർ:—ഇവർ കാപ്പിത്തോട്ടങ്ങളിൽ കൃഷിക്കായി സിലോണിൽനിന്ന് ഇവിടെവന്നു താമസിച്ചു വരുന്നവരാണ്. ഇവർ ദൃഢഗാത്രന്മാരും പരിശ്രമശീലന്മാരും ആകുന്നു. ആകെ ൩൱ പേരേയുള്ളു. ഒരുകാലത്തു ബുദ്ധമതം ഇവിടെ വ്യാപിച്ചിരുന്നുവെന്നുള്ളതിന് അമ്പലപ്പുഴയ്ക്കു കിഴക്കു കാണുന്ന കരുമാടിക്കുട്ടനും ചിന്നിച്ചിതറി അവിടവിടെ കാണുന്ന മററു വിഗ്രഹങ്ങളും സാക്ഷ്യം വഹിക്കുന്നുണ്ട്.

---

## അദ്ധ്യായം ൧൩.

### മതം.

ഇവിടെ ഹിന്ദുമതം, ക്രിസ്തുമതം, മഹമ്മദുമതം എന്നു മൂന്നു മതങ്ങളുണ്ട്.

ഹിന്ദുമതം:—ജനസംഖ്യയിൽ ഏകദേശം മുക്കാൽഭാഗം ഈ മതത്തിൽ ഉൾപ്പെട്ടവരാണ്. ഇവിടത്തെ ഹിന്ദുക്കളുടെ ഇടയിൽ അന്യസ്ഥലങ്ങളിൽ ഉള്ളതുപോലെ വൈഷ്ണവന്മാരെന്നും ശൈവന്മാരെന്നുമുള്ള വ്യത്യാസം അധികം ഇല്ല. മിക്കവരും ശൈവപ്രസാദമാകുന്ന ഭസ്മവും, വൈഷ്ണവപ്രസാദമാകുന്ന ചന്ദനവും തൊടുന്നുണ്ട്. ആളുകൾ പ്രായേണ ഈശ്വരഭജനത്തിൽ തൽപരന്മാരാണ്. ഏകാദശി, പ്രദോഷം മുതലായ വ്രതങ്ങൾ ശരിയായി അനുഷ്ഠിക്കുന്നതിന് ഇവക്കു പ്രത്യേകം ജാഗ്രതയുണ്ട്. ഹിന്ദുക്കൾക്ക് ഈശ്വരാരാധന ചെയ്വാനുള്ള ക്ഷേത്രങ്ങൾ ശരാശരി നോക്കിയാൽ ഇവിടെ ഉള്ളതുപോലെ അന്യരാജ്യങ്ങളിൽ ഇല്ല. തെക്കൻതിരുവിതാംകൂറിലെ തെക്കതുകളും വടക്കൻ തിരുവിതാംകൂറിലെ സർപ്പക്കാവുകളും ചെറിയ ക്ഷേത്രങ്ങളാണ്. ഇവിടെ പരദേവതമാർ കുടിയിരുപ്പുണ്ടെന്നാണ് വിശ്വാസം. ഓരോ കുടുംബത്തിലെ സുഖദുഃഖങ്ങൾ ഈ പരദേവതകളുടെ തൃപ്തി അനുസരിച്ച് ഇരിക്കുമെന്ന് അഭിപ്രായമുള്ളതുകൊണ്ട് ഈ ഭാഗങ്ങളെ ശുചിയായും ശുദ്ധമായും സൂക്ഷിക്കപ്പെട്ടിരിക്കുന്നു. ഇവ കൂടാതെ ഓരോ കരയ്ക്കും പൊതുവായ ഓരോ ക്ഷേത്രം മിക്കവാറും എല്ലായിടത്തും ഉണ്ട്. എന്നു മാത്രവുമല്ല, അനേക ദേശങ്ങൾ ചേന്ന താലൂക്കിനോ അതിന്റെ ഭാഗങ്ങൾക്കോ ഓരോ പ്രധാന ക്ഷേത്രവും ഉണ്ടായിരിക്കും. ഇവയ്ക്കു പുറമേ പല പ്രസിദ്ധപ്പെട്ട വലിയ ക്ഷേത്രങ്ങൾ ഈ സംസ്ഥാനത്തിൽ ഉണ്ട്. ഇവയിൽ ഏററവും പ്രധാനമുള്ളവ കന്യാകുമാരി, ശുചീന്ദ്രം, തിരുവട്ടാർ, അനന്തശയനം (തിരുവനന്തപുരം) തിരുവല്ലം, വക്കല, ആറന്മുള, ചെങ്ങന്നൂർ, അമ്പലപ്പുഴ, വൈക്കം, ഏററുമാനൂർ ഇവയാണ്. വൈക്കത്തെ ശിവക്ഷേത്രത്തിന്റെ പണി ഒരു മാതൃകാപണിയാകുന്നു. ശുചീന്ദ്രം വളരെ പുരാതനമായിട്ടുള്ള ഒരു ക്ഷേത്രമാണ്. തിരുവനന്തപുരത്തു കൊടിയേററ്, വൈക്കത്തഷ്ടമി, ശുചീന്ദ്രത്തു തേരോട്ടം, ആറൻമുള ഉതിട്ടാതി, ഏററുമാനൂർ ആറാട്ട് എന്നിവയ്ക്കു വളരെ പ്രസിദ്ധിയുണ്ട്. ഇവ കൂടാതെ വൈക്കത്തിനടുത്തുള്ള ഉദയനാപുരം കാവടി, ആലുവാ ശിവരാത്രി കുളച്ചലിനടുത്തുള്ള മണ്ടയ്ക്കാട്ടുകൊട മുതലായ ഉത്സവകാലത്ത് ഈ സ്ഥലങ്ങളിൽ നാനാഭാഗങ്ങളിൽനിന്നും വന്നുകൂടുന്ന ജനങ്ങളുടെ സംഖ്യ ഒട്ടും ചില്ലറയല്ല. കന്യാകുമാരിയും വക്കലയും പുണ്യതീർത്ഥസ്ഥലങ്ങളാണ്. രാജ്യത്തിന്റെ പൊതുരക്ഷയ്ക്കായി പടിഞ്ഞാറേ അതിരിൽ കടൽവാരത്ത് അവിടവിടെ ഭഗവതി ക്ഷേത്രങ്ങളും കിഴക്കേ അതിരിൽ മലവാരത്ത് അവിടവിടെ

ശാസ്താംകോവിലുകളും ഉണ്ട്. ഇവ പരശുരാമക്ഷേത്രങ്ങളാണ്. ശാസ്താംകോവിലുകളിൽ പ്രധാനം ശബരിമലയും കുളത്തൂപ്പുഴയുമാകുന്നു. വടക്കൻതാലൂക്കുകളിൽനിന്ന് അനവധി ജനം ആണ്ടുതോറും ശബരിമല മകരവിളക്കിനു ശാസ്താവിനെ ദർശിക്കുന്നതിനായിട്ടു പോകുന്നു. ഇവരെ അയ്യപ്പന്മാരെന്നാണു വിളിക്കുന്നത്. ശബരിമലയാത്രയ്ക്കിടയ്ക്ക് 'എരുമേലി' പേട്ടതുള്ളലും 'പമ്പ'യിലെ സദ്യയും വിളക്കും ഭക്തന്മാരെ വളരെ പ്രസാദിപ്പിക്കുന്നു. തെക്കൻതിരുവിതാംകൂറിൽ ൧൨ ശിവാലയങ്ങൾ മുഖ്യമായിട്ടുണ്ട്. കുംഭമാസത്തിൽ ശിവരാത്രിദിവസം ഈ പന്ത്രണ്ടു ക്ഷേത്രങ്ങളിലും ചെന്നു കുളിച്ചുതൊഴുന്നതു പാപമോചനത്തിനുള്ള ഒരു മാർഗ്ഗമാണെന്നു വിചാരിക്കപ്പെട്ടുവരുന്നു. ഇതിലേക്കായി ഒന്നുമുതൽ പന്ത്രണ്ടുവരെയുള്ള ക്ഷേത്രങ്ങളിൽ എല്ലാം ഒരുദിവസംകൊണ്ടു കുളിച്ചുതൊഴുന്നതിനായി യത്നിക്കുന്നവരെ "ചാലയം ഓട്ടക്കാർ" എന്നു വിളിക്കുന്നു. ചാലയം എന്നതു ശിവാലയം എന്നതിന്റെ തത്ഭവമാണെന്നു വിചാരിക്കാം. മലയാളക്കരയിലെ ഹിന്ദുക്കൾക്ക് ആണ്ടിൽ മൂന്നു ആഘോഷദിനങ്ങൾ ഉണ്ട്. അവ ചിങ്ങമാസത്തിലെ ഓണവും, ധനുമാസത്തിലെ തിരുവാതിരയും മേടമാസത്തിലെ വിഷുവുമാകുന്നു.

ക്രിസ്തുമതം:—ഇൻഡ്യയിൽ മറെറങ്ങും ക്രിസ്ത്യാനികൾ ഉണ്ടാകുന്നതിനു വളരെ മുമ്പുതന്നെ ഈ സംസ്ഥാനത്തിൽ ക്രിസ്ത്യാനികൾ ഉണ്ടായിരുന്നുവെന്നു മാത്രമല്ല യേശുക്രിസ്തുവിന്റെ ൧൨ ശിഷ്യന്മാരിൽ ഒരാളായ സെൻറുതോമസ് എന്ന മഹാൻ ഇവിടെ വന്നിട്ടുണ്ടായിരുന്നു എന്നും അദ്ദേഹം ചില പള്ളികൾ സ്ഥാപിച്ചു എന്നും ഒരു ശ്രുതിയുണ്ട്. ഇതു് അത്ര അടിസ്ഥാനമില്ലാത്തതെന്നാണു ചിലരുടെ അഭിപ്രായം. ഇവിടത്തെ ആദ്യത്തെ ക്രിസ്ത്യാനികൾ ആയിരത്തിഅറുനൂറുവർഷത്തിനുമുമ്പു ഇവിടെ വന്നു താമസിച്ച കാനായിത്തൊമ്മൻ തുടങ്ങിയ സിറിയാദേശക്കാരായ സുറിയാനിക്രിസ്ത്യാനികളാണ്. പിന്നീടു പോർട്ടുഗീസുകാരുടെ കാലം മുതൽ മിഷ്യനറിമാരുടെ പ്രവേശനത്തോടുകൂടി മററു ക്രിസ്ത്യാനികളും ഉണ്ടായിത്തുടങ്ങി. ശരാശരി നോക്കിയാൽ ഇവിടെ ഉള്ളിടത്തോളം ക്രിസ്ത്യാനികൾ അന്യസംസ്ഥാനങ്ങളിൽ ഇല്ല. ഇവരുടെ ഇടയിൽ പ്രധാനമായി മൂന്നു വർഗ്ഗക്കാരുണ്ട്.
൧. ലത്തീൻകാർ, ൨. സുറിയാനി, ൩. പ്രോട്ടസ്ററൻറു്.

ലത്തീൻകാർ:—ഇവർ മിക്കപേരും ആദ്യമിഷ്യനറിമാരായ പോർട്ടുഗീസുജാതിക്കാരാൽ ക്രിസ്ത്യാനികളാക്കപ്പെട്ടവരുടെ സ

ന്താനങ്ങളാണ്. കടപ്പുറവാരത്താണ് അധികമായി താമസിക്കുന്നത്. വരാപ്പുഴയും കൊല്ലത്തും ഇവരുടെ നേതാവായ ഓരോ മെത്രാൻ ഉണ്ട്. കോട്ടാററിനു സമീപമുള്ള ശമ്പരിയാർകോവിലും പത്മനാഭപുരത്തിനടുത്തുള്ള ദേവസഹായം കോവിലും ഇവരുടെ പുണ്യസ്ഥലങ്ങളാണ്.

സുറിയാനികൾ:—ഇവരെ നസ്രാണികൾ എന്നു വിളിക്കാറുണ്ട്. ഇവർ മൂന്നുവകക്കാരാണ്. ൧. പുത്തൻകൂററുകാർ. ൨. പഴയകൂററുകാർ. ൩. മിഷ്യൻകാർ. എല്ലാംകൂടി ആകെ ഒൻപതു ലക്ഷമുണ്ട്. വടക്കൻഡിവിഷനിലാണു കൂടുതൽ ഉള്ളത്.

പുത്തൻകൂററുകാർ:—ഇവർ മെത്രാക്കക്ഷിയെന്നും ബാവാക്കക്ഷിയെന്നും രണ്ടു സംഘക്കാരായി പിരിഞ്ഞിരിക്കുന്നു. മെത്രാക്കക്ഷിക്കാർ സിറിയായിലെ പാത്രിയക്കീസിനെ നേതാവായി സ്വീകരിക്കുന്നില്ലെന്നുള്ളതാണ് ഇവർ തമ്മിലുള്ള പ്രധാന വ്യത്യാസം. തിരുവല്ല, മാവേലിക്കര, കോട്ടയം ഇവിടങ്ങളിലാണു പുത്തൻകൂററുകാർ അധികമുള്ളത്. തിരുവല്ലായിൽചേന്ന നിരണത്തുപള്ളി സുറിയാനിപ്പള്ളികളിൽവച്ച് ഏററവുംപുരാതനമായിട്ടുള്ളതാണ് തിരുവനന്തപുരത്തും ഇവരുടെ ഒരു പള്ളി പണികഴിപ്പിച്ചിട്ടുണ്ട്. കോട്ടയത്തിനടുത്തുള്ള പുതുപ്പള്ളിപ്പെരുന്നാളും തിരുവല്ലായ്ക്കു തെക്കുള്ള പരുമലപ്പെരുന്നാളും വളരെ ഭക്തന്മാരെ ആകർഷിക്കുന്നു.

പഴയകൂററുകാർ:—ഇവർ റോമൻകത്തോലിക്കരാണ്. ഇവരുടെ പ്രധാനസ്ഥലം ചങ്ങനാശ്ശേരിയാകുന്നു. മീനച്ചൽ, മൂവാററുപുഴ, പറവൂർ ഈ താലൂക്കുകളിലാണ് ഇവർ അധികമുള്ളത്. ചങ്ങനാശ്ശേരിയിലും കോട്ടയത്തും ഇവരുടെ നേതാവായി ഓരോ സിറിയൻ മെത്രാനുമുണ്ട്. ചങ്ങനാശ്ശേരിയിൽ ഈയിട ഇവരുടെ വക ഒരു കാളേജു സ്ഥാപിച്ചിരിക്കുന്നു. കുട്ടനാട്ടിലുള്ള എടത്വാപ്പള്ളിയും വടക്കേ അതിത്തിക്കു സമീപമുള്ള മലയാററൂർ പള്ളിയും ഇവരുടെ പുണ്യസ്ഥലങ്ങളാണ്.

മിഷ്യൻകാർ:—സുറിയാനികളിൽ പുത്തൻകൂററുകാരും പഴയകൂററുകാരും കൂടാതെ ചർച്ചുമിഷ്യൻസംഘത്തിൽ ഉൾപ്പെട്ട ഏതാനും പ്രോട്ടസ്റ്റൻറുകാരും ഉണ്ട്.

പ്രോട്ടസ്റ്റൻറുകാർ:—കൊല്ലംമുതൽ വടക്കോട്ടുള്ള പ്രോട്ടസ്റ്റൻറുകാർ മിക്കവരും ചർച്ചുമിഷ്യൻസംഘത്തിൽ ഉൾപ്പെട്ടവരാകുന്നു. ഇവരുടെ പ്രധാനസ്ഥലം കോട്ടയമാണ്. ഇവിടെ ഇവരുടെ വക ഒരു കാളേജുണ്ട്. ഈ സംസ്ഥാനത്തു അച്ചടിയന്ത്രം ആദ്യം സ്ഥാപിച്ചതും ഇംഗ്ലീഷുവിദ്യാഭ്യാസത്തിന് അടിസ്ഥാനമിട്ടതും കോട്ടയത്ത് ഇവരുടെ ശ്രമത്താലാണ്. സുറിയാനിക

ളുടെ കൂട്ടത്തിലുള്ള പ്രോട്ടസ്റ്റൻറുകാർ കൂടാതെ ലണ്ടൻമിഷ്യൻ സംഘത്തിലുൾപ്പെട്ടവരായ പ്രോട്ടസ്റ്റൻറുകാരും ഇവിടെയുണ്ട്. ഇവർ മിക്കവാറും താമസിക്കുന്നതു തെക്കൻ താലൂക്കുകളിലാണ്. ഇവരുടെ പ്രധാനസ്ഥലം നാഗരുകോവിലാകുന്നു. ഇവിടെ ഇവരുടെ-വകയായി ഒരു വലിയ പള്ളിയും ഒരു കാളേജും പല പള്ളിക്കൂടങ്ങളും ഉണ്ട്. നെയ്യൂരിൽ ഇവർ ഏൎപ്പെടുത്തിയിട്ടുള്ള അശുപത്രി പൊതുജനങ്ങൾക്കു വളരെ ഉപകാരപ്രദമായിരിക്കുന്നു.

രക്ഷാസൈന്യം:—ഇവർ താണനിലയിൽകിടന്നു വലയുന്ന സാധുക്കളെ ഉയൎത്തിക്കൊണ്ടുവരുന്നതിനു ശ്രമം ചെയ്യുവരുന്ന ഒരു ക്രിസ്തീയസംഘമാണ്. നാട്ടുകാരുടെ വിശേഷിച്ചു സന്യാസികളുടെ മാതിരി കാഷായവസ്ത്രമാണ് ഇവർ ധരിക്കുന്നതു്. ഇവരുടെ വക ഒരു വലിയ ആശുപത്രി നാഗർകോവിലിൽ ഉണ്ട്. ഈ സംഘത്തിൻെറ സ്ഥാപകൻ "ജനറൽബൂത്ത്" ആണ്.

യുയോമയക്കാരർ:—ഇവരെ അഞ്ചരക്കാർ എന്നും വിളിക്കുന്നു. കരുനാഗപ്പള്ളിയിൽ താമസിച്ചിരുന്ന ഒരു പരദേശബ്രാഹ്മണൻ "വിദ്വാൻകുട്ടി" എന്ന പേരോടുകൂടി ക്രിസ്തുമതം സ്വീകരിച്ചു് ഏകദേശം അൻപതുകൊല്ലത്തിനു മുമ്പ് ഈ പ്രത്യേക സംഘം ഉണ്ടാക്കി. വിദ്വാൻകുട്ടിയുടെ മരണത്തോടുകൂടി ഈ സംഘത്തിനു പ്രാബല്യം കുറഞ്ഞുപോയി. ചെങ്ങന്നൂർ കായംകുളം മുതലായ ചില സ്ഥലങ്ങളിൽ ഇപ്പോൾ ഏതാനും വീട്ടുകാർ ഉണ്ടു്. ഇവരിൽ പുരുഷന്മാർ സുറിയാനികളെപ്പോലെയും സ്ത്രീകൾ പരദേശികളെപ്പോലെയും വസ്ത്രംധരിക്കുന്നു.

മഹമ്മദുമതം:—ക്രിസ്ത്വാബ്ദം ൮൦൦-ാമാണ്ടിടയ്ക്കാണ് ഇവിടെ മഹമ്മദുമതം വന്നുതുടങ്ങിയതു്. കച്ചവടത്തിനായി ഈജിപ്റ്റ്, അറേബ്യ, പേഷ്യാ മുതലായ രാജ്യങ്ങളിൽനിന്നും ഇവിടെവന്ന ആളുകളാണ് ആദ്യം ഈ മതം കൊണ്ടുവന്നതു്. പിന്നീടു ടിപ്പുവിൻെറ ആക്രമണകാലത്തു വളരെപ്പേരെ ഈ മതത്തിൽചേൎക്കയുണ്ടായി. രാജാകേശവദാസൻ ആലപ്പുഴ തുറമുഖം സ്ഥാപിച്ചപ്പോൾ ബാംബെ മുതലായ സ്ഥലങ്ങളിൽനിന്നു മുസൽമാൻ വ്യാപാരികളെ ഇവിടെ വരുത്തി പാർപ്പിച്ചു. മഹമ്മദീയർ ഇപ്പോൾ എല്ലായിടത്തും ഉണ്ടു്. ഇവർ സുന്നി എന്നും ഷീയാ എന്നും രണ്ടു സംഘമായി പിരിഞ്ഞിട്ടുണ്ട്. ഇവിടെ ഷീയാക്കാരുടെ സംഖ്യ വളരെ കുറവാണ്. അധികമുള്ളതു കോട്ടാർ, തിരുവാംകോട്ട്, കൊല്ലം. ആലപ്പുഴ, ചങ്ങനാശ്ശേരി ഇവിടങ്ങളിൽ ആണ്. പുരാതനമായ തിരുവാംകോട്ടുപള്ളി ഇവരുടെ പുണ്യസ്ഥലമായി വിചാരിക്കപ്പെട്ടുവരുന്നു. ഇവർ മതവിഷയത്തിൽ നിഷ്ഠയുള്ളവ

രാണു്. നോയമ്പുകൾ വളരെ ജാഗ്രതയായി അനുഷ്ഠിക്കുന്നു. ദിവസം അഞ്ചുതവണ ഇവർ പ്രാർത്ഥന കഴിക്കുന്നുണ്ടു്. വെള്ളിയാഴ്ചയാണ് പ്രധാനദിവസം. ഇവരുടെ ഒരു പുരോഹിതൻ "പൊന്നാനിത്തങ്ങൾ" ആകുന്നു.

---

## അദ്ധ്യായം ൧൪.

---

### ഭാഷയും വിദ്യാഭ്യാസവും.

#### ഭാഷ.

ഈ സംസ്ഥാനത്തുള്ളവരിൽ നൂറിനു ൮൩ പേർവീതം മലയാളം സംസാരിക്കുന്നു. സ്വദേശികളല്ലാത്തവരും സ്വല്പകാലത്തെ പരിചയംകൊണ്ടു് ഈ ഭാഷ സംസാരിക്കുന്നുണ്ടു്. തെക്കൻഡിവിഷനിലെ നാഞ്ചിനാട്ടുകാരും നാട്ടുക്രിസ്ത്യാനികളും ചെങ്കോട്ടയിലും ഹൈറേഞ്ചസ്സിലും ഉള്ളവരും സംസാരിക്കുന്നതു മിക്കവാറും തമിഴാണ്. സർക്കാർസംബന്ധമായ എഴുത്തുകുത്തുകൾ നടത്തിവന്നിരുന്നതു മലയാളത്തിലായിരുന്നു. എന്നാൽ ഇംഗ്ലീഷു വിദ്യാഭ്യാസാഭിവൃദ്ധിയോടുകൂടി നാട്ടുകാരുടെ പെരുമാററത്തിലും ഗവമ്മെൻറു് എഴുത്തുകുത്തുകളിലും ഇംഗ്ലീഷു് സാമാന്യത്തിലധികം സ്ഥലംപിടിച്ചുവരുന്നു. കൎണ്ണാടകം, കൊങ്കണം, ഹിന്തുസ്ഥാനി, തെലുങ്കു, മഹാരാഷ്ട്രം, ഇംഗ്ലീഷു്, അറബികു, തുളു മുതലായ ഭാഷകൾ സംസാരിക്കുന്നവരും ഇവിടെയുണ്ടു്.

വിദ്യാഭ്യാസത്തിനുള്ള ഏൎപ്പാടുകൾ പരിഷ്കൃതരീതിയിൽ വളൎന്നുവരികയാണ്. പ്രാഥമികവിദ്യാഭ്യാസത്തിൽ ഈ സംസ്ഥാനം ഇൻഡ്യയിൽ മുന്നണിയിൽനില്ക്കുന്നു. ഇവിടെ എഴുതാനും വായിക്കാനും അറിയാവുന്നവർ നൂറിനു ൨൪ വീതം ഉണ്ടു്. പള്ളിക്കൂടങ്ങളുടേയും പഠിക്കുന്നകുട്ടികളുടേയും സംഖ്യ കൊല്ലംതോറും കൂടിവരുന്നു. പുരാതനകാലംമുതല്ക്കേ എഴുത്തുപള്ളികൾ കുടിആശാന്മാരാൽ നടത്തപ്പെട്ടുവരികയായിരുന്നു. ഗവമ്മെൻറു് ഇതിൽ ഇടപെട്ടതു ൯൮൬-ൽ റാണിലക്ഷ്മീഭായിയുടെ കാലത്താണെങ്കിലും ൧൦൮൦-ാമാണ്ടിനിപ്പുറമാണ് ഇതിനു പറയത്തക്ക സ്ഥാനം കിട്ടിയതു്. ആദ്യം സ്ഥാപിച്ചതു് ഇംഗ്ലീഷുസ്കൂളുകൾ ആയിരുന്നു. കുറേ കഴിഞ്ഞു മലയാളം പള്ളിക്കൂടങ്ങൾ സ്ഥാപിക്കയും അന്നത്തെ ഭരണപ്രകാരമുള്ള പ്രവൃത്തികൾക്കു (താലൂക്കിൻെറ വിഭാഗങ്ങൾ) ഓരോ പള്ളിക്കൂടംവീതം നൽകുന്നതിനു ഏൎപ്പാടു ചെയ്കയും ചെയ്തു. പിന്നീടു വിദ്യാഭ്യാസപദ്ധതി

പലപ്പോഴും പരിഷ്കരിക്കപ്പെട്ടിട്ടുണ്ട്. ഇപ്പോൾ അതു് ഒരു നൂതനപന്ഥാവിൽ എത്തിയിരിക്കുന്നു. ഇപ്പോൾ ഇവിടെ പ്രാഥമിക വിദ്യാഭ്യാസത്തിനു പ്രൈമറിസ്ക്കൂളുകളും ഇടത്തരം വിദ്യാഭ്യാസത്തിനു മലയാളത്തിലും ഇംഗ്ലീഷിലും മിഡിൽസ്ക്കൂളുകളും ഹൈസ്ക്കൂളുകളുമുണ്ടു്. ഉയൎന്നതരം വിദ്യാഭ്യാസത്തിനു കലാശാലകളും (കാളേജ്) സ്ഥാപിച്ചിരിക്കുന്നു. ഇവയെല്ലാം രണ്ടുതരത്തിലുണ്ടു്. ഒന്നു ഗവമ്മെൻറിനാൽ നേരിട്ടു നടത്തപ്പെടുന്നവ. മററതു ഗവമ്മെൻറു അംഗീകരണത്തോടും സഹായത്തോടുംകൂടി നടത്തപ്പെടുന്ന പ്രൈവററു വിദ്യാലയങ്ങൾ. പെൺകുട്ടികൾക്കു് ആവശ്യംപോലെ പ്രത്യേക സ്ക്കൂളുകൾ ഏൎപ്പെടുത്തിയിരിക്കുന്നു. മലയാളംസ്ക്കൂളുകൾ മിക്കവാറും എല്ലാ പകുതികളിലും പരന്നിട്ടുണ്ടു്. ഇംഗ്ലീഷ് സ്ക്കൂളുകൾ ഓരോ താലൂക്കിനും ഒന്നോ രണ്ടോ വീതമെങ്കിലും ഉണ്ടായിരിക്കും. സ്ക്കൂളുകളിലേക്കു വേണ്ട അദ്ധ്യാപകന്മാരെ പരിശീലിപ്പിക്കുന്നതിനു ഏതാനും ട്രെയിനിംഗ്സ്കൂളുകളും ഏൎപ്പെടുത്തിയിരിക്കുന്നു. ഉയൎന്നതരം കലാശാലകൾ തിരുവനന്തപുരത്തു സൎക്കാർവകയായി പല വിഷയങ്ങൾക്കും പലതുള്ളതിനു പുറമെ ചങ്ങനാശ്ശേരിയിലും ആലുവായിലും ഓരോ ഒന്നാംഗ്രേഡ്കാളേജും, കോട്ടയത്തും നാഗർകോവിലിലും ഓരോ രണ്ടാംഗ്രേഡ്കാളേജും പ്രൈവററു സ്ഥാപനങ്ങളായി നടത്തപ്പെടുന്നുണ്ടു്. തിരുവനന്തപുരത്തു ആകെ ൭ കാളേജുകളാണുള്ളതു്. അവ സാഹിത്യവിഷയങ്ങൾക്കു് ഒരു ആർട്സ് കാളേജും, ശാസ്ത്രവിഷയങ്ങൾക്കു് ഒരു സയൻസുകാളേജും അദ്ധ്യാപകപരിശീലനത്തിനു ഒരു ട്രെയിനിംഗ്കാളേജും, നിയമവിഷയത്തിനു ഒരു ലാക്കാളേജും, സ്ത്രീകൾക്കു് ഒരു പ്രത്യേക കാളേജും സംസ്കൃതത്തിൽ പാണ്ഡിത്യം നൽകുന്നതിനു ഒരു സംസ്കൃതകാളേജും, നാട്ടുവൈദ്യത്തിനു് ഒരു ആയുർവേദകാളേജും ആകുന്നു. ഇവ എല്ലാം അഭിവൃദ്ധമായി വരുന്നുണ്ടു്.

വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൻെറ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥൻ ഡയറക്ടരാണു്. ഇദ്ദേഹത്തിൻെറ കീഴിൽ നാലു ഡിവിഷൻ ഇൻസ്പെക്ടറന്മാരും ഒരു പ്രധാന ഇൻസ്പെക്ട്രസ്സും ഉണ്ടു്. സംസ്ഥാനത്തെ നാലു ഡിവിഷനായി തിരിച്ചു് ഓരോന്നിൻെറ ഭരണം മിക്കവാറും ഓരോ ഡിവിഷൻ ഇൻസ്പെക്ടൎക്കു നല്കിയിരിക്കുന്നു. സ്ത്രീകൾക്കായുള്ള മിഡിൽസ്കൂളുകളും ഹൈസ്ക്കൂളുകളുംമാത്രം ഇൻസ്പെക്ട്രസ്സിൻെറ ഭരണത്തിലാണു്. ഇവരെ സഹായിക്കുന്നതിനു താലൂക്കുതോറും അസിസ്റ്റൻറു് ഇൻസ്പെ

ക്ടിങ്ങു അഫീസർമാർ നിയമിക്കപ്പെട്ടിരിക്കുന്നു. ഈ ഏപ്പാട്ടു കൊണ്ടു സ്ക്കൂൾപരിശോധന തൃപ്തികരമായി ഭവിക്കാൻ ഇടയുണ്ട്.

---

## അദ്ധ്യായം ൧൫.

---

### രാജ്യഭരണം.

പുരാതനകാലം മുതല്ക്കേ ഈ സംസ്ഥാനം പരമ്പരയാ തിരുവിതാംകൂർ മഹാരാജാക്കന്മാരാൽ ഏകാധിപത്യമായിട്ടു ഭരിക്കപ്പെട്ടുവരുന്നു.

ഇപ്പോൾ രാജ്യഭാരം നടത്തുന്നതു ൧൦൭൪ തുലാമാസത്തിൽ ചിത്തിരനക്ഷത്രത്തിൽ തിരുവവതാരം ചെയ്തരുളിയ ശ്രീ പത്മനാഭദാസ വഞ്ചിപാല സർ ബാലരാമവർമ്മ കുലശേഖര കിരീടപതി മന്നസുൽത്താൻ മഹാരാജരാജ, രാമരാജ, ബഹദൂർ ഷംഷർജംഗ് നൈററ്ഗ്രാൻറു കമ്മാൻഡർ അഫ് ദി മോസ്റ്റ എമിനൻറു ആഡർ അഫ് ദി ഇൻഡ്യൻ എംപയാർ തിരുമനസ്സുകൊണ്ടാണ്. അവിടത്തേക്കു ജി. സി. ഐ. ഇ. സ്ഥാനം ലഭിച്ചതു ൧൧൧൦-ൽ ആണ്. അവിടുന്നു ബാല്യത്തിൽതന്നെ ൧൧൦൦ ചിങ്ങം ൧൭-ാംതീയതി സിംഹാസനാരൂഢനായി എങ്കിലും പ്രായപൂർത്തിവന്നു രാജ്യഭരണം കൈയേററതു ൧൧൦൭ തുലാം ൨൦-ാം തീയതിയാണ്. തിരുമനസ്സിലേയ്ക്കു ഈയിടെ നൽകപ്പെട്ട ജി. സി. ഐ. ഇ. എന്ന ബഹുമതി ചക്രവർത്തി തിരുമനസ്സിലെ പ്രീതിബഹുമാനങ്ങൾക്കുള്ള ലക്ഷ്യമാകുന്നു.

ഗവമ്മെൻറിൻെറ ചുമതലപ്പെട്ട ഭാരം വഹിക്കുന്നതു ദിവാൻജിയാണ്. രാജ്യഭരണകാര്യങ്ങളെപ്പററി ജനങ്ങളുടെ അഭിപ്രായം അറിയുന്നതിനു പരിഷ്കൃതസമ്പ്രദായപ്രകാരം രണ്ടു ജനപ്രതിനിധിസഭകൾ ഏപ്പെടുത്തിയിട്ടുണ്ട്. ഒന്നു ശ്രീമൂലം അസംബ്ളിയും മററതു ശ്രീചിത്തിര സ്റ്റേററുകൌൺസിലുമാകുന്നു. ഈ സഭകൾ തിരുവനന്തപുരത്തുവച്ചു ദിവാൻജിയുടെ അദ്ധ്യക്ഷതയിൽ കൂടുന്നു.

ഭരണസൌകര്യത്തിനുവേണ്ടി സംസ്ഥാനത്തെ ൪ ഡിവിഷനായി ഭാഗിച്ചു കാര്യവിചാരത്തിനായി മൂന്നുഡിവിഷൻ പേഷ്കാരന്മാരേയും ഒരുകമ്മീഷണരേയും നിയമിച്ചിരിക്കുന്നു. ഇവരെ സഹായിക്കുന്നതിനു കീഴിൽ അസിസ്ററൻറന്മാരും താലൂക്കുതോറും

ഓരോന്നുവീതം തഹശീൽദാരന്മാരും ഉണ്ട്. കരപ്പിരിവു മുതലായ വേലകൾക്കു തഹശീൽദാരന്മാരുടെ കീഴിൽ പാർവ്വത്യകാരന്മാരും പിള്ളമാരും മാസപ്പടിക്കാരും മററും നിയമിക്കപ്പെട്ടിരിക്കുന്നു.

രാജ്യരക്ഷയ്ക്കും സമാധാനരക്ഷയ്ക്കുമായി നായർ പട്ടാളവും, തുറുപ്പും, പീരങ്കിപ്പട്ടാളവും തലസ്ഥാനത്തു കിടപ്പുണ്ട്. പുതിയ പരിഷ്കാരത്തോടുകൂടി ഇവയെല്ലാം ട്രാവൻകോർ സ്റ്റേററ്ഫോർസസ്സ് എന്ന നാമത്തിൽ ഇൻഡ്യൻ സ്റ്റേററ് ഫോർസിൽ ചേത്തിരിക്കുന്നു.

ന്യായപരിപാലനം ചെയ്യുന്നതിനു സിവിൽ എന്നും, ക്രിമിനൽ എന്നും രണ്ടുവിധം ഏർപ്പാടുകൾ ഉണ്ട്. ഇവയിൽ ആദ്യത്തേതു് പണമിടപെട്ടതും വസ്തു സംബന്ധിച്ചതുമായ കാര്യങ്ങൾക്കും രണ്ടാമത്തേതു അടിപിടി, അക്രമം, മോഷണം മുതലായ കാര്യങ്ങൾക്കും മററുമായിട്ടാണ് ഏർപ്പെടുത്തപ്പെട്ടിട്ടുള്ളതു്. ഇവ രണ്ടിൻേറയും മേലധികാരം വഹിക്കുന്നതു തലസ്ഥാനത്തുള്ള ഹൈക്കോടതിയാണ്. ഇവിടെ ഒരു ചീഫ്ജസ്റ്റീസും പ്യൂണിജഡ്ജിമാരും ഉണ്ട്. സിവിൽക്കാര്യങ്ങൾ നടത്തുന്നതിനു ഹൈക്കോടതിയുടെ കീഴിൽ ആറു ജില്ലാക്കോടതികളും ഓരോന്നിൻെറ കീഴിൽ ഏതാനും മുൻസിഫ്കോടതികളും ഉണ്ട്. ക്രിമിനൽക്കാര്യങ്ങൾ നടത്തുന്നതിനു ഹൈക്കോടതിയുടെ കീഴിൽ നാലു ഡിസ്ട്രിക്ററുമജിസ്ട്രേട്ടന്മാരും അവരുടെ കീഴിൽ ഒന്നും, രണ്ടും, മൂന്നും ക്ലാസുകളിലായി ഏതാനും മജിസ്ട്രേട്ടന്മാരും ഉണ്ട്. ഡിസ്ട്രിക്ററുമജിസ്ട്രേട്ടന്മാർ മൂന്നു ഡിവിഷൻപേഷ്കാരന്മാരും ഏലമലയിൽ ഒരു കമ്മീഷണരും ഇങ്ങനെ നാലുപേരാണ്. താലൂക്കുതഹശീൽദാരന്മാൎക്കു ചിലൎക്കു മജിസ്ട്രേട്ടധികാരം നൽകിയിട്ടുണ്ട്. യൂറോപ്യൻ പ്രജകളെ വിസ്തരിക്കുന്നതിനു പ്രത്യേകം കോടതികൾ സ്ഥാപിച്ചിരിക്കുന്നു.

ന്യായപരിപാലനത്തിൽ സഹായമായിരിക്കുന്നതിനും സമാധാനസംരക്ഷണത്തിനും ആയിട്ട് ഒരു പോലീസു ഡിപ്പാൎട്ടുമെൻറു ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിലെ അദ്ധ്യക്ഷൻ പോലീസുകമ്മീഷണരാണ്. ഈ കമ്മീഷണരുടെ കീഴിൽ മൂന്നു ഡിസ്ട്രിക്ററു സൂപ്രണ്ടന്മാരും ആറ് അസിസ്ററൻറു സൂപ്രണ്ടന്മാരും അവരുടെ കീഴിൽ യഥാക്രമം ഇൻസ്പെക്ടറന്മാർ, ഹെഡ്കാൺസ്റ്റേബിൾമാർ, കാൺസ്റ്റേബിൾമാർ ഇവരും ഉണ്ട്. ഇപ്പോൾ പോലീസുഡിപ്പാൎട്ടുമെൻറിൽ ട്രാഫിക്ക് (ഗതാഗതം) നിയന്ത്രണത്തിനും ശ്രദ്ധാന്വേഷണത്തിനും ഏർപ്പാടുകൾ ചെയ്തിരിക്കുന്നു.

ഇവകൂടാതെ കൃഷിവക കാൎയ്യങ്ങളുടെ അന്വേഷണത്തിനായി ഒരു കൃഷിവക ഡിപ്പാൎട്ടുമെൻറും, മലയിലേതിന് ഒരു സഞ്ചായം ഡിപ്പാൎട്ടുമെൻറും ഉപ്പ് പുകയില മദ്യം മുതലായവയ്ക്കു് എക്സൈസ് ഡിപ്പാൎട്ടുമെൻറും, നിലം പുരയിടങ്ങൾ മുതലായവയുടെ അളവുകളും അതിരുകളും നിശ്ചയിക്കുന്നതിന് ഒരു സൎവ്വേ ഡിപ്പാൎട്ടുമെൻറും, പ്രമാണങ്ങൾ രജിസ്ട്രാക്കുന്നതിനു രജിസ്ട്രേഷൻ ഡിപ്പാൎട്ടുമെൻറും, റോഡു മുതലായവ വെട്ടിക്കയും കെട്ടിടങ്ങൾ പണിചെയ്യിക്കയും മററും ചെയ്യുന്നതിനായി ഇഞ്ചിനീയർഡിപ്പാൎട്ടുമെൻറും, വിദ്യാഭ്യാസത്തിന് ഒരു എഡ്യൂക്കേഷൻ ഡിപ്പാൎട്ടുമെൻറും, ജനങ്ങളുടെ ആരോഗ്യരക്ഷാമാൎഗ്ഗത്തിനു സാനിട്ടറി ഡിപ്പാൎട്ടുമെൻറും, രോഗചികിത്സയ്ക്കും ദീനശുശ്രൂഷയ്ക്കുമായി മെഡിക്കൽ ഡിപ്പാൎട്ടുമെൻറും, ആയുൎവ്വേദഡിപ്പാൎട്ടുമെൻറും, കാലദേശാനുരൂപമായ മറെറല്ലാ ഡിപ്പാൎട്ടുമെൻറുകളും ഏൎപ്പെടുത്തിയിട്ടുണ്ടു്. ഈ ഡിപ്പാൎട്ടുമെൻറുകളുടെ എല്ലാററിൻേറയും മേലധികാരം ദിവാൻജിക്കാകുന്നു. ഇവയിൽ സഞ്ചായത്തിനു "കൺസൎവേററരും" ഇഞ്ചിനീയറിംഗിനു "ചീഫ് ഇഞ്ചിനീയരും" എക്സൈസിനും സാനിട്ടറിക്കും "കമ്മീഷണരും" കൃഷി, രജിസ്ട്രേഷൻ, എഡ്യൂക്കേഷൻ ഇവയ്ക്കു "ഡയറക്ടരും" ആണു് പ്രധാന ഉദ്യോഗസ്ഥന്മാർ.

ആകപ്പാടെ നോക്കിയാൽ ഇപ്പോഴത്തെ രാജ്യഭാരം വളരെ പരിഷ്കൃതരീതിയിലും രാജ്യത്തിനും ജനങ്ങൾക്കും പൊതുവിൽ ക്ഷേമവും ഐശ്വൎയ്യവും നൽകത്തക്കവിധത്തിലും ആണെന്നു നിസ്സംശയം പറയാം.


ആണ്ടൊന്നുക്കു് ഏകദേശം രണ്ടരക്കോടി രൂപ മുതലെടുക്കുന്നു. മുതലെടുപ്പിൽ ഉൾപ്പെട്ട മുഖ്യഇനങ്ങൾ:—നിലംപുരയിടങ്ങളുടെ കരം, ആദായനികുതി, ഏററുമതി ഇറക്കുമതികളിലുള്ള തീരുവ, ഉപ്പു്, പുകയില മുതലായവയുടെ മേൽലാഭം,ഏലം തടി മുതലായ വനംവക സാമാനങ്ങൾ വിററുപിരിവു്, കലാൽ, കോട്ടുഫീസു്, മുദ്രപ്പത്രം, രജിസ്ട്രേഷൻഫീസു്, അഞ്ചൽ ഇവയാകുന്നു.

ഏകദേശം മുതലെടുപ്പിനോടടുത്താണു് ചെലവു്. ചെലവിലുൾപ്പെട്ട പ്രധാന ഇനങ്ങൾ—

ബ്രിട്ടീഷ് ഗവൎമ്മെൻറിലേക്കു് ആണ്ടുതോറും കൊടുക്കേണ്ട കപ്പം, ഇഞ്ചിനീയർ, മരാമത്തുവേലകൾ, ആരോഗ്യരക്ഷ, ദേവസ്വം, വിദ്യാഭ്യാസം, രാജ്യഭരണം സംബന്ധിച്ചുണ്ടാകുന്ന ശമ്പളച്ചെലവുകൾ ഇവയാകുന്നു.

## അന്യരാജ്യവുമായുള്ള സംബന്ധം.

ഇംഗ്ലീഷുവർഷം ൧൮൦൫-ലെ ഉടമ്പടിപ്രകാരം തിരുവിതാംകൂർ ബ്രിട്ടീഷാധിപത്യവുമായി സഖിത്വത്തിൽ ഇരിക്കയാണു്. ആണ്ടുതോറും, എട്ടുലക്ഷത്തിൽ ചില്വാനം രൂപാ കപ്പം കൊടുക്കേ




തിരുവിതാംകൂർ സംസ്ഥാനം
സ്കെയിൽ ൧ ഇഞ്ച് = ൨൫ മൈൽ.

ണ്ടതായിട്ടുണ്ടു്. കുറച്ചു മുമ്പുവരെ കൊല്ലത്തും തിരുവനന്തപുരത്തും ഒരു ബ്രിട്ടീഷു പട്ടാളം കിടപ്പുണ്ടായിരുന്നു. ബ്രിട്ടീഷ് പ്രതിനിധി ആയി എല്ലായ്പോഴും ഇവിടെ ഒരു യൂറോപ്യൻഉദ്യോഗസ്ഥൻ ഉണ്ടായിരിക്കും. ഇപ്പഴത്തെ ഉദ്യോഗസ്ഥന്റെ സ്ഥാനപ്പേരു് 'മദ്രാസു് സ്റ്റേററ്സ്റസിഡണ്ടു്' എന്നാണു്. ഈ സംസ്ഥാനത്തിൽ ബ്രിട്ടീഷ്ഗവൎമ്മെൻറുവകയായി രണ്ടു സ്ഥലങ്ങൾ ഉണ്ടു്. അവ കൊല്ലത്തിനു പടിഞ്ഞാറുവശത്തു സമുദ്രത്തിലേക്കു ഉന്തിനില്ക്കുന്ന തങ്കശ്ശേരിയും അവിടുന്നു ഏകദേശം ൨൦ മൈൽ തെക്കുള്ള അഞ്ചുതെങ്ങും ആകുന്നു. ഈ രണ്ടു സ്ഥലങ്ങളിലും തെങ്ങു ധാരാളമായി ഉണ്ടാകുന്നു. തങ്കശ്ശേരിയിൽ വിശേഷതരമായ മാങ്ങകൾ ഉണ്ടു്. ജനങ്ങളുടെ മുഖ്യതൊഴിൽ മത്സ്യംപിടിക്കുക, മല്യംവാററുക ഇവയാകുന്നു. കുടിപാൎക്കുന്നതു് അധികവും ക്രിസ്ത്യാനികളാണു്. ഇവിടെ ഒരു ദീപസ്തംഭം സ്ഥാപിച്ചിട്ടുണ്ടു്. ഇതു് ഇംഗ്ലീഷുകാൎക്കു കിട്ടിയതു് ൧൬൫൦-ലാണു്. അഞ്ചുതെങ്ങിൽ ഏകദേശം ൨൦൦ വൎഷത്തെ പഴക്കം കോട്ടയുണ്ടു്. ഇതു് ൧൬൮൪-ൽ ആററുങ്ങൽ റാണി ഇംഗ്ലീഷുകാൎക്കു കൊടുത്ത കച്ചവടസ്ഥലമാണു്.

## പൂൎവ്വചരിത്രം.

പണ്ടു് തിരുവിതാംകൂർ വളരെ ചെറിയ ഒരു രാജ്യമായിരുന്നു. തെക്കു് ഇരണിയൽ മുതൽ വടക്കു് ചിറയൻകീഴുവരെയുള്ള സ്ഥലം മാത്രമേ ഉൾപ്പെട്ടിരുന്നുള്ളു. പുറമേയുള്ള ഭാഗങ്ങൾ പിന്നീടു് ഓരോ അവസരത്തിൽ തിരുവിതാംകൂറിനോടു ചേൎക്കപ്പെട്ടവയാണു്. അധികവും സാധിച്ചതു് വിശ്രുതനായ മാൎത്താണ്ഡവൎമ്മമഹാരാജാവിന്റെ കാലത്തായിരുന്നു. മുൻപുള്ള രാജ്യങ്ങളെ പടത്തിൽ കുറിക്കപ്പെട്ടിരിക്കുന്നതു നോക്കുക. സംസ്ഥാനത്തെ പൂൎത്തിയാക്കിയതിന്റെ ശേഷം മാൎത്താണ്ഡവൎമ്മമഹാരാജാവു്, രാജ്യത്തെ മുഴുവൻ ശ്രീപത്മനാഭസ്വാമിസന്നിധിയിൽ അൎപ്പണം ചെയ്തിട്ടു് അവിടത്തെ ദാസന്റെ നിലയിലാണു് ഭരണത്തിനു് ഒരുങ്ങിയതു്. സൌകൎയ്യത്തിനായി സംസ്ഥാനത്തെ അനേകം മണ്ഡപത്തുംവാതുല്ക്കകളായി ഭാഗിച്ചു് ഓരോന്നിന്റെ ചുമതല ഓരോ "കാൎയ്യസ്ഥൻ" എന്ന ഉദ്യോഗസ്ഥനെക്കൊണ്ടു വഹിപ്പിച്ചുവന്നു. മണ്ഡപത്തുംവാതിൽ എന്നു പേരുകൊടുത്തതു് 'കാൎയ്യക്കാരൻ' ഓരോ പ്രധാനക്ഷേത്രത്തിന്റെ മുൻവശത്തുള്ള മണ്ഡപത്തിന്റെ വാതുക്കൽ വച്ചു കാൎയ്യവിചാരം നടത്തിവന്നതുകൊണ്ടാണു്.

# രാജ്യവിഭാഗങ്ങൾ.

ഭരണസൌകൎയ്യത്തിനുവേണ്ടി സംസ്ഥാനത്തെ നാലു ഡിവിഷനായിട്ടും ഓരോ ഡിവിഷനെ അനേകം ചെറിയ താലൂക്കുകളായിട്ടും വിഭജിച്ചിരിക്കുന്നു. താലൂക്കുകളെ പകുതികളായും അവയെ മുറികൾ അല്ലെങ്കിൽ കരകൾ ആയും ഭാഗിച്ചിട്ടുണ്ടു്. താലൂക്കുകൾ ആകെ ൩൦-ം പകുതികൾ ൨൩൩-ം ആണ്. നാലു ഡിവിഷനിൽവച്ചു് ഏററവും വലിയതു് കൊല്ലം ഡിവിഷനാകുന്നു. സംസ്ഥാനത്തിൻെറ ഏകദേശം പകുതിഭാഗം ഈ ഡിവിഷനിലാണ് ഉൾപ്പെട്ടിരിക്കുന്നതു്. ആകെ ൩൦ താലൂക്കുകളുള്ളവയിൽ വലുതു് പത്തനംതിട്ടത്താലൂക്കാണ്. സൎവേമുഴുവൻതീൎന്നിട്ടില്ലാത്ത മലകൾ ഉൾപ്പെടെ ഇതിൻെറ ക്ഷേത്രഫലം തൊള്ളായിരം ചതുരശ്രമൈൽ ആകുന്നു. ഏററവും ചെറിയ താലൂക്കു കാൎത്തികപ്പള്ളിയാണ്. ഇതിനു ൭൮ ചതുരശ്രമൈലേ ക്ഷേത്രഫലമുള്ളു. ഡിവിഷൻ, താലൂക്ക്, കച്ചേരിസ്ഥലം, വിസ്തീൎണ്ണം, ജനസംഖ്യ ഇവയും പകുതി വിവരങ്ങൾക്കും അടിയിൽ പട്ടികകൾ ചേൎത്തിരിക്കുന്നു.

# താലൂക്കുവിവരം.

| ഡിവിഷൻ. | താലൂക്ക്. | വിസ്തീർണ്ണം ച: മൈൽ. | ൧൯൨൧-ലെ സെൻസസ് പ്രകാരം ജനസംഖ്യ. | കച്ചേരിസ്ഥലം. |
|---|---|---|---|---|
| തിരുവനന്തപുരം. | ൧. തോവാള | ൧൪൫ | ൪൦൧൨൯ | ഭൂതപ്പാണ്ടി |
| | ൨. അഗസ്തീശ്വരം | ൧൦൭ | ൧൯൫൦൧൧ | നാഗർകോവിൽ |
| | ൩. കൽക്കുളം | ൨൩൦ | ൨൦൬൪൯൧ | തക്കല |
| | ൪. വിളവംകോട് | ൧൬൫ | ൧൭൬൨൨൦ | കുഴിത്തുറ |
| | ൫. നെയ്യാറ്റുങ്കര | ൨൩൩ | ൨൭൪൫൩൮ | നെയ്യാറ്റുങ്കര |
| | ൬. തിരുവനന്തപുരം | ൯൭ | ൨൨൭൨൪൫ | തിരുവനന്തപുരം |
| | ൭. നെടുമങ്ങാട് | ൩൬൬ | ൧൫൭൩൧൨ | നെടുമങ്ങാട് |
| | ൮. ചിറയിൻകീഴ് | ൧൪൭ | ൧൯൩൦൧൦ | ആറ്റിങ്ങൽ |
| കൊല്ലം. | ൯. കൊട്ടാരക്കര | ൨൦൨ | ൧൩൭൬൨൧ | കൊട്ടാരക്കര |
| | ൧൦. പത്തനാപുരം | ൪൨൮ | ൧൦൧൦൬൮ | പുനലൂർ |
| | ൧൧. ചെങ്കോട്ട | ൧൨൯ | ൪൭൮൬൮ | ചെങ്കോട്ട |
| | ൧൨. കൊല്ലം | ൧൪൭ | ൨൪൭൬൩൨ | കൊല്ലം |
| | ൧൩. കുന്നത്തൂർ | ൧൫൦ | ൧൧൭൧൧൦ | അടൂർ |
| | ൧൪. കരുനാഗപ്പള്ളി | ൮൯ | ൧൯൨൩൪൫ | പടനായർകുളങ്ങര |
| | ൧൫. കാർത്തികപ്പള്ളി | ൭൪ | ൧൪൨൮൭൫ | ഹരിപ്പാട് |

| ഡിവിഷൻ. | താലൂക്ക്. | വിസ്തീർണ്ണം ച: മൈൽ. | ൧൯൩൧-ലെ സെൻസസ് പ്രകാരം ജനസംഖ്യ | കച്ചേരിസ്ഥലം. |
|---|---|---|---|---|
| കൊല്ലം. | ൧൬. മാവേലിക്കര | ൧൧൧ | ൧൭൪൦൦൦ | മാവേലിക്കര |
| | ൧൭. പത്തനംതിട്ട | ൮൯൮ | ൧൪൨൬൩൨ | പത്തനംതിട്ട |
| | ൧൮. തിരുവല്ലാ | ൨൨൦ | ൩൩൭൫൮൩ | തിരുവല്ലാ |
| | ൧൯. അമ്പലപ്പുഴ | ൧൪൭ | ൨൨൦൭൬൮ | അമ്പലപ്പുഴ |
| കോട്ടയം. | ൨൦. ചേർത്തല | ൧൧൭ | ൨൦൪൪൮൪ | ചേർത്തല |
| | ൨൧. വൈക്കം | ൧൪൪ | ൧൫൩൭൨൫ | വൈക്കം |
| | ൨൨. കോട്ടയം | ൨൧൪ | ൨൩൧൯൦൩ | കോട്ടയം |
| | ൨൩. ചങ്ങനാശ്ശേരി | ൨൬൪ | ൨൨൧൪൭൮ | ചങ്ങനാശ്ശേരി |
| | ൨൪. മീനച്ചൽ | ൨൮൩ | ൨൦൧൪൬൧ | പാലാ |
| | ൨൫. മൂവാറ്റുപുഴ | ൪൩൭ | ൧൮൧൧൨൮ | മൂവാറ്റുപുഴ |
| | ൨൬. തൊടുപുഴ | ൪൮൭ | ൯൦൭൨൮ | തൊടുപുഴ |
| | ൨൭. കുന്നത്തുനാട് | ൩൬൨ | ൨൨൬൦൯൩ | പെരുമ്പാവൂർ |
| | ൨൮. പറവൂർ | ൧൧൩ | ൧൮൪൩൩൧ | പറവൂർ |
| ദേവികുളം. | ൨൯. ദേവികുളം | ൬൬൭ | ൫൯൨൦൧ | ദേവികുളം |
| | ൩൦. പീരുമേട് | ൪൫൧ | ൪൬൦൨൩ | പീരുമേട് |

# പകുതിവിവരങ്ങൾ.

| ഡിവിഷൻ | താലൂക്ക്. | പകുതികൾ. |
|---|---|---|
| ൧. തിരുവനന്തപുരം. | ൧. തോവാള. | ൧. തോവാള, ൨. ചെമ്പകരാമൻപുതൂർ, ൩. തൃപ്പതിസാരം, ൪. താഴക്കുടി, ൫. ഭൂതപ്പാണ്ടി, ൬. ഈശാന്തിമംഗലം, ൭. ചിറമഠം, ൮. ദർനംകൊപ്പ്, ൯. അരുമനല്ലൂർ, ൧൦. അഴകിയപാണ്ടിപുരം, ൧൧. അനന്തപുരം, ൧൨. ഇറച്ചകുളം. |
| | ൨. അഗസ്തീശ്വരം. | ൧ കന്യാകുമാരി, ൨. അഗസ്തീശ്വരം, ൩. താമരക്കുളം, ൪, കുലശേഖരപുരം, ൫. മരുങ്ങൂർ, ൬. തേരൂർ, ൭. ഇരവിപുതൂർ, ൮. ശുചീന്ദ്രം, ൯. പറക്ക, ൧൦. തെങ്ങൻപുതൂർ, ൧൧. ധർമ്മപുരം, ൧൨. വടിവീശ്വരം, ൧൩. നാഗർകോവിൽ, ൧൪ വടശ്ശേരി, ൧൫. നീണ്ടകര. |
| | ൩. കല്ക്കുളം. | ൧. കപ്പിയറ, ൨. വാൾവച്ചതോട്ടം, ൩. ആറവർ, ൪. തക്കല, ൫. കല്ക്കുളം, ൬. കോതനല്ലൂർ, ൭. മേക്കോട്, ൮. അരുവിക്കര, ൯. തിരുവട്ടാർ ൧൦. തൃപ്പരപ്പ്, ൧൧. പൊന്മന, ൧൨. ആളൂർ, ൧൩. ഇരണിയൽ, ൧൪. തലക്കുളം, ൧൫. കടിയപട്ടണം, ൧൬. മണവാളക്കുറിച്ചി, ൧൭. കുളച്ചൽ, ൧൮. തിരുവാങ്കോട്. |
| | ൪. വിളവംകോട്. | ൧. കൊല്ലംകോട്, ൨. ഏഴുദേശപ്പറ്റ്, ൩. പൈങ്കുളം, ൪. ആറുദേശപ്പറ്റ്; ൫. മെതുകുമ്മൽ, ൬. കന്നത്തൂർ, ൭. നല്ലൂർ, ൮. പാകോട്, ൯. വിളവംകോട്, ൧൦. പളുകൽ, ൧൧. ഇടയ്ക്കോട്, ൧൨. അരുമന, ൧൩. കളിയൽ, ൧൪. കീഴ്മിടാലം, ൧൫. മിടാലം, ൧൬. കീഴ്കുളം, ൧൭. കിള്ളിയൂർ, ൧൮. നട്ടാലം. |
| | ൫. നെയ്യാറ്റിൻകര. | ൧. കുളത്തൂർ, ൨. ചെങ്കൽ, ൩. പാറശ്ശാല, ൪, കൊല്ല, ൫. കുന്നത്തുകാൽ, ൬. ഒറ്റശ്ശേഖരമംഗലം, ൭. പെരുങ്കടവിള, ൮. നെയ്യാറ്റുങ്കര, ൯. അതിയന്നൂർ, ൧൦. തിരുവറത്തൂർ, ൧൧. കതിംകുളം, ൧൨. കോട്ടുകാൽ, ൧൩. തിരുവല്ലം, ൧൪. നേമം, ൧൫. പള്ളിച്ചൽ, ൧൬. വിളപ്പിൽ, ൧൭. മറുകിൽ, ൧൮. മാറനെല്ലൂർ. |

| ഡിവിഷൻ | താലൂക്ക്. | പകുതികൾ. |
|---|---|---|
| ൧. തിരുവനന്തപുരം (തുടർച്ച) | ൬. തിരുവനന്തപുരം | ൧. കടകംപള്ളി, ൨. പാൽക്കുളങ്ങര, ൩. മുട്ടത്തറ, ൪. അയിരാണിമുട്ടം, ൫. വഞ്ചിയൂർ, ൬. ചെങ്ങഴശ്ശേരി, ൭. ആറാമട, ൮. അഞ്ചാമട, ൯. രണ്ടാമട, ൧൦. ചെട്ടിവിളാകം, ൧൧. മടത്തുവിളാകം, ൧൨. ഉള്ളൂർ, ൧൩. ഉളിയാഴ്ത്തുറ, ൧൪. പാങ്ങപ്പാറ, ൧൫. ചെറുവിക്കൽ, ൧൬. ആററിപ്രാ, ൧൭. മേനംകുളം, ൧൮. കഴക്കൂട്ടം, ൧൯. അയിരൂർപാറ, ൨൦. അണ്ടൂർകോണം, ൨൧. പള്ളിപ്പുറം, ൨൨. കഠിനംകുളം, ൨൩. വെയിലൂർ, ൨൪. മേലേതോന്നയ്ക്കൽ, ൨൫. കീഴേതോന്നയ്ക്കൽ. |
| | ൭. നെടുമങ്ങാട്. | ൧. മണ്ണൂക്കര, ൨. ആര്യനാട്, ൩. ഉഴമലയ്ക്കൽ, ൪. നെടുമങ്ങാട്, ൫. ആര്യനാട്, ൬. വാമനപുരം, ൭. നല്ലനാട്, ൮. മാണിക്കൽ, ൯. വെമ്പായം, ൧൦. കരകുളം, ൧൧. പെരുംകുളം, ൧൨. കളത്തുമ്മൽ, ൧൩. വീരണകാവ്, ൧൪. വെള്ളനാട്, ൧൫. പാലോട്, ൧൬. പുല്ലംപാറ. |
| | ൮. ചിറയിൻകീഴ്. | ൧. അഴൂർ, ൨. കീഴുവലം, ൩. ഇടയ്ക്കോട്, ൪. ഇളമ്പ, ൫. മുദാക്കൽ, ൬. കൊടുവഴന്നൂർ, ൭. പുളിമാത്ത്, ൮. പഴയകുന്നുമ്മൽ, ൯. കിളിമാനൂർ, ൧൦. വെള്ളല്ലൂർ, ൧൧. നഗരൂർ, ൧൨. ആലങ്കോട്, ൧൩. അവനവഞ്ചേരി, ൧൪. ആററുങ്ങൽ, ൧൫. കൂന്തള്ളൂർ, ൧൬. ശാർക്കര, ൧൭. ചിറയിൻകീഴ്, ൧൮. കടയ്ക്കാവൂർ, ൧൯. കീഴാററുങ്ങൽ, ൨൦. മണമ്പൂർ, ൨൧. ഒററൂർ, ൨൨. കരവാരം, ൨൩. മടവൂർ, ൨൪. പള്ളിക്കൽ, ൨൫. നാവായിക്കുളം, ൨൬. ചെമ്മരുതി, ൨൭. അയിരൂർ, ൨൮. ഇടവാ, ൨൯. വക്കല, ൩൦. വെട്ടൂർ, ൩൧. ചെറുന്നിയൂർ. |
| ൨. കൊല്ലം. | ൯. കൊട്ടാരക്കര. | ൧. മേലില, ൨. വെട്ടിക്കവല, ൩. കൊട്ടാരക്കര, ൪. കുളക്കട, ൫. എഴുകോൺ, ൬. വെളിയം, ൭. ഉമ്മന്നൂർ, ൮. വെളിനല്ലൂർ, ൯. ചടയമംഗലം, ൧൦. കമ്മിൾ. |
| | ൧൦. പത്തനാപുരം. | ൧. മൈലം, ൨. പട്ടാഴി, ൩. തലവൂർ, ൪. അഞ്ചൽ, ൫. ഇടമലയ്ക്കൽ, ൬. വിളക്കുടി. ൭. പുനലൂർ, ൮. പത്തനാപുരം. |
| | ൧൧. ചെങ്കോട്ട. | ൧. ചെങ്കോട്ട, ൨. കക്കുടി, ൩. പുളിയറ, ൪. പുളൂർ, ൫. മേക്കര, ൬. അച്ചൻപുതൂർ, ൭. ഇലത്തൂർ, ൮. ക്ലാങ്കാട്; ൯. ആയിക്കുടി, ൧൦. ശാമ്പൂർവടകര. |

| ഡിവിഷൻ | താലൂക്ക്. | പകുതികൾ. |
|---|---|---|
| ൨. കൊല്ലം (ഉ[illegible]) | ൧൨. കൊല്ലം. | ൧. പരവൂർ, ൨. മീനാട്ട്, ൩. ആദിച്ചനല്ലൂർ, ൪. നെടുമ്പന, ൫. തൃക്കോവിൽവട്ടം, ൬. ഇരവിപുരം, ൭. വടക്കേവിള, ൮. കൊല്ലം, ൯. തൃക്കടവൂർ, ൧൦. കിളികൊല്ലൂർ, ൧൧. കൊററങ്കര, ൧൨. പെരിനാട്ട്, ൧൩. കിഴക്കേക്കല്ലട, ൧൪. മൺട്രോത്തുരുത്ത്. |
| | ൧൩. കുന്നത്തൂർ. | ൧. ശൂരനാട്ട്, ൨. പടിഞ്ഞാറെക്കല്ലട, ൩. പോരുവഴി, ൪. കുന്നത്തൂർ, ൫. പള്ളിക്കൽ, ൬. അടൂർ, ൭. ഏനാദിമംഗലം, ൮. കൊടുമൺ. |
| | ൧൪. കരുനാഗപ്പള്ളി | ൧. തെക്കുംഭാഗം, ൨. ചവറ, ൩. പന്മന ൪. തേവലക്കര, ൫. മൈനാഗപ്പള്ളി, ൬. തൊടി, ൭. കരുനാഗപ്പള്ളി, ൮. കുലശേഖരപുരം ൯. തഴവാ, ൧൦. കൃഷ്ണപുരം, ൧൧. പെരുനാട്ട്, ൧൨. പുതുപ്പള്ളി. |
| | ൧൫. കാർത്തികപ്പള്ളി. | ൧. പത്തിയൂർ, ൨. കീരിക്കാട്ട്, ൩. കണ്ടല്ലൂർ, ൪. ആറാട്ടുപുഴ, ൫. മുതുകുളം, ൬. ചിങ്ങോലി, ൭. ചേപ്പാട്ട്, ൮. വലിയകുഴി, ൯. നങ്ങ്യാർകുളങ്ങര, ൧൦. പള്ളിപ്പാട്ട്, ൧൧. കിഴക്കേക്കര, ൧൨. വീയപുരം, ൧൩. ചെറുതന, ൧൪. ഹരിപ്പാട്ട്, ൧൫. കാർത്തികപ്പള്ളി, ൧൬. തൃക്കുന്നപ്പുഴ ൧൭. കുമാരപുരം, ൧൮. കരുവാററ. |
| | ൧൬. മാവേലിക്കര. | ൧. വള്ളികുന്നം, ൨. താമരക്കുളം, ൩. ഭരണിക്കാവ്, ൪. പെരുങ്ങാല, ൫. കണ്ണമംഗലം, ൬. തൃപ്പെരുന്തുറ, ൭. ചെന്നിത്തല, ൮. മാവേലിക്കര, ൯. തെക്കേക്കര, ൧൦. ചുനക്കര, ൧൧. തഴക്കര, ൧൨. നൂറനാട്ട്, ൧൩. പാലമേൽ, ൧൪. പന്തളംതെക്ക്, ൧൫. തോന്നല്ലൂർ |
| | ൧൭. പത്തനംതിട്ട. | ൧. ഇലന്തൂർ, ൨. റാന്നി, ൩. പത്തനംതിട്ട, ൪. കുമ്പഴ, ൫. ഓമല്ലൂർ, ൬. ചെറുകോൽ, ൭. വള്ളിക്കോട്ട്. |
| | ൧൮. തിരുവല്ലാ. | ൧. മാന്നാറ്, ൨. കുരട്ടിശ്ശേരി, ൩. കിഴക്കുംഭാഗം, ൪. കടപ്ര, ൫. നെടുമ്പ്രം, ൬. പെരിങ്ങര, ൭. കാവുംഭാഗം, ൮. തിരുവല്ല, ൯. ഇരവിപേരൂർ, ൧൦. കവിയൂർ, ൧൧. കല്ലൂപ്പാറ, ൧൨. എഴുമററൂർ, ൧൩. അയിരൂർ, ൧൪. കോയിപ്രം ൧൫. തോട്ടപ്പുഴശ്ശേരി, ൧൬. ആറന്മുള, ൧൭. മല്ലപ്പുഴശ്ശേരി, ൧൮. പുത്തൻകാവ്, ൧൯. തിരുവമ്മണ്ടൂർ, ൨൦. പാണ്ടനാട്ട്, ൨൧. ചെങ്ങന്നൂർ, ൨൨. പുലിയൂർ, ൨൩. വെണ്മണി, ൨൪. പന്തളം വടക്ക്, ൨൫. ചെറിയനാട്ട്, ൨൬. ആല, ൨൭. വടക്കേക്കര. |

| ഡിവിഷൻ | താലൂക്ക്. | പകുതികൾ. |
|---|---|---|
| ൧. കൊല്ലം (തുടൎച്ച) | ൧൯. അമ്പലപ്പുഴ. | ൧. തലവടി, ൨. കോഴിമുക്ക്, ൩. തകഴി, ൪. പുറക്കാട്ട്, ൫. അമ്പലപ്പുഴ, ൬. നെടുമുടി, ൭. ചമ്പക്കുളം, ൮. പുളിംകുന്ന്, ൯. കൈനകരി, ൧൦. ആലപ്പുഴ, ൧൧. ആര്യാട്ടുവടക്ക്, ൧൨. ആര്യാട്ടുതെക്ക്, ൧൩. മാരാരിക്കുളംതെക്ക്. |
| ൨. കോട്ടയം. | ൨൦. ചേൎത്തല. | ൧. വടതലമററത്തിഭാഗം, ൨. പള്ളിപ്പുറം, ൩. പാണാവള്ളി, ൪. മാരാരിക്കുളംവടക്ക്, ൫. തണ്ണീർമുക്കം തെക്ക്, ൬. തണ്ണീർമുക്കംവടക്ക്, ൭. കൊക്കോതമംഗലം, ൮. ചേൎത്തലതെക്ക്, ൯. ചേൎത്തലവടക്ക്, ൧൦. വയലാറുകിഴക്ക്, ൧൧. വയലാറുപടിഞ്ഞാറ്, ൧൨. തുറവൂർതെക്ക്, ൧൩. തുറവൂർവടക്ക്, ൧൪. അരൂർ, ൧൫. തൈക്കാട്ടുശ്ശേരി. |
| | ൨൧. വൈക്കം. | ൧. വൈക്കം, ൨. മാഞ്ഞൂർ, ൩. നടവാലെ, ൪. വടക്കേമുറി, ൫. തലയാഴം, ൬. വെച്ചൂർ, ൭. കടുത്തുരുത്തി, ൮. മന്നക്കുന്നം, ൯. ചെമ്പുമുറി, ൧൦. കുലശേഖരമംഗലം, ൧൧. മറവന്തുരുത്ത്, ൧൨. പടിഞ്ഞാറേക്കര, ൧൩. വടയാറ്, ൧൪. മുളക്കുളം. |
| | ൨൨. കോട്ടയം. | ൧. തിരുവാൎപ്പ്, ൨. കോട്ടയം, ൩. നാട്ടകം, ൪. പനച്ചിക്കാട്ട്, ൫. വിജയപുരം, ൬. പാമ്പാടി, ൭. അകലക്കുന്നം, ൮. അയ്മനം, ൯. കുമ്മനം, ൧൦. കുമരകം, ൧൧. കുടമാളൂർ, ൧൨. പെരുമ്പായിക്കാട്ട്, ൧൩. കൈപ്പുഴ, ൧൪. ഏറ്റുമാനൂർ, ൧൫. കാണംതുരുത്ത്. |
| | ൨൩. ചങ്ങനാശ്ശേരി | ൧. രാമൻകരി, ൨. മുട്ടാറ്, ൩. വെളിയനാട്ട്, ൪. ചേന്നങ്കരി, ൫. നീലംപേരൂർ. ൬. വാഴപ്പള്ളിപടിഞ്ഞാറ്, ൭. കറിച്ചി, ൮. വാഴപ്പള്ളികിഴക്ക്, ൯. ചങ്ങനാശ്ശേരി, ൧൦. മാടപ്പള്ളി, ൧൧. പുതുപ്പള്ളി, ൧൨. നെടുംകുന്നം, ൧൩. വാഴൂർ, ൧൪. വെള്ളാവൂർ, ൧൫. മണിമല, ൧൬. ചെറുവള്ളി, ൧൭. ചിറക്കടവ്, ൧൮. കാഞ്ഞിരപ്പള്ളിവടക്ക്, ൧൯. കാഞ്ഞിരപ്പള്ളിതെക്ക്. |

| ഡിവിഷൻ | താലൂക്ക്. | പകുതികൾ. |
|---|---|---|
| ൩. കോട്ടയം (വടക്ക്) | ൨൪. മീനച്ചൽ. | ൧. പുലിയന്നൂർ, ൨. രാമപുരം, ൩. ളാലം, ൪. ഭരണങ്ങാനം, ൫. മീനച്ചൽ, ൬. കൊണ്ടൂർ, ൭. ഉഴവൂർ, ൮. ഇലക്കാട്, ൯. കിടങ്ങൂർ, ൧൦. കാണിക്കാരി, ൧൧. പൂഞ്ഞാർ. |
| | ൨൫. മൂവാററുപുഴ. | ൧ വാരപ്പെട്ടി, ൨. കട്ടമംഗലം, ൩. കൂത്താട്ടുകുളം, ൪ തിരുമാറാടി, ൫. പിറവം, ൬. രാമമംഗലം, ൭. ആരക്കുഴ, ൮. മൂവാറ്റുപുഴ, ൯. മുളവൂർ, ൧൦. ഇരമല്ലൂർ, ൧൧. കോതമംഗലം, ൧൨. ഏനാനല്ലൂർ |
| | ൨൬. തൊട്ടുപുഴ. | ൧. കാരിക്കോട്, ൨. തൊടുപുഴ, ൩. മണക്കാട്, ൪. കുമാരമംഗലം, ൫. കരിമണ്ണൂർ. |
| | ൨൭. കുന്നത്തുനാട്. | ൧. മാണിക്കമംഗലം, ൨. മഞ്ഞപ്ര, ൩. അശമന്നൂർ, ൪ കഴക്കമ്പലം, ൫. ചെമ്മനാട്, ൬ അയിക്കരനാട്, ൭. മഴുവന്നൂർ, ൮. കുന്നത്തുനാട്, ൯. വാഴക്കുളം, ൧൦. വേങ്ങോല, ൧൧. പെരുമ്പാവൂർ, ൧൨. വേങ്ങൂർ, ൧൩. ചേരാനല്ലൂർ, ൧൪. രായമംഗലം, ൧൫. തൃക്കാക്കര, ൧൬. കോതകുളങ്ങര, ൧൭. ആലുവാ. |
| | ൨൮. പറവൂർ. | ൧. വരാപ്പുഴ, ൨. ഏഴിക്കര, ൩. കോട്ടുവള്ളി ൪. പറവൂർ, ൫. വടക്കേക്കര, ൬. പുത്തൻവേലിക്കര, ൭. പുത്തൻചിറ, ൮. പാറക്കടവ്, ൯. ഇടപ്പള്ളിവടക്കുംഭാഗം, ൧൦. ഇടപ്പള്ളിതെക്കുംഭാഗം, ൧൧. അയിരൂർ, ൧൨. ആലങ്ങാട്, ൧൩. കുട്ടങ്ങല്ലൂർ, ൧൪. ചെമ്മനാട്. |
| ൪. ദേവികുളം | ൨൯. ദേവികുളം. | ൧. നാച്ചിവയൽ, ൨, മറയൂർ, ൩. കീഴാന്തൂർ, ൪. കാന്തല്ലൂർ, ൫. കൊട്ടാക്കൊമ്പൂർ, ൬. വട്ടവട, ൭. കണ്ണൻദേവൻമല, ൮. പൂപ്പാറ, ൯. ഉടുമ്പൻചോല, ൧൦. പള്ളിവാസൽ, ൧൧. ആനക്കുളം. |
| | ൩൦. പീരുമേട്. | ൧. ക്ലാപ്പാറ, ൨. പെരുവന്താനം, ൩. പീരുമേട്, ൪. പെരിയാറ്, ൫. വണ്ടമേട്. |

# അദ്ധ്യായം ൧൩.

## പ്രധാന സ്ഥലങ്ങൾ.

ജനസംഖ്യകൊണ്ടോ കച്ചവടംകൊണ്ടോ മറെറന്തെങ്കിലും വിശേഷംകൊണ്ടോ കീർത്തിക്ക് അവകാശമുള്ള സ്ഥലങ്ങളെയാണ് പ്രധാന സ്ഥലങ്ങൾ എന്നു പറഞ്ഞുവരുന്നത്. അയ്യായിരത്തിലധികം ആളുകൾ കുടിപാർപ്പുള്ള നഗരങ്ങളെ പട്ടണങ്ങൾ എന്നു വിളിക്കുന്നു.

## മുഖ്യപട്ടണങ്ങൾ.

൧. തിരുവനന്തപുരം:—ഇത് ഇവിടത്തെ ഏററവും വലിയ പട്ടണവും സംസ്ഥാനത്തിൻെറ തലസ്ഥാനവുമാകുന്നു.

ഇതിൻെറ കിടപ്പ് പടിഞ്ഞാറെതീരത്തുകൂടിയുള്ള ജലമാർഗ്ഗത്തിൻെറ തെക്കെ അററത്താണ്. മഹാരാജാവു തിരുമനസ്സുകൊണ്ട് ഇവിടെ കവടിയാർകുന്നുകൊട്ടാരത്തിൽ എഴുന്നള്ളിപ്പാർക്കുന്നു. റസിഡണ്ടുബംഗ്ലാവും, ഹജൂർകച്ചേരിയും, കാളേജുകളും, ജനറൽ അശുപത്രിയും, കാഴ്ചബംഗ്ലാവും അവിടവിടെയായി സ്ഥിതിചെയ്യുന്നു. രാജ്യരക്ഷയ്ക്കായി ഒരു നായർപട്ടാളവും ഇവിടെ കിടപ്പുണ്ട്. ഈ പട്ടണം അനേകം ചെറിയ കുന്നുകളാലും അവയുടെ മുകളിലുള്ള വിശേഷതരമായ പല ബംഗ്ലാവുകളാലും മനോഹരമായി അലങ്കരിക്കപ്പെട്ടിരിക്കുന്നു. പട്ടണത്തിൻെറ പ്രധാനഭാഗങ്ങൾ:—കോട്ടയ്ക്കകം, ചാല, കരമന, മണക്കാട്ട്, പെരുന്താന്നി, പേട്ട, പാളയം, വഞ്ചിയൂർ, തയ്ക്കാട്ട്, തമ്പാനൂർ. കോട്ടയ്ക്കകത്തു ശ്രീപത്മനാഭസ്വാമിക്ഷേത്രവും പത്മതീർത്ഥവും കൊട്ടാരങ്ങളും സ്ഥിതിചെയ്യുന്നു. തമ്പാനൂരാണ് പ്രധാന റെയിൽവേസ്റ്റേഷൻ. ഇവിടത്തെ ഗംഭീരകെട്ടിടം പട്ടണത്തിന് ഒരു അലങ്കാരമാണ്. ഇതാണ് തെക്കൻഇൻഡ്യൻ റെയിൽപാതയുടെ തെക്കേഅററം. ചാലയും പാളയവുമാണ് മുഖ്യ കച്ചവടസ്ഥലങ്ങൾ. കല്പാലക്കടവും ചാക്കയും രണ്ടു വള്ളക്കടവുകളാകുന്നു. പടിഞ്ഞാറുള്ള വലിയതുറ ഈ പട്ടണത്തിൻെറ തുറമുഖമാണ്. ഇവിടെ ഒരു കടൽപ്പാലം പണിതീർത്തിട്ടുണ്ട്. തിരുവനന്തപുരത്തു വിദ്യുച്ഛക്തിവിളക്കു സ്ഥാപിച്ചുകഴിഞ്ഞിരിക്കുന്നു. കരമനയാററിൽ അരുവിക്കരനിന്ന് കുഴൽവെള്ളം കൊണ്ടുവന്നു പട്ടണത്തിൽ പരത്തുന്നുണ്ട്. വൈസ്രോയി വില്ലിംഗ്ടൻപ്രഭുവിൻെറ സന്ദർശന സ്മാരകമായി ഈ പദ്ധതിക്ക് വില്ലിംഗ്ടൻവർക്ക്സ് എന്നു നാമകരണം ചെയ്യപ്പെട്ടിരിക്കുന്നു.

൨. കൊല്ലം:—ഇതു കേരളത്തിലേക്കു വളരെ പുരാതനമായ ഒരു തുറമുഖവും പട്ടണവുമാണ്. അഷ്ടമുടിക്കായലിൻെറ തെക്കുവശത്തു കിടക്കുന്നു. ഇവിടത്തെ കച്ചവടം മുമ്പിനാലെതന്നെ പല അന്യരാജ്യക്കാരെയും ആകർഷിച്ചിട്ടുണ്ട്. കുറച്ചുമുമ്പുവരെ ഇവിടെ ഒരു ബ്രിട്ടീഷു പട്ടാളംകിടന്നിരുന്നു. ഈ പട്ടണത്തിനെ മിക്കവാറും ചുററിക്കിടക്കുന്ന കായലുകളും അവയുടെ കരകളിലുള്ള തേവള്ളിക്കൊട്ടാരം, ആശ്രാമത്തുറസിഡൻസി, കുരിവിപ്പുഴ ബംഗ്ലാവു മുതലായ കെട്ടിടങ്ങളും മനോഹരങ്ങളാണ്. ഇവിടെനൂലുണ്ടാക്കുന്നതിനും ഓടുണ്ടാക്കുന്നതിനും എണ്ണയാട്ടുന്നതിനും ആവിയന്ത്രശാലകളും കച്ചവടത്തിനു വലിയ കമ്പോളങ്ങളും ഉണ്ട്. റെയിൽപ്പാത നടപ്പിൽവന്നതോടുകൂടി കച്ചവടം അഭിവൃദ്ധികരമായിവരുന്നു. പട്ടണത്തിൽ ഇപ്പോൾ വിദ്യുച്ഛക്തിവിളക്കു സ്ഥാപിച്ചിട്ടുണ്ട്.

൩. ആലപ്പുഴ:—ഇത് സംസ്ഥാനത്തിൻെറ പ്രധാന തുറമുഖവും കച്ചവടത്തിൻെറ മുഖ്യ ഇരിപ്പിടവുമാകുന്നു. കിടപ്പ് വേമ്പനാട്ടുകായലിൻെറ തെക്കേ അററത്താണ്. ഇതു സ്ഥാപിച്ചത് 'രാജാകേശവദാസൻ' ആകുന്നു. ൯൩൬-ാമാണ്ടാണ് കച്ചവടം ആരംഭിച്ചത്. കപ്പലുകൾക്കു മിക്കവാറും കാലങ്ങളിൽ ഇവിടെ സുഖമായി അടുത്തുകിടക്കാം. കപ്പലിൽനിന്ന് കരയ്ക്കും കരയിൽനിന്ന് കപ്പലിലേയ്ക്കും സാമാനങ്ങൾ കയററി ഇറക്കുന്നതിനു സൌകര്യത്തിനായി ഒരു കടൽപ്പാലം പണികഴിച്ചിട്ടുണ്ട്. മലഞ്ചരക്കുകൾ അധികം ശേഖരിക്കപ്പെടുന്നതും കച്ചവടം ചെയ്യപ്പെടുന്നതും ഇവിടെയാണ്. കയറു പിരിക്കുന്നതിനും എണ്ണ ആട്ടി എടുക്കുന്നതിനും മററും യന്ത്രശാലകൾ ഇവിടെ സ്ഥാപിച്ചിട്ടുണ്ട്. ഇവിടെയുള്ള ദീപസ്തംഭം കപ്പലോട്ടക്കാർക്ക് വളരെ ഉപകാരമുള്ളതാണ്. തെക്കു കൊല്ലവും വടക്കു കൊച്ചിയുമായി മോട്ടാർബോട്ടുസർവ്വീസു നടക്കുന്നു. കൊച്ചിയുമായി ടെലഫോണും ഉണ്ട്.

൪. നാഗർകോവിൽ:—ഇത് ലണ്ടൻമിഷ്യൻ സംഘക്കാരുടെ പ്രധാന സ്ഥലമാകുന്നു. ആരുവാമൊഴിയിൽനിന്നു ഏകദേശം ൭-മൈൽ തെക്കുപടിഞ്ഞാറാണ് കിടപ്പ്. ഇവിടെലണ്ടൻമിഷ്യൻവക ഒരു കാളേജും, രക്ഷാസൈന്യക്കാരുടെ വക ഒരു പ്രസിദ്ധപ്പെട്ട ആശുപത്രിയും ഉണ്ട്. മിഷ്യൻകാരുടെ പരിശ്രമമാണ് ഈ പട്ടണത്തിൻെറ അഭിവൃദ്ധിക്കു മുഖ്യകാരണം. ഇവിടത്തെ മണിമാളിക പട്ടണത്തിന് ഒരു അലങ്കാരമാകുന്നു. കോട്ടാർ, വടിവീശ്വരം, വടശ്ശേരി എന്നീ ജനബാഹുല്യമുള്ള ഗ്രാമങ്ങൾ നാഗർകോവിലിനെ ചുററിക്കിടക്കുന്നു. നാഗർകോവിൽ കൊട്ടാ

രത്തിൽവെച്ചാണ് ലഹളക്കാരനായ കുഞ്ചൂത്തമ്പി വധിക്കപ്പെട്ടത്. ഇവിടെയും വിദ്യുച്ഛക്തി വിളക്കുണ്ട്.

൭. കോട്ടയം:—ഇത് വേമ്പനാട്ടുകായലിന്റെ തെക്കുകിഴക്കുവശത്താണ് കിടക്കുന്നത്. ചർച്ചുമിഷ്യൻ സംഘക്കാരുടെ പ്രധാനസ്ഥലവും സുറിയാനിക്രിസ്ത്യാനികളുടെ മുഖ്യ ഇരിപ്പിടവും ഇതാകുന്നു. മലയാളരാജ്യത്തിലേക്ക് ഏററവും പഴക്കമുള്ള ഒരു സുറിയാനിപ്പള്ളി ഇവിടെയുണ്ട്. ചർച്ചുമിഷ്യൻവക ഒരു കാളേജും ഒരച്ചടിശാലയും ഉള്ളവ പരിഷ്കൃതസ്ഥിതിയിലിരിക്കുന്നു. പീരുമേടു മുതലായ കാപ്പിത്തോട്ടങ്ങളുമായി ഇവിടെ പ്രബലമായ കച്ചവടം നടക്കുന്നുണ്ട്. വിദ്യുച്ഛക്തി വിളക്ക് ഇവിടെയും സ്ഥാപിച്ചിരിക്കുന്നു.

൯. കായംകുളം:—ഇത് പണ്ട് കായംകുളംരാജാവിന്റെ തലസ്ഥാനമായിരുന്നു. വടക്കു കൊച്ചിക്കും തെക്ക് കൊല്ലത്തിനും ഇടയ്ക്കുള്ള ജലമാർഗ്ഗത്തിൽ കായംകുളംകായലിന്റെ തെക്കുകിഴക്കേക്കോണിൽ കിടക്കുന്നു. സ്ഥാനസൌകര്യംകൊണ്ടും ഇവിടെനിന്നും ചെങ്കോട്ടവഴി തിരുനെൽവേലിക്കു റോഡുള്ളതുകൊണ്ടും കച്ചവടത്തിനു വളരെ ഉതകുന്ന ഒരു പട്ടണമാണ്. ഇവിടെ ഒരു പഴയ ക്രിസ്ത്യാനിപ്പള്ളിയുണ്ട്. ഇതിനു ചുററും താമസിക്കുന്ന നായന്മാർ പണ്ടത്തെ പടവീരന്മാരുടെ സന്താനങ്ങൾ ആണ്. ആണ്ടുതോറും മിഥുനമാസത്തിൽ ഇതിനടുത്തുവച്ച് നടത്തുന്ന ഓച്ചിറക്കളി പഴയ യുദ്ധകാലത്തെ അനുസ്മരിപ്പിക്കുന്നു.

ചെങ്കോട്ട, തിരുവല്ലാ, ചങ്ങനാശ്ശേരി, ആലുവാ, പറവൂർ, കുളച്ചൽ, പത്മനാഭപുരം, കുഴിത്തുറ, നെയ്യാററുങ്കര, ആററുങ്ങൽ, ഹരിപ്പാട്, മാവേലിക്കര, വൈക്കം ഇവയും പട്ടണങ്ങളായി ഗണിക്കപ്പെട്ടിട്ടുണ്ട്.

## ചന്തകളും കച്ചവടസ്ഥലങ്ങളും.

മേൽവിവരിച്ച വലിയ പട്ടണങ്ങളിൽ എല്ലാം കച്ചവടങ്ങൾ ഏറക്കുറെ പ്രബലമായ രീതിയിൽ നടക്കുന്നുണ്ട്. ആലപ്പുഴയും, കൊല്ലവും, കോട്ടാറും പ്രത്യേകം പ്രസിദ്ധിക്ക് അർഹതയുള്ളവയാണ്. ചന്തകളിൽവച്ച് ഒന്നാമത്തെ സ്ഥാനത്തിന് അവകാശമുള്ളത് ചങ്ങനാശ്ശേരി ചന്തയാകുന്നു. ഇവിടെ ബുധനാഴ്ചയും ശനിയാഴ്ചയുമാണ് ചന്ത കൂടാറുള്ളത്. തിരുവാതിരച്ചന്തയും ഓണച്ചന്തയും ഉള്ള ബഹളം കണ്ടനുഭവിക്കേണ്ടതാണ്. കൊച്ചി, ആലപ്പുഴ, കായംകുളം മുതലായ സ്ഥലങ്ങളിൽനിന്നും ചന്തതോറും അനവധി ആളുകൾ ഇവിടെ എത്തുന്നു. മററു ചന്തകളിൽ

പ്രധാനം നാഗർകോവിലിനടുത്തുള്ള കറിക്കോപ്പുകൾക്കു പ്രസിദ്ധപ്പെട്ട കനകമൂലച്ചന്തയും, കന്നുകാലികൾക്കു പ്രസിദ്ധപ്പെട്ട ഇരണിയലിനു സമീപമുള്ള തിങ്കളാഴ്ചച്ചന്തയും, കിഴങ്ങുവർഗ്ഗങ്ങൾ ധാരാളം കച്ചവടം ചെയ്യുവരുന്ന കുന്നത്തൂർ താലൂക്കിലെ ശാസ്താംകോട്ടച്ചന്തയും, പറക്കോട്ടച്ചന്തയും ആകുന്നു. ഇവ കൂടാതെ പത്തനംതിട്ടയിലെ ഓമല്ലൂരും കൊട്ടാരക്കരയിലെ വെളിനല്ലൂരും ആണ്ടിലൊരിക്കലുള്ള ചന്തകൾക്കു പ്രത്യേകംകീർത്തിപ്പെട്ടവയാണ്.

## ദേവാലയങ്ങൾ.

ഈ സംസ്ഥാനത്തിൽ പ്രസിദ്ധി ധാരാളമുള്ളവയായി അനേകം വലിയ ക്ഷേത്രങ്ങൾ ഉണ്ട്. അവയിൽ പ്രാധാന്യം കൂടിയവ കന്യാകുമാരിയിലെ ഭഗവതിക്ഷേത്രവും, ശുചീന്ദ്രത്തെ സ്ഥാണുമാലയപ്പെരുമാൾക്ഷേത്രവും, തിരുവനന്തപുരത്തെ (അനന്തശയനം) ശ്രീപത്മനാഭസ്വാമിക്ഷേത്രവും അമ്പലപ്പുഴ കൃഷ്ണസ്വാമിക്ഷേത്രവും, ആറന്മുള പാർത്ഥസാരഥിക്ഷേത്രവും, വൈക്കത്തെ ശിവക്ഷേത്രവും, ആകുന്നു. കന്യാകുമാരിഭജനം, ശുചീന്ദ്രത്തെ തേരോട്ടം, തിരുവനന്തപുരത്തു ലക്ഷദീപം, അമ്പലപ്പുഴ ഉത്സവം, ആറന്മുള വള്ളംകളി, വൈക്കത്തഷ്ടമി ഇവയെപ്പററി കേൾക്കാത്തവർ ഉണ്ടോ എന്നു സംശയമാണ്. തിരുവനന്തപുരത്തിനടുത്തുള്ള തിരുവല്ലം ശ്രാദ്ധാദികൾക്കു വിശേഷിച്ചും യോഗ്യതയുള്ളതാണ്. മലവാരത്തുള്ള വീരണകാവ്, കുളത്തൂപ്പുഴ, ആര്യങ്കാവ്, ശബരിമല ഇവ ശാസ്താക്കളുടെ പ്രതിഷ്ഠാസ്ഥലങ്ങളും പുണ്യഭൂമികളും ആകുന്നു. കൽക്കുളം താലൂക്കിൽ കുളച്ചലിനടുത്തുള്ള "മണ്ടയ്ക്കാട്ടു" ഭഗവതിക്ഷേത്രം വളരെ പ്രസിദ്ധിയുള്ളതാണ്. കുംഭമാസത്തിലെ മണ്ടയ്ക്കാട്ടുകൊടയ്ക്കു ഇവിടെ വളരെ ആളുകൾ കൂടുന്നു.

ക്രിസ്ത്യാനികളുടെ പള്ളികളിൽവെച്ചു പ്രാധാന്യം കൂടിയവ കോട്ടാററിനരികിലുള്ള ശബരിയാർകോവിലും, കായംകുളത്തും നിരണത്തും ചങ്ങനാശ്ശേരിയിലും കോട്ടയത്തും പുതുപ്പള്ളിയിലും മലയാററൂരും ഇടപ്പള്ളിയിലും ഉള്ള പള്ളികളും ആകുന്നു. ഏററവും പുരാതനമായ നിരണത്തു സുറിയാനിപ്പള്ളി പുതുക്കി ഭംഗിയായി പണികഴിപ്പിച്ചിട്ടുണ്ട്. മഹമ്മദീയരുടെ പള്ളികളിൽ പഴക്കവും പ്രാധാന്യവും കൂടിയതു തിരുവിതാംകോട്ടെ പള്ളിയാകുന്നു.

## സുഖവാസസ്ഥലങ്ങൾ.

മലമുകളിലുള്ള ദേവികുളം പീരുമേട് പൊൻമുടി മുത്തുക്കുഴി ഇവ വേനൽക്കാലത്തു യൂറോപ്യന്മാരുടെയും ആലുവാ,

ആറന്മുള, ശാസ്താംകോട്ട, വക്കലെ, കന്ന്യാകുമാരി ഇവ നാട്ടുകാരുടേയും സുഖവാസസ്ഥലങ്ങൾ ആകുന്നു. തിരുവനന്തപുരത്തിനടുത്തുള്ള കോവളം, പട്ടണവാസികൾ വിശ്രമത്തിനായി ഉപയോഗിച്ചുവരുന്നു. വക്കലെയും അതിന് ഉചിതമായിട്ടുള്ളതാണ്. ഗോസായികൾ ഈ സ്ഥലത്തിനെ "ജനാദ്ദനം" എന്നു വിളിക്കുന്നു. ഇവിടത്തെ ചൂരൽവേലകൾ പ്രസിദ്ധപ്പെട്ടവയാണ്. സകലരാലും ആദരണീയമായ കുററാലം ചെങ്കോട്ടയ്ക്കരികിൽ ബ്രിട്ടീഷുരാജ്യത്തിൽ കിടക്കുന്നു.

## മററു വിശേഷസ്ഥലങ്ങൾ.

**ആരുവാമൊഴി:**—ഇതു തിരുനെൽവേലിയിലേക്കു കടക്കുന്ന അതിത്തിവാതിൽ എന്നു പറയപ്പെടുന്നു. ഇവിടെ ഒരു ചവുക്കയുണ്ട്. അതിത്തിരക്ഷയ്ക്കുണ്ടായിരുന്ന ഒരു കോട്ടയുടെ അവശിഷ്ടങ്ങളും ഉണ്ട്.

**അഴകിയപാണ്ടിപുരം:**—തോവാളത്താലൂക്കിൽ നാഞ്ചിക്കുറവന്മാരാൽ ഭരിക്കപ്പെട്ടുവന്നിരുന്ന നാഞ്ചിനാടിൻെറ തലസ്ഥാനമായിരുന്നു.

**കന്ന്യാകുമാരി:**—ഇതു് തിരുവിതാംകൂറിലെ എന്നല്ല ഇൻഡ്യാരാജ്യത്തിലെ ഏററവും തെക്കേ അററത്തെ കോടിയാകുന്നു. കോടിയുടെ അററത്താണ് പ്രസിദ്ധപ്പെട്ട ഭഗവതിക്ഷേത്രം. ഇവിടെ സമുദ്രത്തിൽ തീത്ഥസ്നാനം ചെയ്യുന്നതിനു് വിശേഷമാതിരിയിൽ കടവുകൾ തീത്തിട്ടുണ്ട്.

**തിരുവിതാംകോട്:**—കൽക്കുളം താലൂക്കിലുള്ള ഈ പഴയ പട്ടണമാണ് സംസ്ഥാനത്തിൻെറ പേരിനു കാരണമായതു്. ഇവിടെ മുൻപ് ഒരു രാജധാനിയുണ്ടായിരുന്നു. ഇവിടത്തെ മഹമ്മദീയപള്ളി ഒരു പുണ്യസ്ഥലമായി ഗണിക്കപ്പെട്ടിരിക്കുന്നു. ഇതിനടുത്തു് ഒരു കരിങ്കൽസ്തംഭം കാണുന്നുണ്ട്. ഇതിൽ പണ്ടത്തെ "പുലപ്പേടി" "മണ്ണാപ്പേടി" ഇവയെ നിറുത്തിയിരിക്കുന്നുവെന്നു രേഖപ്പെടുത്തിയിരിക്കുന്നു.

**നെയ്യാററുങ്കര:**—നായന്മാരുടെ വീടുകൾ അധികമുള്ള ഒരു നല്ല ചെറിയ പട്ടണം. ഇവിടത്തെ കൃഷ്ണസ്വാമിക്ഷേത്രവും വരിക്കപ്ലാവും ചരിത്രപ്രസിദ്ധങ്ങളാണ്. ക്ഷേത്രത്തിലെ കൃഷ്ണസ്വാമിവിഗ്രഹം കമനീയമായിട്ടുള്ളതാകുന്നു.

**ആററുങ്ങൽ:**—ഇതു പണ്ടു് ഒരു രാജ്ഞിയാൽ തിരുവിതാംകൂറിലേക്കു കൊടുക്കപ്പെട്ടതാണ്. നമ്മുടെ തമ്പുരാട്ടിമാരുടെ പൊ

ത്തുകുടുംബമായി ഇപ്പോൾ വിചാരിക്കപ്പെട്ടുവരുന്നുണ്ട്. അതുകൊണ്ടാണ് ആററുങ്ങൽ മൂത്തതമ്പുരാൻ, ഇളയതമ്പുരാൻ എന്നു വിളിക്കപ്പെടുന്നതു് ആററുങ്ങലും അതിനെ തൊട്ടുകിടക്കുന്ന നാ പകുതികളും ശ്രീപാദം വകയാണ്. ആററിങ്ങലിനു വടക്കുകിഴക്കു കിടക്കുന്ന കിളിമാനൂർ പകുതി കിളിമാനൂർ കോയിത്തമ്പുരാന്മാൎക്കു വിട്ടുകൊടുത്തിരിക്കുന്നു. പ്രസിദ്ധപ്പെട്ട ചിത്രമെഴുത്തു രവിവൎമ്മ കോയിത്തമ്പുരാൻ ആ വംശത്തിലെ അംഗമായിരുന്നു.

അഞ്ചുതെങ്ങ്:— ഇവിടെയാണ് ഉദ്ദേശം ൨൫൦ കൊല്ലത്തിനുമുമ്പിൽ ഇംഗ്ലീഷുകാരുടെ ആദ്യപണ്ടകശാല സ്ഥാപിച്ചതു്. റാബർട്ട ആംസ് എന്ന പ്രസിദ്ധ ചരിത്രകാരൻ ജനിച്ചതും ഇവിടെയാണ്. ഇവിടത്തെ കോട്ടയും ശവകുടീരങ്ങളും ഓൎമ്മസ്ഥാപനങ്ങളും യൂറോപ്യൻസഞ്ചാരികളെ ആകൎഷിക്കുന്നുണ്ട്.

വൎക്കല:— ക്ഷേത്രത്തിനും പുണ്യതീൎത്ഥത്തിനുമുള്ള പ്രസിദ്ധിക്കു പുറമേ, ഭൂഗൎഭശാസ്ത്രജ്ഞന്മാരുടെ അന്വേഷണങ്ങൾക്കു രസകരമായ ഒരു സ്ഥലമാണ് ഇതു്. ഇവിടെയുള്ള രണ്ടു കുന്നുകളിൽ തുരങ്കങ്ങൾ ഉണ്ടാക്കി വടക്കും തെക്കുമുള്ള തോടുകളെ യോജിപ്പിച്ചിരിക്കുന്നു. ഇതിനു സമീപത്താണ് ശ്രീനാരായണഗുരുവിനാൽ പ്രതിഷ്ഠിക്കപ്പെട്ട ശിവഗിരിക്ഷേത്രം.

ചെങ്ങന്നൂർ:- ഇതു് മലയാളബ്രാഹ്മണർ അധികമുള്ള സ്ഥലമാണ്. ഇവരിൽ പ്രധാനി വഞ്ഞിപ്പുഴതമ്പുരാനാകുന്നു. ഇവിടത്തെ ക്ഷേത്രത്തിലെ ൨൮ ദിവസത്തെ ഉത്സവവും തൃപ്പൂത്താറാട്ടും പ്രത്യേകം പ്രസിദ്ധിയുള്ളവയാണ്.

അമ്പലപ്പുഴ:- ഇതു് കുട്ടനാട്ടിലെ പഴയ പട്ടണമാണ്. ചെമ്പകശ്ശേരിരാജാക്കന്മാരുടെ തലസ്ഥാനമായിരുന്നു. ചെമ്പകശ്ശേരിരാജാവും കായംകുളം രാജാവും തമ്മിൽ യുദ്ധമുണ്ടായ ഒരു സ്ഥലമാണ് കായംകുളത്തിനടുത്തുള്ള ഓച്ചിറ പടനിലം. എല്ലാ മിഥുനമാസത്തിലും ഒന്നും രണ്ടും തീയതികളിൽ ഈ യുദ്ധത്തിന്റെ ഓൎമ്മയെ നിലനിൎത്തുന്നതിനായി ഒരു പോൎക്കളി നടത്തുന്നുണ്ട്. അപ്പോൾ വലിയ കച്ചവടമുണ്ടായിരിക്കും.

കല്ലൂപ്പാറ, തൃക്കുന്നപ്പുഴ:—തിരുവല്ലാത്താലൂക്കിൽ ചേൎന്ന കല്ലൂപ്പാറയും ഏഴുമററൂരും, കാൎത്തികപ്പള്ളിയിലുൾപ്പെട്ട തൃക്കുന്നപ്പുഴയും ഇടപ്പള്ളിത്തമ്പുരാന്റെ വകയാണ്. രണ്ടും തെങ്ങിനു പ്രസിദ്ധപ്പെട്ടിരിക്കുന്നു.

മാവേലിക്കര:—ഇതു് മുൻപു ടിപ്പുവിനെ പേടിച്ചു മലബാറിൽനിന്നു് ഓടിപ്പോന്ന രാജാക്കന്മാരുടെ അഭയസ്ഥാനമായിരുന്നു. ഇപ്പോഠം ഇവിടെ ഒരു രാജവംശം താമസമുണ്ടു്. ഇതിനടുത്തുള്ള ചെട്ടികുളങ്ങരക്ഷേത്രത്തിലെ കെട്ടുകാഴ്ച പ്രസിദ്ധിയുള്ളതാണു്.

ആയ്യൂരു്:—അലപ്പുഴയ്ക്കു അല്പം വടക്കുള്ള ഈ സ്ഥലത്തു "മൺറോ"സായ്പിന്റെ ഓർമ്മയ്ക്കായി ഒരു ദീപസ്തംഭം പണിയിച്ചിട്ടുണ്ടു്.

പൂഞ്ഞാർ:—മീനച്ചൽതാലൂക്കിൽ ചേന്ന പൂഞ്ഞാറു് ഒരു ഇടപ്രഭുവിന്റെ വകയാണു്. ഭൂമി പലവിധ കൃഷികഠംക്കു വളരെ ഉപയോഗപ്പെടുന്നു. ഇവിടത്തെ ഒരു ഇളയരാജാവാണു് അറുങ്ങൽ കൊച്ചുതമ്പുരാൻ കാത്തികതിരുനാഠം തിരുമനസ്സിലെ പള്ളിക്കെട്ടു കഴിച്ചിരിക്കുന്നതു്.

അരൂക്കുററി:—ഇതു് വേമ്പനാട്ടുകായലിന്റെ വടക്കെ അററത്തു് കൊച്ചിയിലതിത്തിയിൽ കിടക്കുന്നു. കായൽവഴി കൊണ്ടുവരപ്പെടുന്ന ചരക്കുകഠംക്കുള്ള വടക്കേ അതിത്തിയിലെ ചുങ്കസ്ഥലമാണു്. മുമ്പു ഇവിടെ ഒരു ഒന്നാംക്ലാസു് മജിസ്റ്റ്രേട്ടുകോടതി ഉണ്ടായിരുന്നു. തെക്കേ അതിത്തിയിലെ ചുങ്കസ്ഥലം അരുവാമൊഴി ആകുന്നു.

ആലുവാ:—പെരിയാററിന്റെ തീരത്തുള്ള ഈ സുഖവാസസ്ഥലം വേനൽക്കാലത്തു കേരളത്തിലെ നാനാഭാഗങ്ങളിൽനിന്നും ജനങ്ങളെ ആകർഷിക്കുന്നു. ഇവിടത്തെ റെയിൽപ്പാതയും സ്റ്റേഷനും തീന്നതോടുകൂടി നാഠംക്കുനാഠം ഇതു് അഭിവൃദ്ധിയെ പ്രാപിച്ചുവരുന്നു. കുംഭമാസത്തിലെ ശിവരാത്രി ഇവിടത്തെ ഒരു പ്രധാന ഉത്സവദിവസമാണു്. അനവധി ആളുകഠം അന്നു മണൽപ്പുറത്തു കൂടും. കച്ചവടവും പ്രബലമായി നടക്കുന്നു. ഇതിനു അല്പം മുകളിൽനിന്നു് പെരിയാററിലെ വെള്ളം കുഴൽവഴി കൊച്ചീസംസ്ഥാനത്തിലെ തലസ്ഥാനമായ എറണാകുളത്തേക്കു കൊണ്ടുപോകുന്നു. ശ്രീശങ്കരാചാൎയ്യരുടെ ജന്മഭൂമിയും പുണ്യസ്ഥലവുമായ കാലടി ഇതിന്റെ കിഴക്കുമാറി ആററരികിൽ കിടക്കുന്നു. ഈയിടെ ആലുവാപ്പുഴയ്ക്കു വടക്കായി ക്രിസ്ത്യൻ സംഘക്കാർ ഒരു ഒന്നാംഗ്രേഡ്കാളേജ്ജു് സ്ഥാപിച്ചിട്ടുണ്ടു്. ആലുവായ്ക്കു അല്പം തെക്കു് ആററരുകിൽ "മുട്ടിക്കൽ" എന്ന സ്ഥലത്തു ഒരു തീപ്പെട്ടിവ്യവസായശാല പ്രവത്തിച്ചു തുടങ്ങിയിരിക്കുന്നു.

**പറവൂർ:**—ഇതു് പറവൂർ രാജാക്കന്മാരുടെ തലസ്ഥാനമായിരുന്നു. പണ്ടു അതിർത്തിരക്ഷയ്ക്കു് ഒരു പട്ടാളം കിടന്നിരുന്നു. ഇപ്പോൾ ഒരു ജില്ലാക്കോടതിയും ഒരു വലിയ ഇംഗ്ലീഷ്പള്ളിക്കൂടവുമുണ്ടു്. ജനങ്ങൾ പരിശ്രമശീലന്മാരും ഉത്സാഹികളുമാകുന്നു.

**പള്ളിവാസൽ:**—ഇതു് ദേവികുളം താലൂക്കിന്റെ തെക്കു പടിഞ്ഞാറേ ഭാഗത്തു കിടക്കുന്നു. ഇവിടെ പെരിയാററിന്റെ പോഷകനദിയായ മുതിരപ്പുഴയാററിലുള്ള ഒരു വലിയ വെള്ളച്ചാട്ടത്തെ ആധാരമാക്കി മഹത്തരമായ വിദ്യുച്ഛക്തി വേലകൾ നടത്തുന്നതിനു പണികൾ നടന്നുവരുന്നു. ഇവ പൂത്തിയായാൽ വടക്കു ആലുവാ മുതൽ തെക്കു തിരുവല്ലാവരെ വിദ്യുച്ഛക്തിപ്രവാഹം ഉണ്ടായിരിക്കുന്നതാണു്.

# വിജ്ഞാപനം.

| | ച. | കാ. |
|---|---|---|
| ഭൂമിശാസ്ത്രം 1-ാംപുസ്തകം 2-ാംക്ലാസ്സിലേക്ക് | 4 | 0 |
| സി. ആർ. കൃഷ്ണപിള്ള ബി. എ., എൽ. ററി. | | |
| ടി 2-ാം പുസ്തകം 3-ാംക്ലാസ്സിലേക്ക് ടി | 4 | 0 |
| ടി 3-ാം പുസ്തകം 4-ാംക്ലാസ്സിലേക്ക് ടി | 8 | 0 |
| മദ്രാസ് ഭൂമിശാസ്ത്രം (ഏ. ഗോപാലമേനോൻ) | 7 | 2 |
| ടി ടി (കെ. ചിദംബരയ്യർ) | 6 | 0 |
| തിരുവിതാംകൂർ ചരിത്രകഥകൾ (കെ. ആർ കൃഷ്ണപിള്ള) | 7 | 2 |
| രാജ്യഭരണം 1-ാംപുസ്തകം ടി | 3 | 0 |
| ടി 2-ാംപുസ്തകം ടി | 4 | 0 |
| ടി 3-ാംപുസ്തകം ടി | 4 | 0 |
| ഭൂലോകവിവരണം | 10 | 11 |
| ഭൂവിവരണം 1-ാംഭാഗം ഏഷ്യാ, യൂറോപ്പ്, ആഫ്റിക്കാ (ഏ. ഗോപാലമേനോൻ) | 24 | 0 |
| ടി 2-ാംഭാഗം അമെരിക്ക, ഓഷ്യാനിയ ടി | 21 | 6 |
| മുഖപാഠം (കഥനം) 3-ാംക്ലാസിലേക്ക് | 4 | 0 |
| ടി ടി 4-ാംക്ലാസിലേക്ക് | 4 | 0 |
| ഗണിതശാസ്ത്രം 3-ാംക്ലാസ്സ് (കെ. സുന്ദരമയ്യർ എം. ഏ; എൽ. ടി.) | 7 | 0 |
| ടി 4-ാംക്ലാസ്സ് ടി | 8 | 0 |
| ടി 5-ാംക്ലാസ്സ് ടി | 12 | 0 |
| ടി 6-ാംക്ലാസ്സ് ടി | 14 | 0 |
| ടി 7-ാംക്ലാസ്സ് ടി | 16 | 0 |

മാനേജർ, എസ്സ്. ആർ. ബുക്കഡിപ്പോ,
പുത്തൻചന്ത, തിരുവനന്തപുരം.